ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 സെപ്റ്റംബർ 2021 ലക്കം 09

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം

1. ഇടയലേഖനം Prot. No.383/2021 ........ 05
2. കച്ചേരിക്കാര്യം ........ 12
3. അനുസ്മരണം ശ്രീ. മാത്യു ജെ കൊച്ചുപറമ്പിൽ ........ 16
4. വിശ്വാസപരിശീലനം ........ 18
5. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 27
6. ചെറുപുഷ്പ മിഷൻലീഗ് ........ 30
7. തിരുബാലസഖ്യം ........ 36
8. യുവജനശുശ്രൂഷ ........ 38
9. കുടുംബപ്രേഷിതത്വം ........ 45
10. വിദ്യാഭ്യാസ ഏജൻസി ........ 51
11. വിമൽജ്യോതി വാർത്തകൾ ........ 54
12. സാൻജോസ് അക്കാഡമി ........ 56
13. ADAM ........ 56
14. എ.കെ.സി.സി. ........ 58
15. നിർമ്മലഗിരി വാർത്തകൾ ........ 60
16. ഇൻഫാം വാർത്തകൾ ........ 65
17. മദ്യവിരുദ്ധ പ്രസ്ഥാനം ........ 67
18. സാമൂഹ്യസേവനവേദി ........ 69
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 73
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിമറ്റം പിതാവ്) ........ 76
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 78
22. Programme of the Auxiliary Bishop Mar Joseph Pamplany ........ 82

Prot. No.383 /2021; Pastoral Letter No. 02/2021

# ഇടയലേഖനം

*ദൈവകൃപയാൽ*

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

മാർ ജോർജ് ഞറളക്കാട്ട്

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

പരി. അമ്മയുടെ പിറവിതിരുന്നാളാണല്ലോ സെപ്റ്റംബർ 8-ാം തീയതി. നമ്മുടെ ഭവനങ്ങളിലും ഇടവകകളിലും പരി. അമ്മയുടെ പിറവിതിരുനാളിന് ഒരുക്കമായി നമ്മൾ എട്ടുനോമ്പ് ആചരിക്കാറുണ്ട്. നിങ്ങൾക്ക് നല്ല എട്ടു നോമ്പ് ആശംസിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ വി. യൗസേപ്പിതാവിന്റെ വർഷാചരണം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച 'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക പ്രബോധനം അവസാനിക്കുന്നത് ഈ വർഷം കുടുംബവർഷമായി ആചരിക്കണം എന്ന ആഹ്വാനത്തോടെയാണ്. ഈ പശ്ചാത്തലത്തിൽ ക്രൈസ്തവ കുടുംബത്തെപ്പറ്റി ഏതാനും കാര്യങ്ങൾ എഴുതണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നമുക്ക് ഏറെ പ്രിയപ്പെട്ട ഇടമാണ് നമ്മുടെ കുടുംബം. കുടുംബം സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനഘടകമാണ്. കുടുംബത്തെപ്പറ്റി സഭയ്ക്ക് എന്നും വളരെ ഉദാത്തമായ ദർശനങ്ങളാണുള്ളത്. രണ്ടാം വത്തിക്കാൻ കൗൺസിലിലും അതിനുശേഷമുള്ള പരി. മാർപാപ്പമാരുടെ പ്രബോധനങ്ങളിലും ഇത് വളരെ വ്യക്തമാണ്. ആദിമാതാപിതാക്കളായ ആദത്തെയും ഹവ്വായെയും സൃഷ്ടിച്ചുകൊണ്ട് ദൈവം കുടുംബത്തിന് അടിത്തറപാകി. സന്താന പുഷ്ടിയുള്ളവരായി പെരുകുവിൻ, ലോകത്തെ കീഴടക്കുവിൻ എന്ന ഉത്തരവാദിത്വവും അവരെ ഏൽപ്പിച്ചു. ദൈവഹിതാനുസരണം ജീവിച്ച ധാരാളം കുടുംബങ്ങളെ പഴയ നിയമത്തിൽ നമുക്ക് കാണാം. നസ്രത്തിലെ കുടുംബത്തിൽ വി. യൗസേപ്പിന്റെയും പരി. മറിയത്തിന്റെയും മകനായി ജനിച്ച

ഈശോയിലൂടെ കുടുംബത്തിന് പുതിയ മാനവും അർത്ഥവും ദൈവം നല്കി. നസ്രസ്സിലെ തിരുക്കുടുംബം നമുക്കെല്ലാം ഉത്തമമാതൃകയായി. കാനായിലെ വിവാഹവിരുന്നിൽ പങ്കെടുത്തുകൊണ്ട് വിവാഹത്തെ ഈശോ ഒരു കൂദാശയായി ഉയർത്തി. ഈശോയുടെ പ്രബോധനങ്ങളെ പിഞ്ചെന്ന് അപ്പസ്തോലന്മാരും ശിഷ്യരും പിന്നീട് സഭയും കുടുംബത്തെപ്പറ്റി പഠിപ്പിക്കുകയുണ്ടായി.

## എന്താണ് കുടുംബം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ജനതകളുടെ പ്രകാശം എന്ന പ്രമാണരേഖയിൽ കുടുംബത്തെ ഗാർഹികസഭ (Domestic Church) യെന്ന് വിശേഷിപ്പിക്കുന്നത് (L.G.11). എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിൽ വി. പൗലോസ് ഇതേപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട് (എഫേ. 5:22). യേശുവിനോടും സഭയോടുമാണ് ഭർത്താവിനെയും ഭാര്യയെയും തുലനം ചെയ്യുന്നത്. സഭയെ സ്ഥാപിക്കുകയും, സഭയെ നിഷ്ക്കളങ്കയും നിർമ്മലയും പരിശുദ്ധയുമായി സൂക്ഷിക്കുവാനുമായി ഈശോ തന്നെത്തന്നെ കുരിശിൽ ബലിയർപ്പിച്ചു. സഭയാകട്ടെ എക്കാലവും വിശ്വസ്തതയോടും വിധേയത്വത്തോടും കൂടി ഈശോയോട് ചേർന്ന് നില്ക്കുന്നു. ഭവനവെഞ്ചരിപ്പ് വേളയിൽ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനയും ഇത് വ്യക്തമാക്കുന്നു. "കർത്താവേ, സഭയുടെ മൗലികഘടകമായ കുടുംബത്തെ അനുഗ്രഹിക്കണമേ" എന്ന്. ഓരോ അപ്പനും അമ്മയും ഭാര്യയും ഭർത്താവും ഇക്കാര്യം ഓർക്കേണ്ടതുണ്ട്.

1981-ൽ വി. ജോൺപോൾ പാപ്പ പുറപ്പെടുവിച്ച 'കുടുംബം ഒരു കൂട്ടായ്മ' (FAMILIARIS CONSORTIO) എന്ന അപ്പസ്തോലിക ലേഖനത്തിൽ കുടുംബത്തെ കൂട്ടായ്മ എന്നാണ് വിശേഷിപ്പിക്കുന്നത്. നമ്മുടെ വിശ്വാസത്തിന്റെ അടിത്തറയായ ത്രിയേക ദൈവത്തിന്റെ കൂട്ടായ്മ കഴിഞ്ഞാൽ ഈ ഭൂമിയിൽ ഏറ്റവും വലിയ കൂട്ടായ്മ കുടുംബമാണ്. വലിയ മാതാപിതാക്കളും കൊച്ചുമാതാപിതാക്കളും മക്കളുമടങ്ങുന്ന കുടുംബം സ്നേഹത്തിന്റെ വലിയ കൂട്ടായ്മയാണ്. സകലതും പങ്കുവയ്ക്കുന്ന ഇടം. ഈശോയാണ് ഈ കൂട്ടായ്മയ്ക്ക് കാരണം. ഫ്രാൻസീസ് പാപ്പ 2014-ൽ എല്ലാ കുടുംബങ്ങൾക്കുമായി ഒരു കത്ത് എഴുതുകയുണ്ടായി. 'സ്നേഹത്തിന്റെ വറ്റാത്ത ഉറവിടമാണ് ഈശോ' എന്ന് പാപ്പ ഈ കത്തിൽ പറയുന്നു. ഈ ഈശോയോട് ബന്ധപ്പെട്ട് നില്ക്കുമ്പോഴാണ് നമ്മുടെ കുടുംബങ്ങൾ സ്നേഹത്തിന്റെ കൂട്ടായ്മയാവുക. കുടുംബത്തിൽ സ്നേഹം നിരന്തരം പരിപോഷിക്കപ്പെടണം.

ഇതേ അപ്പസ്തോലിക ലേഖനത്തിൽ പരിശുദ്ധ പിതാവ് കുടുംബത്തെ ദൈവാലയമായും ചിത്രീകരിക്കുന്നു. നമ്മുടെ ഭവനങ്ങൾ ദൈവാലയമാണ്. ദൈവമക്കൾ ഒരുമിച്ച് വസിക്കുന്നിടം. ഒരു വീട് പണിതാൽ നാം അതിനെ വെഞ്ചരിച്ച് ഈശോയ്ക്ക് പ്രതിഷ്ഠിക്കുന്നു. അന്നു മുതൽ ഈശോ ആ ഭവനത്തിന്റെ കർത്താവാകുന്നു. കുടുംബമാകുന്ന ദൈവാലയത്തിൽ മാതാപിതാക്കൾ തങ്ങളുടെ ജീവിതം മക്കൾക്കായി ബലിയർപ്പിക്കുന്നു. അവർ ബലിവസ്തുവും ബലി അർപ്പകരുമായി മാറുന്നു. എല്ലാ ജീവിതാന്തസ്സിലും എന്നപോലെ കുടുംബജീവിതത്തിലും സഹനങ്ങളുണ്ടാകാം. പ്രയാസങ്ങൾ, പ്രശ്നങ്ങൾ, വെല്ലുവിളികൾ, രോഗങ്ങൾ, പരാജയങ്ങൾ, സാമ്പത്തികക്ലേശങ്ങൾ, സ്നേഹ അഭാവങ്ങൾ തുടങ്ങിയവ കുടുംബജീവിതത്തിന്റെ ഭാഗങ്ങളാണ്. സഹനമനസ്സോടെ, ദൈവത്തിൽ ആശ്രയിച്ച് ഇവയെ നേരിടുമ്പോൾ കുടുംബം ബലിവേദിയായി മാറും. സഹനത്തിന്റെ ഒരു മാനം എല്ലാ കുടുംബങ്ങളിലുമുണ്ട്. അവയോട് സർഗ്ഗാത്മകമായ ഒരു സമീപനം സ്വീകരിക്കുന്നതിലൂടെ നമ്മുടെ കുടുംബങ്ങളെ ദൈവാലയങ്ങളാക്കി മാറ്റാൻ കഴിയും.

'സഭ ആധുനിക ലോകത്തിൽ' എന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തിൽ കുടുംബത്തെ 'പഠനക്കളരി' എന്നാണ് വിശേഷിപ്പിക്കുന്നത്. "ഉത്കൃഷ്ടതരമായ മനുഷ്യത്വത്തിന്റെ വിദ്യാലയമെന്ന് കുടുംബത്തെ വിളിക്കാം" (GS No.52). ഉത്കൃഷ്ടതരമായ മനുഷ്യത്വം, വിശ്വാസത്തിന്റെ ബാലപാഠങ്ങൾ, ആത്മാർത്ഥമായ സ്നേഹം എന്നിവ നമുക്ക് ലഭിച്ചതും ലഭിക്കുന്നതും കുടുംബത്തിൽനിന്നാണ്. മാതാപിതാക്കളാണ് ആദ്യ അദ്ധ്യാപകർ.

## കുടുംബം - വിവാഹത്തിലൂടെ രൂപപ്പെടുന്നു

പ്രിയ സഹോദരങ്ങളെ,

കുടുംബം രൂപംകൊള്ളുന്നത് വിവാഹത്തിലൂടെ ഭാര്യയും ഭർത്താവും ഒരുമിച്ച് ജീവിക്കാൻ ആരംഭിക്കുമ്പോഴാണ്. നമ്മൾ വിവാഹത്തെ പവിത്രമായി കരുതുന്നു. നമുക്കത് വെറുമൊരു സാമൂഹ്യ ചടങ്ങല്ല. അതിനേക്കാൾ ഉപരി ആത്മീയമായ കർമ്മമാണ്. വിവാഹം ദൈവവിളിയാണ്. ദൈവമാണ് വ്യക്തികളെ ഈ ജീവിതാന്തസ്സിലേക്ക് വിളിച്ചത്. ദൈവേഷ്ടപ്രകാരം തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലൂടെയാണ് അവർ വിശുദ്ധീകരിക്കപ്പെടുന്നത്, നിത്യജീവിന് അർഹരാകുന്നത്. വിവാഹം ഒരേ സമയം ഉടമ്പടിയുമാണ്. ജീവിതകാലം മുഴുവൻ ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്ന് ദൈവസമക്ഷം എടുത്ത പ്രതിജ്ഞ അതിനെ ഉടമ്പടിയാക്കുന്നു. ഏകത്വവും അവിഭാ

ജ്യതയും ഈ ഉടമ്പടിയുടെ രണ്ട് സവിശേഷതകളാണ്. എല്ലാ വിവാഹിതരും ഇക്കാര്യങ്ങൾ ഓർക്കണം. ഒപ്പം വിവാഹം കൂദാശയുമാണ്. വിവാഹം എന്ന കൂദാശയിലൂടെ ജീവിതം മുഴുവൻ ദൈവകൃപയിൽ ജീവിക്കാനുള്ള പ്രാപ്തി ദമ്പതികൾക്ക് ലഭിക്കുന്നു. അവരുടെ ജീവിതത്തിലെ സകല സത്കർമ്മങ്ങളും ദൈവകൃപ ലഭ്യമാക്കുന്ന നീർച്ചാലുകളായി മാറുന്നു. വിവാഹമെന്ന കൂദാശയിലൂടെ ദമ്പതികൾ ദൈവത്തോടൊപ്പം സൃഷ്ടികർമ്മത്തിലും, ഈശോയോടൊപ്പം രക്ഷണീയ കർമ്മത്തിലും പങ്കാളികളാകുന്നു. അവർ രക്ഷയുടെ ഉപകരണങ്ങളായി മാറുന്നു. ഇതിനായി അവർ ഈശോയോട് ചേർന്ന് ജീവിക്കണം, സഭയിൽ കൗദാശിക ജീവിതം നയിക്കുന്നവരാകണം. ഓരോ കുടുംബവും പ്രാർത്ഥനയുടെ ഭവനങ്ങളായി മാറണം. സ്നേഹത്തിന്റെയും കരുതലിന്റെയും പ്രാർത്ഥനയുടെയും ചൈതന്യം എല്ലാ ഭവനങ്ങളിലും സൃഷ്ടിക്കപ്പെടണം.

## കുടുംബത്തിന്റെ ലക്ഷ്യങ്ങൾ

'കുടുംബം ഒരു കൂട്ടായ്മയിൽ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ കുടുംബത്തിന്റെ ലക്ഷ്യങ്ങളായി നാല് കാര്യങ്ങൾ വി. ജോൺ പോൾ രണ്ടാമൻ വ്യക്തമാക്കുന്നു (FC No.18).

ക്രൈസ്തവ കുടുംബത്തിന്റെ പ്രഥമ ലക്ഷ്യം വ്യക്തികളുടെ സമൂഹത്തെ രൂപപ്പെടുത്തുകയാണ്. ഭാര്യയും ഭർത്താവും, മാതാപിതാക്കളും മക്കളും കുടുംബാംഗങ്ങളും തമ്മിൽ സ്നേഹിക്കുന്നതിലൂടെയാണ് ഇത് സംജാതമാകുന്നത്. ഭർത്താവും ഭാര്യയും ഏകശരീരമാകാൻ, ഏകമനസ്സാകാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ്. ഇത് സാധിക്കുന്നത് പരസ്പരസ്നേഹത്തിലൂടെയാണ്.

രണ്ടാമത്തെ ലക്ഷ്യം കുടുംബം മനുഷ്യജീവന് നല്കുന്ന വിവിധ ശുശ്രൂഷകളാണ്. കുഞ്ഞുങ്ങൾക്ക് ജന്മം നല്കി അവരെ ദൈവമക്കളായി വളർത്തുക, മക്കൾക്ക് ഉത്തമവും ഉചിതവുമായ വിദ്യാഭ്യാസം നല്കുക, ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ പകർന്നു നല്കുക, ഉചിതമായ ലൈംഗിക വിദ്യാഭ്യാസം നല്കുക, കുട്ടികൾക്ക് ആവശ്യമായ മതബോധനം നല്കുക തുടങ്ങിയവ കുടുംബത്തിന്റെ കടമയാണ്.

ദൈവം നല്കുന്ന മക്കളെ സ്വീകരിക്കാനും വളർത്തുവാനും ദമ്പതികൾ കടപ്പെട്ടിരിക്കുന്നു. ക്രൈസ്തവകുടുംബങ്ങളിൽ കൂടുതൽ കുഞ്ഞുങ്ങൾ ജനിക്കേണ്ടത് ആവശ്യമാണ്. സമുദായത്തിന്റെ നിലനിൽപ്പിനും, കുഞ്ഞുങ്ങളുടെ സമഗ്രമായ വികസനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വലിയ കുടുംബങ്ങൾ ഏറെ ആവശ്യമാണ്. ക്രൈസ്തവ കുടുംബങ്ങളിലെ ജനനനിരക്ക് അപകടകരമാംവിധം കുറ

വാണ്. ഈ വർഷം ആരംഭത്തിൽ നമ്മുടെ അതിരൂപതയിൽ നടത്തിയ സർവ്വേയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. 2010-ൽ നമ്മുടെ അതിരൂപതയിലെ ജനസംഖ്യ 2,94,757 ആയിരുന്നു. പുതിയ സർവ്വേ അനുസരിച്ച് ഇത് 2,69,460 ആണ്. 10 വർഷംകൊണ്ട് ജനസംഖ്യ 25000ലധികം കുറവ് വന്നിട്ടുണ്ട്. 18 വയസ്സിനും താഴെയുള്ളവർ 23.81% മാത്രമായിരിക്കുമ്പോൾ 19നും 44 നും ഇടയിൽ പ്രായമുള്ളവരാണ് 38%. ജനനനിരക്ക് കുറയുകയും മരണനിരക്ക് കൂടുകയും ചെയ്യുന്നു എന്ന് സർവ്വേ ഫലങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഓരോ കുടുംബങ്ങളിലും ചുരുങ്ങിയത് മൂന്ന് മക്കളെങ്കിലും ഉണ്ടാകണം. ജീവനെ ഹനിക്കുന്ന എല്ലാവിധ തിന്മകളിൽനിന്നും വിട്ടുനില്ക്കുവാൻ ദമ്പതികൾ പ്രത്യേകം ശ്രദ്ധിക്കണം. ഗർഭഛിദ്രം, വന്ധ്യംകരണം, കൃത്രിമജനനനിയന്ത്രണ മാർഗ്ഗങ്ങളുടെ ഉപയോഗം എന്നിവ ജീവനെതിരായ വലിയ തിന്മകളാണ്.

നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കാൻ നമ്മുടെ അതിരൂപതയിലെ കുടുംബപ്രേഷിത ഡിപ്പാർട്ടുമെന്റ് പലപരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാവർഷവും ഇത്തരത്തിലുള്ള കുടുംബങ്ങളെ ഒരുമിച്ച് ചേർത്ത് ജീവോത്സവം എന്ന പരിപാടി നടത്തുന്നുണ്ട്. നാലാമത്തെയും തുടർന്നും ജനിക്കുന്ന മക്കളുടെ മാമ്മോദീസ അഭിവന്ദ്യപിതാക്കന്മാർ നടത്തുക, അവരുടെ പഠനത്തിന് സ്കോളർഷിപ്പ് നല്കുക, നാലാമത്തെയും തുടർന്നുമുള്ള കുട്ടികളുടെ പ്രസവ ചിലവുകൾ രൂപതയുടെ ഹോസ്പിറ്റലിൽ സൗജന്യമായും നമ്മുടെ സന്ന്യാസ സമൂഹങ്ങൾ നടത്തുന്ന ആശുപത്രികളിൽ ന്യായമായ ഇളവുകളോടെയും നടത്തുക, നാലാമത്തെ കുട്ടി മുതലുള്ളവരുടെ പഠന ചിലവ് എല്ലാവരുടെയും സഹകരണത്തോടെ നടത്തുക, അവർക്കായി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക എന്നീ കാര്യങ്ങൾ രൂപതയുടെ ആഭിമുഖ്യത്തിൽ ചെയ്തുവരുന്നുണ്ട്. ഈ വർഷം മുതൽ കുടുംബപ്രേഷിത വകുപ്പിന്റെ നേതൃത്വത്തിൽ ഏറ്റം സാമ്പത്തികസഹായം അർഹിക്കുന്ന ഇത്തരം കുടുംബങ്ങളിലെ ഒരു കുട്ടിക്ക് 12-ാം ക്ലാസ്സിനുശേഷമുള്ള ഉപരിപഠനത്തിന് നിശ്ചിത തുക സ്കോളർഷിപ്പായി നല്കുന്നുണ്ട്. ഈ പദ്ധതികളോട് സന്മനസ്സുള്ളവർ ഉദാരമായി സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തട്ടെ. കൂടാതെ മൂന്നിലധികം കുട്ടികളുള്ള കുടുംബങ്ങളിൽനിന്ന് +2 വിന് സയൻസ് വിഷയങ്ങളിൽ 90% ത്തിന് മുകളിൽ മാർക്ക് നേടിയ കുട്ടികൾക്ക് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംങ് കോളേജിൽ നിശ്ചിത വിഭാഗങ്ങളിൽ സൗജന്യമായ പഠനസൗകര്യം ഒരുക്കുന്നതാണ്.

സമൂഹത്തിന്റെ വികസനപരമായ പ്രവർത്തനങ്ങളിൽ എല്ലാ കുടുംബങ്ങളും പങ്കാളികളാകണമെന്നതാണ് കുടുംബത്തിന്റെ മൂന്നാമത്തെ ലക്ഷ്യം (FC. No. 42-48). കാരണം കുടുംബമാണ് സമൂഹത്തിന്റെ സജീവവും അടിസ്ഥാനപരവുമായ ഘടകം. അതുപോലെ സഭയുടെ ജീവനിലും ദൗത്യത്തിലും പങ്കാളികളാകാനും ഓരോ കുടുംബവും വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് കുടുംബങ്ങളുടെ നാലാമത്തെ ലക്ഷ്യം. ഓരോ കുടുംബവും വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന സമൂഹമായി മാറണം. ദൈവവുമായി പ്രാർത്ഥനയിലൂടെ ഓരോ കുടുംബവും നിരന്തര സമ്പർക്കത്തിലാകണം. തങ്ങളുടെ സഹോദരങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായുള്ള സഭയുടെ യത്നങ്ങളിൽ നിരന്തരം പങ്കാളികളാകാനും കുടുംബങ്ങൾ ശ്രദ്ധിക്കണം.

വിവാഹം ആജീവനാന്തം നിലനിൽക്കാൻ ഉദ്ദേശിച്ചുള്ള ബന്ധമാകയാൽ ഇതിനുവേണ്ടിയുള്ള നല്ല ഒരുക്കവും അന്വേഷണവും മാതാപിതാക്കളുടെയും വിവാഹാർത്ഥികളുടെയും ഭാഗത്തുനിന്നുണ്ടാകണം. സാമ്പത്തിക മാനദണ്ഡങ്ങൾ മാത്രം പരിഗണിച്ചും, വേണ്ടത്രസമയവും അന്വേഷണവും ഒരുക്കവും കൂടാതെയും നടത്തുന്ന വിവാഹങ്ങൾ പരാജയപ്പെടുന്നതായി കാണുന്നുണ്ട്. നമ്മുടെ അതിരൂപതയിൽ വിവാഹത്തിന് ഒരുക്കമായി നടത്തുന്ന കോഴ്സ് വിവാഹാർത്ഥികൾക്ക് ഏറെ ഗുണപ്രദമാണ്. ഇതിൽ സജീവമായി പങ്കാളികളാകാൻ ബന്ധപ്പെട്ടവർ ശ്രമിക്കണം. ഇപ്രകാരം നടത്തുന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റുകൾ വിവാഹാവസരംവരെ സാധുവാണ്. വിവാഹം ഉറപ്പിക്കൽ, ഒത്തുകല്ല്യാണം, വിവാഹം എന്നീ കർമ്മങ്ങൾ വേണ്ടത്ര ജാഗ്രതയോടെ നടത്താനും നമ്മൾ ശ്രദ്ധിക്കണം. വിവാഹം ഉറപ്പിച്ചതിനുശേഷം ഉടനേ തന്നെ അവർ വിവാഹിതരെപ്പോലെ പെരുമാറുന്നതും, അത്തരത്തിലുള്ള ഫോട്ടോകളും, വീഡിയോകളും എടുക്കുന്നതും, അതിരുവിട്ടബന്ധങ്ങളിലേക്ക് വരുന്നതും പലതരത്തിലുമുള്ള അപകടങ്ങൾ ക്ഷണിച്ചുവരുത്താൻ സാധ്യതയുള്ളതിനാൽ ഉപേക്ഷിക്കണം. നമ്മുടെ വിവാഹചടങ്ങുകളിൽ ഫോട്ടോകളും, വീഡിയോകളും എടുക്കാൻ വരുന്നവരെ തിരഞ്ഞെടുക്കുന്നതിൽ നമ്മൾ ശ്രദ്ധയുള്ളവരാകണം. വിശ്വാസജീവിതം നയിക്കുന്നവരും, ദൈവാലയത്തിന്റെയും കൂദാശകളുടെയും പവിത്രതയ്ക്ക് യോജിച്ച വിധത്തിൽ പെരുമാറുവാൻ അറിയുന്നവരുമായിരിക്കണം അവർ. വിശ്വാസികളെത്തന്നെ ഇക്കാര്യങ്ങൾ ഏല്പിക്കുന്നതാണ് ഉചിതം.

എല്ലാ കുടുംബങ്ങളും ഏറെ സങ്കീർണ്ണതകളിലൂടെയാണ് കടന്നു പോകുന്നത്. കുടുംബങ്ങളെ നശിപ്പിക്കുന്ന ഏറെ പ്രവണതകൾ ഇന്ന് സമൂഹത്തിലുള്ളതിനാൽ കുടുംബങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധാലുക്കളാകണം. ദമ്പതികളെ സഹായിക്കുന്നതിനുള്ള വിവിധങ്ങളായ സെമിനാറുകൾ, കോഴ്സുകൾ, ധ്യാനങ്ങൾ എന്നിവ ഇടവക തലങ്ങളിൽ ക്രമീകരിക്കപ്പെടണം. കുടുംബപ്രേഷിതത്വത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'ബിബ്ലിയ ഫമീലിയ' എന്ന ബൈബിൾ പഠന കോഴ്സ്, വയോജനങ്ങൾക്കായുള്ള സഖറിയാസ് കൺവെൻഷൻ തുടങ്ങിയ സംരംഭങ്ങളിൽ ഭാഗഭാക്കാകാനും കുടുംബങ്ങൾ ശ്രദ്ധിക്കണം. എല്ലാ കുടുംബങ്ങളെയും ഞാൻ സ്നേഹത്തോടെ ഓർക്കുന്നു. കുടുംബങ്ങൾക്ക് വേണ്ടി എല്ലാ ദിവസവും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. നമ്മുടെ കുടുംബങ്ങൾ പ്രാർത്ഥനയുടെ കുടുംബങ്ങളായി തീരണം. പ്രാർത്ഥനയിലൂടെ സ്നേഹത്തിന്റെ വറ്റാത്ത ഉറവിടമായ ഈശോയുമായി നിരന്തരം സമ്പർക്കത്തിലായിരിക്കണം നമ്മുടെ കുടുംബങ്ങൾ.

പരിശുദ്ധ അമ്മയുടെ പിറവിതിരുന്നാളിനൊരുക്കമായി അതിരൂപതയുടെ ധ്യാനകേന്ദ്രമായ മദർഹോമിനോട് ചേർന്ന് ഫാമിലി അപ്പോസ്റ്റോലേറ്റ് സെപ്റ്റംബർ 4 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം 6 മുതൽ 7.30 വരെ നടത്തുന്ന ഓൺലൈൻ കുടുംബധ്യാനത്തിൽ (ഗ്രാസിയ -2021) എല്ലാ കുടുംബങ്ങളും പങ്കുചേരുമല്ലോ.

നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മാതൃക ഉൾക്കൊണ്ട് നമ്മുടെ കുടുംബങ്ങളും പരസ്പര സ്നേഹത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഒരുമിച്ചുള്ള പ്രാർത്ഥനയുടെയും മറ്റുള്ളവരോടുള്ള കരുതലിന്റെയും ഇടമായി തീരട്ടെയെന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു. കുടുംബറാണിയായ പരി. അമ്മയുടെയും നമ്മുടെ അതിരൂപതാ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും മാധ്യസ്ഥ്യം നമ്മുടെ കുടുംബങ്ങളെ ബലപ്പെടുത്തട്ടെ. കർത്താവ് നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

തലശ്ശേരി
25-08-2021

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ ഇടയലേഖനം 2021 സെപ്റ്റംബർ മാസം 5-ാം തീയതി ഞായറാഴ്ച ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

Prot. No. 0923/2021

# ഇടയലേഖനം

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്*

*കർദിനാൾ ജോർജ്ജ് ആലഞ്ചേരി*

*തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും*

*മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും*

*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന*

*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

*ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!*

പുതിയ റാസ കുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണ രീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസി കളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരു മാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങ ളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ.

-ഫ്രാൻസിസ് മാർപാപ്പാ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986-ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായ കമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധ നക്രമകർമങ്ങളും ഏകീകൃത രൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണ ഫലപ്രാപ്തി യിലെത്തിയില്ല. 1999-ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ

ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നു കൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചു കൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാ അസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചു കൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അത്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മെയ് 4-ന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9-ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9-ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെതുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർസഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്.

ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോമല ബാർസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവ ത്രിക സഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വ സ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (*cum Petro et sub Petro*) സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നു തന്നിട്ടുള്ളത്. 1934-ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത് തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ് എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (*CCEO*, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമ തീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (*SC*, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (*SC*, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ് (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം

സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (*DV*, 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ വിശ്വാസപ്രമാണത്തിനു ശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാനസ്വീകരണത്തിനുശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും

സമാപനാശീർവാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ട താണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christus et altera Ecclesia*). ക്രിസ്തീയ ജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ കർത്താവിലേക്കു തിരിയുന്നതായി (*conversiad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly)നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ

ഏറ്റുപറയാം. അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടുനയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർഗ്ഗമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തിയ്യതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വര

ങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതികശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സാമൂഹിക മാധ്യമങ്ങളിലൂടെ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

Prot. No. 0922/2021

## Decision of the Synod on the Implementation of the Revised Text & Uniform Mode of Celebration of Holy *Qurbana*

1. The Synod of Bishops of the Syro-Malabar Church unanimously decided to begin the celebration of Holy *Qurbana* using the revised text (*editio typica*) with the *recognitio* of the Apostolic See (Letter of the Oriental Congregation, Prot. N. 248/2004, dated 9 June 2021) with effect from the First Sunday of the Season of Annunciation (28 November 2021).

2. The Synod unanimously accepts the exhortation of the HolyFather Pope Francis through his letter dated 3 July 2021, addressed to the bishops, clergy, religious and laity of the Syro-Malabar Church, to implement the uniform mode of celebration of the Holy *Qurbana* in all eparchies in the Syro-Malabar Church as decided by the November 1999 Synod and reiterated by the Synodal Sessions in 2020 and approved by the Congregation for the Eastern Churches (Prot. N. 1796/99, dated 17 December 1999; Prot. N. 248/2004 dated 9 November 2020 & 9 June 2021) together with the implementation of the revised text of Holy *Qurbana* from the First Sunday (28 November) of the Season of Annunciation 2021. The Congregation through its letter dated 9 June 2021 has specified the uniform mode of celebration as follows: "the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar - in the same direction that the faithful are facing - for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion" (Prot. N. 248/2004).

3. The bishops of certain Eparchies who expressed their difficulties to implement the decision in the whole eparchy will, abiding by the above mentioned decisions, introduce the uniform mode of celebration starting with the cathedrals, pilgrim centers, religious communities, possible parishes, minor seminaries and other formation centers on 28 November 2021 itself. By effective catechesis, the uniform mode shall be gradually introduced in the whole eparchy as early as possible, not later than Easter 2022 (17 April 2022).

4. In this regard, the directives from the Congregation for the Eastern Churches in its letter dated 09 November 2020 (Prot. N. 248/2004) about dispensation by eparchial bishops as per provisions of CCEO c. 1538 § 1 are to be followed. The Congregation states: "precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 § 1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons".

5. From the First Sunday of Annunciation 2021, all the Bishops will celebrate the Holy *Qurbana* in the uniform mode everywhere in the Syro-Malabar Church.

6. Apostolic Visitation in Europe, the Syro-Malabar Communities in Gulf countries and other places where the Syro-Malabar Church does not have jurisdiction, all the bishops and priests will celebrate the Holy *Qurbana* in the uniform mode.

7. The Synod should think of formulating an effective liturgical catechesis catering to the specific needs of the new mission areas.
8. The options given to the celebrant shall not be reserved by eparchial bishops as it is clarified by the Congregation for the Eastern Churches through its letter dated 9 November 2020 (Prot. N. 248/2004).
9. Innovations in Liturgy in matters like rituals, vestments, symbols, prayers etc. are to be introduced only with the consent of the Synod of Bishops of the Syro-Malabar Church.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas Kakkanad on 27 August 2021.

**Cardinal George Alencherry**
Major Archbishop of the Syro-Malabar Church




## 1. പുതിയ നിയമനങ്ങൾ

| | | |
|---|---|---|
| ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട് | വികാരി | കടുമേനി |
| ഫാ. ജേക്കബ് പഞ്ഞിക്കുന്നേൽ | പ്രോ. വികാരി | മുണ്ടാനൂർ |
| ഫാ. ജോസഫ് മുണ്ടപ്ലാക്കൽ | അസി. വികാരി | വായാട്ടുപറമ്പ് |
| ഫാ. മാത്യു ഡാനിയേൽ എച്ച്ജിഎൻ | അസി. വികാരി | ചെമ്പേരി |
| ഫാ. മാത്യു മംഗലത്തിൽ സി.എസ്.ടി. | അസി. വികാരി | ചെറുപുഴ |

## 2. അഭിനന്ദനങ്ങൾ

റവ. ഡോ. മാണി മേൽവെട്ടം- പെരിയയിലുള്ള കേന്ദ്ര സർവ്വകലാശാലയിൽനിന്നും സോഷ്യൽ വർക്കിൽ ഡോക്ടർബിരുദം കരസ്ഥമാക്കിയ ബഹുമാനപ്പെട്ട മാണി മേൽവെട്ടം അച്ചന് അഭിനന്ദനങ്ങൾ. "നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ വൈകാരിക, പെരുമാറ്റ തലങ്ങളിൽ പേരന്റിംഗിന്റെ സ്വാധീനം" എന്നതായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണവിഷയം.

## 3. വൈദികരുടെ വിൽപത്രം

ഇനിയും ഏതാനും വൈദികർകൂടി വിൽപത്രം എഴുതി നല്കാനുണ്ട്. വിൽപത്രം എഴുതുന്നതിന്റെ ഒരു മാതൃക അതിരൂപതാ നിയമാവലി പേജ് 237-ൽ നല്കിയിട്ടുണ്ട്. തയ്യാറാക്കിയ വിൽപത്രങ്ങൾ ഒരു കവറിലിട്ട് ഒട്ടിച്ച് കവറിനുമുകളിൽ അച്ചന്റെ പേരും വീട്ടുപേരും 'വിൽപത്രം' എന്നും എഴുതി മറ്റൊരു കവറിലിട്ട് ചാൻസലറച്ചന്റെ പേരിൽ അയക്കുമല്ലോ. സെപ്റ്റംബർ മാസത്തിൽ തന്നെ വിൽപത്രങ്ങൾ തയ്യാറാക്കി അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 4. ഇടവകകളിലെ രേഖകളുടെ പരിശോധന

വൈദികരുടെ റിഫ്രഷർ കോഴ്സിന്റെ അവസരത്തിൽ അഭിവന്ദ്യ പിതാവ് ജൂലൈ-ഓഗസ്റ്റ് മാസങ്ങൾ ഡോക്യുമെന്റേഷൻ മാസമായി ആചരിക്കാൻ ആവശ്യപ്പെട്ടിരുന്നല്ലോ. എല്ലാ ഇടവകകളിലും ആധാരങ്ങളും മറ്റ് രേഖകളും ക്രമപ്പെടുത്തിക്കാണും എന്ന് കരുതുന്നു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഫൊറോന വികാരിയച്ചന്മാർ ഇട

വകകൾ സന്ദർശിച്ച് രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ച് എല്ലാം കൃത്യമാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**5. പുതിയ അഡ്രസ്സും ഫോൺ നമ്പറുകളും**


1. ഫാ. ജോസഫ് വലിയകണ്ടം 6238943520
2. ഫാ. തോമസ് മാപ്പിളപറമ്പിൽ (സീനിയർ)
   Pfr. Thomas Mappilaparambil
   Louisen str. 30
   27749 Delmenhorst, Germany
3. ഫാ. തോമസ് വേങ്ങക്കുന്നേൽ
   Pfr. Binesh Augustine
   Utta - Eberstein str. 5
   72108 Rottenburg, am neckar, Germany
   Ph. 0049 1521 6971696
4. ഫാ. മാത്യു ഇടമുളയിൽ (LLB Student, Kerala Law Academy)
   Holy Cross Church, Muttada P.O.
   Thiruvanathapuram 695 025

**6. ആദരാഞ്ജലികൾ**

**ശ്രീ ബേബി കളരിക്കൽ :** പേരട്ട ഇടവകാംഗവും തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, അതിരൂപതാ വിദ്യാഭ്യാസ ബോർഡ് അംഗം, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അതിരൂപതാ ജനറൽ സെക്രട്ടറി, മതാധ്യാപകൻ, ഫൊറോന സന്ദർശകൻ, യു.പി.സ്കൂൾ പ്രധാനാധ്യാപകൻ തുടങ്ങിയ നിലകളിൽ അതിരൂപതയുടെ അല്മായ നേതൃത്വത്തിൽ ദീർഘനാൾ സജീവമായി പ്രവർത്തിച്ചിരുന്ന ശ്രീ ബേബി കളരിക്കൽ 05-08-2021-ന് നിര്യാതനായി. പേരട്ട സെന്റ് ആന്റണീസ് ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാര കർമ്മങ്ങൾക്ക് ആർച്ചുബിഷപ്പ് മാർ ജോർജ് വലിയമറ്റം കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി എന്നിവർ ഭവനത്തിലെത്തി പ്രാർത്ഥിച്ചു. പരേതന് ആദരാഞ്ജലികളർപ്പിക്കുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.



**ഫാ. മാത്യു കാട്ടറാത്ത് (78):** മാനന്തവാടി രൂപതാംഗവും അവിഭക്തതലശ്ശേരി അതിരൂപതയിലെ ആദ്യകാല വൈദികരിലൊരാളുമായ ഫാ. മാത്യു കാട്ടറാത്ത് 2021 ആഗസ്റ്റ് 9-ാം തീയതി നിര്യാതനായി. തലശ്ശേരി മൈനർ സെമിനാരിയിൽ പഠിച്ച് 1969 ഡിസംബർ 22-ന് പൗരോഹിത്യം സ്വീകരിച്ചു. നെല്ലിക്കാംപൊയിൽ ഇടവകയിൽ അസിറ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. തേർമല, പടിയൂർ ഇടവകകളുടെ വികാരിയായി അദ്ദേഹം സേവനമനുഷ്ഠിച്ചു. പിന്നീടുള്ള സേവനമത്രയും മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിലായിരുന്നു. അദ്ദേഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾ 2021 ആഗസ്റ്റ് 9-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. മാർ ജോർജ് ഞറളക്കാട്ട്, മാർ ജോർജ് വലിയമറ്റം എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു. ബഹുമാനപ്പെട്ട മാത്യു കാട്ടറാത്ത് അച്ചന്റെ സ്തുത്യർഹമായ സേവനങ്ങളെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



**റവ. സി. ക്ലമൻസിയ കാക്കനാട്ടിൽ SH (82) :** തിരുഹൃദയസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രോവിൻസിലെ നിർമ്മലഗിരി സാൻജോസ് ഭവനാംഗമായ സി . ക്ലമൻസിയ കാക്കനാട്ടിൽ SH (82) ഓഗസ്റ്റ് 15 ന് നിര്യാതയായി. പരേത പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറ ഇടവക, പരേതരായ കാക്കനാട്ടിൽ ഈപ്പൻ വർഗ്ഗീസ് (ജോർജ്ജ്) - മറിയാമ്മ ദമ്പതികളുടെ പുത്രിയാണ്. യാക്കോബായ സഭാംഗമായിരുന്ന സി. ക്ലമൻസിയ അധ്യാപനശുശ്രൂഷയ്ക്കായി മലപ്പുറം ജില്ലയിലെ പരിയാപുരത്ത് എത്തുകയും സഹഅധ്യാപകരുടെ പ്രേഷിത തീക്ഷ്ണതയാൽ ആകൃഷ്ടയായി സന്ന്യാസദൈവവിളി സ്വീകരിക്കുവാൻ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയും തിരുഹൃദയസന്യാസിനീസമൂഹത്തിൽ വ്രതവാഗ്ദാനം ചെയ്ത് സമൂഹാംഗമായി തീരുകയും ചെയ്തു. അവിഭക്ത തലശ്ശേരി രൂപതയിലെ മരിയാപുരം, പേരാവൂർ, കല്ലാനോട്, എന്നീ സ്ഥലങ്ങളിൽ ഹിന്ദി അധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1994 ൽ അധ്യാപനശുശ്രൂഷയിൽ നിന്നും വിരമിച്ചതിനുശഷം പൈസക്കരി, നിർമ്മലഗിരി, തലശ്ശേരി, തൊക്കിലങ്ങാടി



എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തു. 2021 ജനുവരി മുതൽ നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിക്കുകയാ യിരുന്നു. സംസ്കാരം ഓഗസ്റ്റ് 16 ന് രാവിലെ 10.00 മണിക്ക് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാ വൂർ എസ്. എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തി. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുമാറാകട്ടെ. സിസ്റ്ററിന്റെ സഹോദരങ്ങൾക്കും കുടുംബാംഗങ്ങൾക്കും അതിരൂപത യുടെ പ്രാർത്ഥനകളും അനുശോചനവും അറിയിക്കുന്നു.

## 6. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഴുവഞ്ചേരി - 02-09-1985
2. റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം - 05-09-2007
3. റവ. ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ - 11-09-2020
4. റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ - 13-09-2013
5. റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ.- 15-09-1966
6. റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. - 17-09-1988
7. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) - 19-09-1979
8. റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. - 20-09-1979
9. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) - 20-09-1988
10. റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് - 22-09-1982

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# അനുസ്മരണം
# ശ്രീ. മാത്യു ജെ. കൊച്ചുപറമ്പിൽ (78)



തലശ്ശേരി അതിരൂപതയിലെ മതബോധന പ്രസ്ഥാനത്തിന് രൂപഭാവങ്ങൾ നല്കുന്നതിൽ അതുല്യമായ സംഭാവനകൾ നല്കിയ ആത്മായ പ്രേഷിതൻ ശ്രീ മാത്യു ജെ കൊച്ചുപറമ്പിൽ സാർ 2021 ആഗസ്റ്റ് 24-ന് നിര്യാതനായി.

കോട്ടയം ജില്ലയിലെ ആർപ്പൂക്കരയിൽ കൊച്ചുപറമ്പിൽ ജോസഫ്, ഏലിയാമ്മ ദമ്പതികളുടെ മകനായി 1943 ജൂലൈ 18ന് മാത്യു ജനിച്ചു. 1970 -ൽ കുടുംബം മാങ്ങോട് ഇടവകയിലേയ്ക്ക് കുടിയേറി. മതാധ്യാപകൻ, യുവജനസംഘാടകൻ, സാമൂഹ്യപ്രവർത്തകൻ, കൈക്കാരൻ തുടങ്ങിയ നിലകളിൽ ചുരുങ്ങിയകാലം കൊണ്ടുതന്നെ ഇടവകയിൽ ശ്രദ്ധേയനായി. 1973-ൽ അദ്ദേഹം പി.ഒ.സിയിൽ നടത്തിയിരുന്ന ദ്വിവത്സര ദൈവശാസ്ത്ര കോഴ്സിൽ ചേർന്നു. കോഴ്സ് പൂർത്തിയാക്കി 1975 മുതൽ അന്നത്തെ മതബോധന ഡയറക്ടറായിരുന്ന അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിനോടൊപ്പം മതബോധനകേന്ദ്രത്തിൽ പ്രവർത്തനമാരംഭിച്ചു. മൈനർ സെമിനാരിയിലെ ഒരു കൊച്ചുമുറിയിലായിരുന്നു 1981-ൽ സന്ദേശഭവൻ ഉദ്ഘാടനം ചെയ്യുന്നതുവരെ മതബോധനകേന്ദ്രം പ്രവർത്തിച്ചിരുന്നത്. അന്നത്തെ പരിമിതമായ സൗകര്യങ്ങൾക്കും അപര്യാപ്തമായിരുന്ന യാത്രാമാർഗ്ഗങ്ങൾക്കും നടുവിൽ വർദ്ധിച്ച തീക്ഷ്ണതയോടെ അദ്ദേഹം ഓടിനടന്ന് അവിഭക്ത തലശ്ശേരി രൂപതയിലെ എല്ലാ ഇടവകകളിലും പലതവണ സന്ദർശിച്ച് ക്ലാസ്സുകളും സെമിനാറുകളും നടത്തി. ഇടവകനവീകരണ സെമിനാറുകൾ, മതാധ്യാപകർക്കുവേണ്ടിയുള്ള ദ്വിവാര തീവ്രപരിശീലന കോഴ്സുകൾ, ചതുർദിന സെമിനാറുകൾ, ആമുഖസെമിനാറുകൾ, ഇടവക അജപാലന സമിതികൾക്കുള്ള പരിശീലനപരിപാടികൾ, ക്രിസ്ത്വാനുഭവസെമിനാറുകൾ തുടങ്ങി അല്മായർക്കും വൈദികർക്കും സന്യസ്തർക്കുമായി നടത്തിയ ആയിരക്കണക്കിന് പരിശീലന പരിപാടികളുടെ ഭാഗമായിരുന്നു അദ്ദേഹം. തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും നല്ല അവഗാഹമുണ്ടായിരുന്ന

മാത്യു സാറിന്റെ ക്ലാസ്സുകൾ വ്യക്തതയും ലാളിത്യവുംകൊണ്ട് ആളുകളെ ആകർഷിക്കുന്നവയായിരുന്നു.

കെസിവൈഎം അതിരൂപതാ ആനിമേറ്റർ, ടിഎസ്എസ്എസ് ഡയറക്ടർ ബോർഡംഗം, തുടങ്ങിയ നിലകളിലും പ്രവർത്തിച്ച അദ്ദേഹം 30 വർഷം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായിരുന്നു. പി.ഒ.സി. കമ്മീഷൻ അംഗം, മതബോധന ടെക്സ്റ്റ് കമ്മിറ്റി അംഗം, കെസിബിസി ഫാമിലി കമ്മീഷൻ അംഗം, കേരള സോഷ്യൽ സർവ്വീസ് ഫോറം സെൻട്രൽ കമ്മിറ്റി അംഗം, സീറോ-മലബാർ മതബോധന കമ്മീഷൻ അംഗം തുടങ്ങിയ നിലകളിൽ കേരളസഭയ്ക്ക് അദ്ദേഹം നല്കിയ സേവനം നിസ്തുലമാണ്. " മർദ്ദിതർക്ക് മോചനം" എന്ന അദ്ദേഹത്തിന്റെ കൃതി ശ്രദ്ധേയമായ ദൈവശാസ്ത്രഗ്രന്ഥമാണ്. ലേഖനസമാഹാരങ്ങളിലും മാസികകളിലുമായി അനേകം ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മൂന്നുപതിറ്റാണ്ടോളം നീണ്ട മതബോധനകേന്ദ്രത്തിലെ ശുശ്രൂഷ അവസാനിപ്പിച്ച് 2001 ഫെബ്രുവരിയിലാണ് അദ്ദേഹം വിശ്രമജീവിതത്തിലേയ്ക്ക് പ്രവേശിച്ചത്. തലശ്ശേരി അതിരൂപതയുടെ മതബോധന പ്രവർത്തനങ്ങളുടെ മാത്രമല്ല മിഷൻലീഗ്, കെസിവൈഎം, കുടുംബപ്രേഷിതത്വം, സാമൂഹ്യസേവനവിഭാഗം തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെയെല്ലാം വളർച്ചയ്ക്കു പിന്നിൽ ബഹുമാനപ്പെട്ട വൈദികരോടൊപ്പം നിന്ന് അത്യദ്ധ്വാനം ചെയ്തയാളാണ് മാത്യു കൊച്ചുപറമ്പിൽ സാർ.

അദ്ദേഹത്തിന്റെ പത്നി ശ്രീമതി ഏലിക്കുട്ടി മക്കളായ ബെന്നി, ഡോളിക്കുട്ടി, ഗ്ലോറി, ഡെന്നി എന്നിവരെയും മറ്റ് കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും അദ്ദേഹത്തിന്റെ നിസ്തുലമായ സേവനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിച്ചുകൊണ്ട് ആത്മാവിന് നിത്യശാന്തി നല്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മൃതസംസ്ക്കാരം 2021 ആഗസ്റ്റ് 26-ന് വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കാർമ്മികത്വം വഹിച്ചു. ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി എന്നിവർ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

തലശ്ശേരി അതിരൂപതയുടെ അഭിമാനമായിരുന്ന ഈ അത്മായപ്രേഷിതന് സ്നേഹാദരങ്ങളോടെ യാത്രാമൊഴി

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

സെപ്റ്റംബർ മാസം എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജന്മദിനമാണല്ലോ. പാപരഹിതയായി ജനിച്ച്, ദൈവവരപ്രസാദത്തിൽ ജീവിച്ച പരിശുദ്ധ അമ്മയെ അനുകരിച്ച് നമുക്കും വിശുദ്ധിയിൽ വളരാം. എട്ടുനോമ്പ് അനുഷ്ഠിച്ച് അമ്മയുടെ പിറവിത്തിരുന്നാളിന് ഒരുങ്ങാം.

ഏലിയാ സ്ലീവാ മൂശ കാലത്ത് മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും വി. സ്ലീവായുടെ മഹത്വത്തെയും നാം ധ്യാനവിഷയമാക്കുകയാണല്ലോ. സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. കുരിശുമരണം വഴി ഈശോ നേടിത്തന്ന രക്ഷയും ജീവനും നമുക്കും സ്വന്തമാക്കാം. വിശ്വാസം പരിശീലിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും ഈ രക്ഷയുടെ അനുഭവത്തിലേക്ക് ("രക്ഷയുടെ പാതയിൽ") നമുക്ക് നയിക്കാം.

## 1. പാദവാർഷിക പരീക്ഷ - സെപ്റ്റംബർ 19 ഞായർ

ഈ വർഷത്തെ പാദവാർഷിക പരീക്ഷ സെപ്റ്റംബർ 19-ാം തീയതി ഞായറാഴ്ചയായിരിക്കും നടത്തുന്നത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മോഡൽ പരീക്ഷയായിരിക്കും നടത്തുക. എല്ലാ ക്ലാസ്സുകൾക്കും ആദ്യത്തെ ഏഴ് അധ്യായങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളായിരിക്കും നല്കുന്നത്. മൊത്തം 100-ൽ ആയിരിക്കും മാർക്ക് കണക്കാക്കുക.

**A. മാർക്ക്വിഭജനം**

| പാഠഭാഗം | മാർക്ക് |
|---|---|
| പാഠപുസ്തകം | 60 |
| നമസ്ക്കാരം | 5 |
| ജനറൽ ചോദ്യങ്ങൾ | 5 |
| അഭ്യന്തര മൂല്യനിർണ്ണയം | 30 |

**B. അഭ്യന്തര മൂല്യനിർണ്ണയം (Internal Assessment)**

**i.** ദൈവാലയത്തിലോ, ഓൺലൈനിലൂടെയോ ഉള്ള ബലിയർപ്പണത്തിലും ആത്മീയ ദിവ്യകാരുണ്യ സ്വീകരണത്തിലും കുട്ടിയുടെ പങ്കാളിത്തം (5 മാർക്ക്).

**ii**. ഓൺലൈൻ (രക്ഷയുടെ പാതയിൽ) വിശ്വാസപരിശീലന ക്ലാസ്സുകളിലും ക്ലാസ്സ്ടീച്ചേഴ്സ് നൽകിയ ക്ലാസ്സുകളിലും (Google Meet, Whats App, Zoom, Teachmint etc.) ഗൃഹപാഠങ്ങളിലും കുട്ടിയുടെ പങ്കാളിത്തം (10 മാർക്ക്).

**iii**. രൂപതയിലെ വിവിധ സംഘടനകളിൽ നിന്നോ ഇടവകാതലത്തിലോ നടത്തിയ വിവിധ ഓൺലൈൻ പ്രോഗ്രാമുകളിൽ കുട്ടിയുടെ ഭാഗഭാഗിത്വം (5 മാർക്ക്).

**iv**. ഒന്നു മുതൽ ഏഴ് വരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കിയ മോഡൽ പരീക്ഷകളിലും വിവിധ ആക്റ്റിവിറ്റികളിലും കുട്ടികളുടെ ഭാഗഭാഗിത്വം (10 മാർക്ക്).

## C. പരീക്ഷാ സംബന്ധമായ നിർദ്ദേശങ്ങൾ

**i**. സെപ്റ്റംബർ 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയായിരിക്കും പരീക്ഷ.

**ii**. ചോദ്യപേപ്പർ ഉച്ചയ്ക്ക് 1 മണിക്ക് ബഹു. വൈദികരുടെയും പ്രധാനാധ്യാപകരുടെയും വാട്ട്സ് ആപ്പ് ഗ്രൂപ്പ് വഴി നൽകുന്നതാണ്. ചോദ്യപേപ്പർ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്നതായിരിക്കും.

**iii**. കൃത്യം 2 മണിക്ക് ആയിരിക്കണം പരീക്ഷ ആരംഭിക്കേണ്ടത്. രണ്ട് മണിക്ക് മുൻപായി ചോദ്യങ്ങൾ കുട്ടികൾക്ക് നല്കുവാനോ പരീക്ഷ നേരത്തെ നടത്തുവാനോ പാടുള്ളതല്ല.

**iv**. ബഹു. ഹെഡ്മാസ്റ്റർ 1.45-ന് ശേഷമാണ് ചോദ്യപേപ്പർ വിശ്വാസപരിശീലകർക്ക് നൽകേണ്ടത്.

**v**. വിശ്വാസപരിശീലനകേന്ദ്രം ഓരോ അധ്യായം കഴിഞ്ഞപ്പോൾ തയ്യാറാക്കി നൽകിയ മോഡൽ പരീക്ഷയിൽ നിന്നുള്ള ചോദ്യങ്ങളും ബോധ്യം, മനോഭാവം, ശീലം എന്നിവയിൽ നിന്നുള്ള ചോദ്യങ്ങളും പരീക്ഷയ്ക്കുണ്ടായിരിക്കും.

**vi**. കുട്ടികൾ ഉത്തരങ്ങൾ എഴുതി ഉത്തരക്കടലാസിന്റെ ഫോട്ടോ എടുത്ത് 4.15-നു മുൻപായി ക്ലാസ്സധ്യാപകന്റെ പേഴ്സണൽ വാട്സ്ആപ്പ് നമ്പറിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

**vii**. പരീക്ഷയ്ക്കുശേഷം അന്നുതന്നെയോ ഏറ്റവും അടുത്ത ദിവസങ്ങളിലോ ഉത്തരക്കടലാസുകൾ ശേഖരിക്കേണ്ടതാണ് (വിശ്വാസപരിശീലകർ നേരിട്ടോ വിവിധ സംഘടനകൾ, കുടുംബ കൂട്ടായ്മ, പാരിഷ് കൗൺസിൽ അംഗങ്ങൾ etc).

**viii**. പരീക്ഷ കഴിഞ്ഞ് രണ്ടാഴ്ചക്കുള്ളിൽ (സാധിക്കുമെങ്കിൽ ഒരാഴ്ചക്കുള്ളിൽ) ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയം നടത്തി കുട്ടികളെ അറിയിക്കണം.

ix. പരീക്ഷയുടെ സൂപ്പർവൈസർ മാതാപിതാക്കൾ ആയിരിക്കും. മാതാപിതാക്കൾക്ക് വേണ്ടതായ നിർദ്ദേശങ്ങൾ നല്കുമല്ലോ.

x. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് 70 മാർക്കിന്റെ വാചികപരീക്ഷ (Oral Exam) ആയിരിക്കും. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്ന ചോദ്യങ്ങൾ അധ്യാപകർ/മാതാപിതാക്കൾ കുട്ടികളോട് ചോദിക്കുക.

xi. രണ്ട്, മൂന്ന് ക്ലാസ്സുകളിലെ കുട്ടികൾക്ക് എഴുത്തുപരീക്ഷയായിരിക്കും. എഴുതുവാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് വാചികപരീക്ഷ (Oral Exam) നടത്താവുന്നതാണ്. വാചികപരീക്ഷ അധ്യാപകർ തന്നെ നടത്തുന്നതാണ് ഉചിതം.

xii. പാദവാർഷിക പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ വിശ്വാസപരിശീലകർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ചെയ്യേണ്ടതാണ്.

## 2. ജനറൽ ചോദ്യങ്ങൾ

"വി. കുർബാനയാകുന്ന വിസ്മയം ഭാഗം മൂന്ന്" ആസ്പദമാക്കിയുള്ള അഞ്ച് ചോദ്യങ്ങൾ 4 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുണ്ടായിരിക്കും. ക്ലാസ്സിന്റെ വീഡിയോ ക്ലാസ്സ് ഗ്രൂപ്പുകളിൽ ഒരിക്കൽ കൂടി ഷെയർ ചെയ്യുമല്ലോ.

## 3. രക്ഷയുടെ പാതയിൽ: വിശ്വാസപരിശീലന ക്ലാസ്സുകൾ

രക്ഷയുടെ പാതയിൽ എന്ന പേരിൽ സീറോ മലബാർ സഭയിലെ പതിമൂന്ന് രൂപതകൾ ഒരുമിച്ച് തയ്യാറാക്കുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേക്ഷണം നടന്നുകൊണ്ടിരിക്കുന്നു. ബൈബിൾ നേഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിശ്വാസപരിശീലന ക്ലാസ്സുകളാണ് ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ശാലോം, ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകൾ വഴി സംപ്രേക്ഷണം ചെയ്യുന്നത്.

## പ്രത്യേക നിർദ്ദേശങ്ങൾ

ഞായറാഴ്ച നമ്മൾ കുട്ടികളുടെ വിശ്വാസപരിശീലനത്തിനായി മാറ്റിവച്ച ദിവസമാണല്ലോ. രാവിലെ 10.30ന് ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന വി. കുർബാനയോടുകൂടിയാണ് വിശ്വാസപരിശീലനം ആരംഭിക്കുക. ആ സമയം തന്നെ നമുക്കും ഉണർവ്വുള്ള അധ്യാപകരാകാം. ചില പ്രായോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

a. ഞായർ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ചാനലുകൾവഴി സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകൾ കുട്ടികൾ കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

b. ഞായറാഴ്ച 10.30 ന് ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന വി. കുർബാനയിൽ എല്ലാ കുട്ടികളും പങ്കെടുക്കുണ്ടെന്ന് ഉറപ്പുവരുത്തുക.

c. ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ സംപ്രഷണം ചെയ്ത ക്ലാസ്സുകൾ ഞായറാഴ്ച രാവിലെ 11.45-ന് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ യൂട്യൂബ് ചാനലായ Catechesis Thalassery വഴി വീണ്ടും നല്കുന്നതാണ്.

d. 12 മണിമുതൽ 1 മണി വരെയുള്ള സമയം നിർബന്ധമായും എല്ലാ അധ്യാപകരും വിശ്വാസപരിശീലനത്തിനായി വിനിയോഗിക്കുക. Zoom, Google Meet, Whats App തുടങ്ങിയ വ്യത്യസ്ത ആപ്ലിക്കേഷനുകൾ ക്ലാസ്സെടുക്കുവാനായി വിനിയോഗിക്കുക.

e. ഓരോ അധ്യായത്തിന്റെയും സംപ്രേഷണം കഴിയുമ്പോൾ കുട്ടികൾക്ക് പരീക്ഷ ഉണ്ടായിരിക്കും. ചോദ്യങ്ങൾ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്നതാണ്.

f. പാഠഭാഗത്തിന്റെ നോട്ട് തയ്യാറാക്കി ഫോട്ടോ എടുത്ത് വാട്ട്സ് ആപ്പ് ഗ്രൂപ്പിലേയ്ക്ക് പോസ്റ്റ് ചെയ്യുവാൻ കുട്ടികളോട് ആവശ്യപ്പെടുക.

g. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ഹോംവർക്കുകൾ പൂർത്തിയാക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ഹാജരും ഇന്റേണൽ മാർക്കും നല്കുക. ഹാൻഡ് ബുക്കിൽ അവയെല്ലാം രേഖപ്പെടുത്തുക.

h. വിശുദ്ധരെ പരിചയപ്പെടൽ, സഭാവാർത്തകൾ, വചനവിചിന്തനം, ബൈബിൾ ക്വിസ്സ്, കുടുംബത്തിൽ ചെയ്ത നന്മപ്രവൃത്തികളെകുറിച്ചുള്ള അനുഭവസാക്ഷ്യം, തിരുവചനപഠനം തുടങ്ങിയ പ്രവർത്തനങ്ങൾ ഓരോ ഞായറാഴ്ചയും ചെയ്യുന്നതിന് ക്ലാസ്സിലെ കുട്ടികളെ നിശ്ചയിക്കുകയും അവർ അവ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

i. കുട്ടികളുടെ വിശ്വാസം, പഠനം മുതലായ കാര്യങ്ങൾ എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും ഹാൻഡ്ബുക്കിൽ രേഖപ്പെടുത്തുക. എല്ലാ വിശ്വാസപരിശീലകർക്കും ഹാൻഡ്ബുക്ക് ഉണ്ടെന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തുക.

## 4. സെപ്റ്റംബർ മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

05.09.2021 ഞായർ – അദ്ധ്യായം 7 പാർട്ട് 1
12.09.2021 ഞായർ – അദ്ധ്യായം 7 പാർട്ട് 2
19.09.2021 ഞായർ – അദ്ധ്യായം 8 പാർട്ട് 1
26.09.2021 ഞായർ – അദ്ധ്യായം 8 പാർട്ട് 2

## 5. ക്ലാസ്സ് ടെസ്റ്റ്

ഓരോ അധ്യായത്തിന്റെയും ക്ലാസ്സുകൾ കഴിയുമ്പോൾ കുട്ടികൾക്ക് മോഡൽ പരീക്ഷ ഉണ്ടായിരിക്കും. ചോദ്യങ്ങൾ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നൽകുന്നതാണ്. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നൽകുന്ന ഓൺലൈൻ വർക്കുബുക്കിൽ പാഠസംഗ്രഹം, ലഭിക്കേണ്ട ബോധ്യങ്ങൾ, ഉണ്ടാകേണ്ട മനോഭാവം, വളർത്തേണ്ട ശീലങ്ങൾ, മനഃപാഠമാക്കാം, ആക്റ്റിവിറ്റി, ഉത്തരം കണ്ടെത്താം എന്നിങ്ങനെ ഏഴ് വ്യത്യസ്ത വിഭാഗങ്ങൾ ഉണ്ടായിരിക്കും. **"ഉത്തരം കണ്ടെത്താം"** എന്ന ഭാഗത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കുട്ടികൾ കണ്ടെത്തി ടീച്ചറിന് അയച്ചുകൊടുക്കണം.

## 6. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം
6. പത്മന രാമചന്ദ്രൻ നായർ, മാധ്യമപഠനങ്ങൾ
7. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പത്രലോകം
8. എൻ. പി രാമചന്ദ്രൻ, വേണം മാധ്യമങ്ങളുടെ മേലെയും ഒരു കണ്ണ്.

## 7. വിശ്വാസപരിശീലകർക്ക് ഓൺലൈൻ പരീക്ഷ

"ആരാണ് സത്യം ഏതാണ് സത്യം" എന്ന പുസ്തകത്തെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് സെപ്റ്റംബർ 19 ഞായറാഴ്ച രാത്രി 9 മണിക്ക് ഓൺലൈൻ പരീക്ഷ നടത്തുന്നു. ശരിയുത്തരങ്ങൾ അയയ്ക്കുന്നവരിൽ നിന്നും നറുക്കിട്ട് 20 പേർക്ക് (14 വിശ്വാസപരിശീലകർ + 6 സിസ്റ്റേഴ്സ്) ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 30 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ ആദ്യത്തെ 1 മുതൽ 15 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 20 മിനിറ്റായിരിക്കും.

## 8. ദൈവശാസ്ത്രകോഴ്സ്

വിശ്വാസപരിശീലകർക്കായി നടത്തപ്പെടുന്ന ദൈവശാസ്ത്രകോഴ്സിൽ പുതുതായി വന്ന വിശ്വാസപരിശീലകരും നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവരും പങ്കെടുക്കണം. ഈ വർഷം പുതുതായി പേര് രജിസ്റ്റർ ചെയ്തവർക്കുള്ള ക്ലാസ്സ് സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്നതാണ്. ഇനിയും കോഴ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. (9495947807, 7559897792, 8086312826).

## 9. വെബിനാർ – ഫൊറോനകളിൽ

ഫൊറോനകളിൽ എല്ലാ വിശ്വാസപിശീലകരെയും ഉൾപ്പെടുത്തികൊണ്ട് ഒന്നരമണിക്കൂർ ദൈർഘ്യമുള്ള വെബിനാർ സംഘടിപ്പിക്കണം. ആനുകാലിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകൾ വിശ്വാസപരിശീലകർക്ക് നൽകണം. വെബിനാറിന്റെ തീയതിയും സമയവും ബഹു. ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ഫൊറോന പ്രസിഡന്റും ടീം അംഗങ്ങളും തീരുമാനിക്കേണ്ടതാണ്.

## 10. വെബിനാർ – പൈസക്കരി ഫൊറോന

പൈസക്കരി ഫൊറോന വിശ്വാസപരിശീലനകേന്ദ്രം ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി ഫ്രാൻസീസ് മാർപ്പാപ്പയുടെ ഏറ്റവും പുതിയ അപ്പസ്തോലിക പ്രബോധനമായ "അന്റിക്കും മിനിസ്തേരിയും" ആസ്പദമാക്കി വെബിനാർ നടത്തി. റവ. ഡോ. ടോം ഓലിക്കരോട്ട് ക്ലാസ്സിന് നേതൃത്വം

നൽകി. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ വെബിനാർ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ വെരി. റവ. ഫാ. സിബി പാലാക്കുഴി വിശ്വാസപരിശീലകർക്ക് നിർദ്ദേശങ്ങൾ നൽകി. ഫോറോന പ്രസിഡന്റ് ശ്രീ. ബെന്നി തെരുവത്ത് സ്വാഗതവും സെക്രട്ടറി ശ്രീ. അനീഷ് വാറുകൊഴുപ്പേൽ നന്ദിയും പറഞ്ഞു. വെബിനാറിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

## 11. അഭിനന്ദനങ്ങൾ

മണിക്കടവ് സൺഡേ സ്കൂൾ വിശ്വാസപരിശീലകനായ ശ്രീ. ബേബി പ്ലാശ്ശേരിൽ സാർ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന പ്രസിഡന്റായും, വരക്കാട് സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ ശ്രീ. ഷിജോ സ്രായിൽ സാർ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതി ഓഡിറ്ററായും തെരെഞ്ഞെടുക്കപ്പെട്ടു. ബേബി സാറിനും ഷിജോ സാറിനും അതിരൂപതാ വിശ്വാസപരിശീലന കുടുംബാംഗങ്ങളുടെ പ്രാർത്ഥനയും ആശംസയും അഭിനന്ദനവും അറിയിക്കുന്നു.

## 12. പി.ടി.എ മീറ്റിംഗ്

വിശ്വാസപരിശീലനം ഓൺലൈനായി നടത്തപ്പെടുന്ന ഈ കാലഘട്ടത്തിൽ വിശ്വാസപരിശീലനം ഭവനങ്ങൾ കേന്ദ്രീകരിച്ചാണല്ലോ നടത്തുന്നത്. കുട്ടികളുടെ വിശ്വാസവളർച്ചയ്ക്ക് മാതാപിതാക്കളുടെ സഹകരണവും പ്രോത്സാഹനവും വളരെ അത്യാവശ്യമാണ്. അതിരൂപതാ പി.ടി.എ മീറ്റിംഗ് സെപ്റ്റംബർ 15-ന് ശേഷം കൂടുന്നതാണ്. എല്ലാ സൺഡേ സ്കൂളുകളിലും പി.ടി.എ ഭാരവാഹികളെ അതിനുമുൻപായി തെരെഞ്ഞെടുക്കുമല്ലോ. ഓൺലൈൻ മീറ്റംഗ് നടത്തുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## 13. ക്ലാസ്സ് ലീഡേഴ്സ് ഓൺലൈൻ മീറ്റിംഗ്

അതിരൂപതയിൽ വിശ്വാസപരിശീലനം നടത്തുന്ന 4 മുതൽ 12 വരെ ക്ലാസ്സുളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന ലീഡേഴ്സിനുള്ള ഓൺലൈൻ മീറ്റിംഗ് സെപ്റ്റംബർ 15നു ശേഷം നടത്തുന്നതാണ്. എല്ലാ ക്ലാസ്സുകളിലേയും ലീഡേഴ്സിനെ അതിനുമുമ്പായി തെരഞ്ഞെടുക്കുമല്ലോ. മീറ്റിംഗ് നടത്തുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## 14. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. സെപ്റ്റംബർ രണ്ടാമത്തെ ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഓൺലൈൻ ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തം വിലയിരുത്തണം. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ ഓൺലൈൻ ക്ലാസ്സുകളുടെ ഉത്തരവാദിത്വം ഏൽപ്പിക്കണം.

## 15. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന വികാരിച്ചൻ അധ്യക്ഷനായുള്ള ഫൊറോനകമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപത വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ് മുതലായവ ഓഫീസിലേയ്ക്ക് നല്കേണ്ടതാണ്.

## 16. നവോദയ-സ്പോർട്സ് സ്കൂളുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനം

സൺഡേസ്കൂളുകളിൽ റഗുലറായി പഠിക്കുവാൻ സാധിക്കാത്ത 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമായുള്ള അവധിക്കാല വേദപാഠക്ലാസ്സുകൾ കഴിഞ്ഞ രണ്ടുവർഷമായി നടത്തുവാൻ സാധിച്ചിട്ടില്ല. ഈ കുട്ടികൾ സ്കൂളിലെ റഗുലർ ക്ലാസ്സ് തുടങ്ങുന്നതുവരെ സൺഡേസ്കൂളിൽ റെഗുലറായി ചേർന്ന് പഠിക്കണം. ബഹു. ഹെഡ്മാസ്റ്റർ നവോദയ-സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

## 17. സ്നേഹവീട് - ഭവനപദ്ധതി

താഴെ പേര് നല്കിയിരിക്കുന്ന സൺഡേസ്കൂളുകൾ ആഗസ്റ്റ് മാസത്തിൽ സ്നേഹവീട് ഭവനപദ്ധതിയിലേയ്ക്ക് സംഭാവന നല്കിയിട്ടുണ്ട്. സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ സപ്തംബർ മാസത്തിൽ തന്നെ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ. ഉടൻതന്നെ ഭവനത്തിന്റെ പണികൾ ആരംഭിക്കുന്നതാണ്.

### സംഭാവന നൽകിയ സൺഡേ സ്കൂളുകൾ

| | | | | | |
|---|---|---|---|---|---|
| പുളിങ്ങോം | 21500.00 | രാജഗിരി | 10500.00 | പയ്യന്നൂർ | 13500.00 |
| പെരിങ്കരി | 5000.00 | കൊളക്കാട് | 9000.00 | പാടാംകവല | 2200.00 |
| ഹൊസങ്കടി | 5500.00 | രണ്ടാംകടവ് | 6000.00 | കണ്ണിവയൽ | 10000.00 |
| തയ്യേനി | 5000.00 | നെല്ലിക്കുന്ന് | 2000.00 | ഒറ്റത്തൈ | 10000.00 |
| മണിപ്പാറ | 5000.00 | നെടുംപുറംചാൽ | 10000.00 | കോട്ടൂർ | 6000.00 |
| കുടിയാൻമല | 10000.00 | ചൂരപ്പടവ് | 5000.00 | താബോർ | 5000.00 |
| ബദിയടുക്ക | 2000.00 | ആനപ്പന്തി | 5000.00 | കോടോപ്പള്ളി | 4000.00 |
| വെള്ളരിയാനം | 5000.00 | വിമലശ്ശേരി | 5000.00 | ഇരിട്ടി | 4000.00 |
| കല്ലുവയൽ | 3000.00 | കാഞ്ഞിരക്കൊല്ലി | 5000.00 | തിരൂർ | 5000.00 |
| വിളമന | 5000.00 | കടുമേനി | 5000.00 | ഓടൻതോട് | 6000.00 |
| അൽഫോൻസഗിരി | 3000.00 | കരുണാപുരം | 10000.00 | പാത്തൻപാറ | 10000.00 |
| വിജയപുരം | 1000.00 | ബീമനടി | 10000.00 | ബിരിക്കുളം | 3000.00 |
| പൂളക്കുറ്റി | 1500.00 | | | | |

## 18. എയ്ഞ്ചൽ നേഴ്സറി

സീറോ മലബാർ കാറ്റക്കിസം കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നേഴ്സറി കുട്ടികളുടെ ക്ലാസ്സുകൾ ഞായറാഴ്ച ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകളിലും തിങ്കളാഴ്ച ശാലോം ടീവിയിലും സംപ്രേഷണം ചെയ്യുന്നുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഓഫീസിൽ ലഭ്യമാണ്. മാതാപിതാക്കളെ ഈ വിവരം അറിയിക്കുമല്ലോ...

## 19. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകൾക്കും ഓഫീസ് ഉണ്ടായിരിക്കണം. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കണം.

## 20. ഓറിയന്റേഷൻ ക്ലാസ്സുകൾ - നന്ദി

ഓഗസ്റ്റ് 14-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6.30ന് ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ യൂട്യൂബ് ചാനൽവഴി ഓറിയന്റേഷൻ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തു. ക്ലാസ്സുകൾ കുട്ടികളിലേയ്ക്ക് എത്തിച്ച വിശ്വാസപരിശീലകർക്കും എല്ലാ കുട്ടികൾക്കും നന്ദി.

## 21. ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗ് - നന്ദി

ഓഗസ്റ്റ് 16,17,18,19 തീയതികളിൽ 16 ഫൊറോന കേന്ദ്രങ്ങളിലും വച്ച് ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗ് നടത്തി. എല്ലാ ബഹു. ഫൊറോന വികാരിയച്ചന്മാർക്കും പ്രധാനാധ്യാപകർക്കും നന്ദി.

## 22. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021-2022 പ്രവർത്തനവർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട തുകകൾ അടച്ച് സഹകരിക്കുമല്ലോ. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 23. ആദരാഞ്ജലികൾ

തലശ്ശേരി അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന് രൂപഭാവങ്ങൾ നൽകുന്നതിൽ അതുല്യമായ സംഭാവനകൾ നൽകിയ മാത്യു കൊച്ചുപറമ്പിൽ സാർ നിര്യാതനായി. 1971 മുതൽ 2001 വരെ വിശ്വാസപരിശീലനകേ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ഡിപ്ലോമാ 2021-22 വർഷ ഉദ്ഘാടനം

ഡിപ്ലോമാ കോഴ്സിന്റെ ഉദ്ഘാടനം ഓഗസ്റ്റ് 23 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ഫാ. ഫിലിപ്പ് കവിയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ടോം ഓലിക്കരോട്ട് സ്വാഗത പ്രഭാഷണവും സി. ജിസി മരിയ നന്ദിയും പറഞ്ഞു. ഈ വർഷത്തെ ഡിപ്ലോമാ ക്ലാസ്സുകൾ ഓഗസ്റ്റ് 24 മുതൽ ഓൺലൈൻ വഴിയായി ആരംഭിച്ചു.

## മതാധ്യാപകർക്കുള്ള തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം

തിയോളജി കോഴ്സിന്റെ ഈ സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുകയും അവിടെനിന്നും വിശ്വാസപരിശീലന കേന്ദ്ര ഡയറക്ടർ ബഹു. ജേക്കബ് വെണ്ണായിപ്പള്ളിയച്ചൻ ഓരോ ഇടവകയിലെയും പ്രധാനാധ്യാപകരെ ഏൽപിക്കുകയും ചെയ്തു. ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പായി എല്ലാ വിദ്യാർത്ഥികളും ഹെഡ്മാസ്റ്ററിൽനിന്നും പുസ്തകങ്ങൾ കൈപ്പറ്റുമല്ലോ.

---

ന്ദ്രത്തിൽ പ്രവർത്തിച്ചുകൊണ്ട് അവിഭക്ത തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും ക്ലാസ്സുകൾ എടുത്ത് മതബോധന സംവിധാനം രൂപപ്പെടുത്തുന്നതിൽ അഭിവന്ദ്യ വലിയമറ്റം പിതാവിനോടൊപ്പം പ്രവർത്തിച്ചയാളാണ് മാത്യുസാർ. അധ്യാപകർക്കായുള്ള നൂറുകണക്കിന് പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. തന്റെ ജീവിതത്തിലെ സിംഹഭാഗവും വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കു വേണ്ടി മാത്രം മാറ്റിവെച്ച ഒരു പ്രേഷിതനായിരുന്നു മാത്യുസാർ. അതിരൂപതാ വിശ്വാസപരിശീലന കുടുംബാംഗങ്ങളുടെ പ്രാർത്ഥനയും അനുശോചനവും മാത്യുസാറിന്റെ കുടുംബാംഗങ്ങളെ അറിയിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

## മാർ ജോർജ്ജ് ഞറളക്കാട്ട് സുവർണ്ണ ജൂബിലി മെമ്മോറിയൽ ഹോമിലി റൈറ്റിംഗ് കോമ്പറ്റീഷൻ വിജയികൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വൈദികർക്കായി നടത്തിയ സുവിശേഷ പ്രസംഗ രചനാ മത്സരത്തിലെ വിജയികൾ.

**ഒന്നാം സമ്മാനം** - ഫാ. ആൻഡ്രൂസ് തെക്കേക്കണ്ടം
**രണ്ടാം സമ്മാനം** - ഫാ. മാണി മേൽവെട്ടം

**പ്രോത്സാഹന സമ്മാനങ്ങൾ:**

1. ഫാ. ജിബിൻ വട്ടുകുളം
2. ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ
3. ഫാ. ഏലിയാസ് എടൂക്കുന്നേൽ

## സെപ്റ്റംബർ മാസത്തിലെ ക്ലാസ്സുകളുടെ സമയക്രമീകരണം

2021 വർഷത്തെ ആദ്യ സെമസ്റ്ററിലെ ക്ലാസ്സുകൾ ഓൺലൈൻ (Zoom Platform) വഴി നടത്തുന്നതാണ്. സമയക്രമീകരണം ഇപ്രകാരമായിരിക്കും:

### ബി.റ്റി.എച്ച് മലയാള വിഭാഗം

| വിഷയം | തിയ്യതി | സമയം |
|---|---|---|
| എസ്രാ, നെഹെമിയാ | 05-09-2021 | 09.00 pm<br>10.30 pm |
| പരി. ത്രിത്വം | 12-09-2021 | 09.00 pm<br>10.30 pm |
| ഗ്രീക്ക് | 18-09-2021 | 09.00 pm<br>10.30 pm |

### ബി.റ്റി.എച്ച് ഇംഗ്ലീഷ് വിഭാഗം

| വിഷയം | തിയ്യതി | സമയം |
|---|---|---|
| പരി. ത്രിത്വം | 19-09-2021 | 09.00 pm<br>10.30 pm |
| ബിബ്ലിക്കൽ ഗ്രീക്ക് 1 | 26-09-2021 | 09.00 pm<br>10.30 pm |

## എം.റ്റി.എച്ച് മലയാള വിഭാഗം (ബിബ്ലിക്കൽ & മോറൽ)

| വിഷയം | തിയ്യതി | സമയം |
|---|---|---|
| മെമ്മറീസ് ഓഫ് ദ ബിലവഡ് ഡിസൈപ്പിൾ | 04-09-2021 | 09.00 pm 10.30 pm |
| പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ | 11-09-2021 | 09.00 pm 10.30 pm |
| പഴയനിയമ ദൈവശാസ്ത്രം | 16-09-2021 | 09.00 pm 10.30 pm |
| വി. കുർബ്ബാനയുടെ ദൈവശാസ്ത്രം | 25-09-2021 | 09.00 pm 10.30 pm |

## ബിബ്ലിയാ ഫമീലിയ

തലശ്ശേരി അതിരൂപതയിലെ കുടുംബങ്ങൾക്കുവേണ്ടിയുള്ള ശാസ്ത്രീയ ബൈബിൾ പഠന പ്രോഗ്രാമായ ബിബ്ലിയാ ഫമീലിയയുടെ ഓഗസ്റ്റ് മാസത്തെ രണ്ട് ക്ലാസ്സുകൾ ഒന്നാമത്തെയും മൂന്നാമത്തെയും ആഴ്ചകളിൽ സംപ്രേക്ഷണം ചെയ്യപ്പെട്ടു. ഓഗസ്റ്റ് മാസത്തെ പരീക്ഷ 29-ാം തിയ്യതി ഞായറാഴ്ച google form ലൂടെ പരീക്ഷ നടത്തപ്പെട്ടു.

## സബ്സിഡി ബൈബിൾ ലഭ്യമാണ്

ഇടവകകൾക്കുള്ള സബ്സിഡി ബൈബിളുകൾ വിതരണത്തിനു തയ്യാറായി ഓഫീസിൽ എത്തിയിട്ടുണ്ട്. 135 രൂപാ നിരക്കിൽ ഒരു ഇടവകയ്ക്ക് 10 സബ്സിഡി ബൈബിളുകളാണ് ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

രക്തം ചിന്താതെയും ജീവൻ വെടിയാതെയും ദൈവത്തിനും ദൈവമക്കൾക്കുംവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതത്തിന്റെ ഉടമയായ പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിന്റെയും, കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് കാരുണ്യം കവർച്ചചെയ്യപ്പെട്ടപ്പോൾ കദനംതിങ്ങിയ കരളുകളിൽ കാരുണ്യത്തിന്റെ സാന്ത്വനസ്പർശിയായ വി. മദർതെരേസയുടെ തിരുനാളിന്റെയും ലോകത്തിന്റെ ശക്തികൾക്ക് മുമ്പിൽ വിജയം നേടിയ വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു. ലോക ജനതയുടെ മുഴുവൻ സ്വപ്നങ്ങളെയും പ്രതീക്ഷകളെയും തലകീഴ്മറിച്ച കൊറോണ വൈറസിന്റെ ഭീകരതയ്ക്ക് മുമ്പിൽ ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനാ പൂർവ്വം നമുക്ക് ആയിരിക്കാം.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | മാതാവിന്റെ പിറവിതിരുനാൾ<br>കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. മദർതെരേസ, വി. മത്തായി<br>വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാനിയോഗം | : | സംസ്ഥാനസമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതംജപം | : | വി. ഫ്രാൻസീസ് സേവ്യറെ,<br>ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ |
| സങ്കീർത്തനപാരായണം | : | സങ്കീ. 37 - 48 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : | ചെറുപുഷ്പമിഷൻലീഗ് മുദ്രാവാക്യം |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 1 ബുധൻ | : | എട്ട് നോമ്പ് ആരംഭം, നിയോഗം: മിഷൻലീഗ് സംഘടനയ്ക്കുവേണ്ടി |
| 5 ഞായർ | : | മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം,അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം |
| 8 ബുധൻ | : | മാതാവിന്റെ ജനനതിരുനാൾ |
| 9 വ്യാഴം | : | ഫാ. ജോസഫ് മാലിപ്പറമ്പിൽ 23-ാം ചരമവാർഷികം. അനുസ്മരണം, അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം, |

14 ചോവ്വ : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
16 വ്യാഴം : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു.
18 ശനി : മാനേജിംഗ് കമ്മറ്റി, വൃദ്ധമാതാപിതാക്കളെ സന്ദർശിക്കുന്നു.
26 ഞായർ : ലോക ബധിരദിനം
29 ബുധൻ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖാമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, എം റ്റി സി ഒന്നാം ക്ലാസ്സ്, ദിനാചരണങ്ങൾ - കാരുണ്യ പ്രവർത്തനം. അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നു. പ്ലാറ്റിനം ജൂബിലി വിളംബര പ്രവർത്തനങ്ങൾ.

## 3. അധ്യാപകദിനം

സെപ്റ്റംബർ 5-ാം തിയതി അധ്യാപക ദിനത്തോടനുബദ്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

## 4. കാരുണ്യ ദിനം : സെപ്റ്റംബർ 5

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതിമന്ദിരങ്ങളുമായി ഫോണിൽ വിളിച്ച് ആശംസകൾ അറിയിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികൾ ചെയ്യുകയും ചെയ്യുമല്ലോ അതിരൂപതാതലത്തിൽ അട്ടക്കണ്ടം അബ്രോസദനിൽ അന്നേ ദിനം കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

## 5. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, അംഗത്വ നവീകരണവും

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് സാധിക്കുന്ന രീതിയിൽ അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും ജൂബിലി വർഷ ഉദ്ഘാടനവും തലശ്ശേരിയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## 6. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 20 ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. പച്ചക്കറിത്തോട്ടമത്സരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 38 കാണുക.

## 7. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 23-ാം ചരമവാർഷികാനുസ്മരണം സെപ്റ്റംബർ 9 ന്

ശാഖകളിൽ സാഹചര്യം അനുസരിച്ച് നടത്തുമല്ലോ. അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം മണ്ഡപം ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## 8. എം റ്റി സി പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2021 - 2022 വർഷത്തേയ്ക്കുള്ള എം റ്റി സി പഠനസഹായി തയ്യാറാക്കി നല്കുന്നതായിരിക്കും. മേഖലയ്ക്ക് ആവശ്യമായ എണ്ണം സെപ്റ്റംബർ 20 ന് മുമ്പ് മേഖലയിൽ നിന്ന് അതിരൂപതയിൽ അറിയിക്കേണ്ടതാണ്. എം റ്റി സി പഠന സഹായിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസ്സും സെമിനാറും നടത്താൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ.

## 9. ജൂബിലി - ആൽബം

**"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലകളിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ആൽബം 100 പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 X 34 സെ മി) ആൽബനിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ. ശാഖയിലെ എല്ലാവരും കൂടി ഒരുമിച്ച് ചേർന്ന് ഒരു ആൽബമാണ് നിർമ്മിക്കേണ്ടത്.

## 10. ഹൃദ്യമായ സ്വാഗതം

മേരിഗിരി മേഖലാ വൈസ് ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട സി. റിൻസി എം എസ് എം ഐ, പനത്തടി മേഖലാ വൈസ് ഡയറക്ടറായി നിയമിതയായിരിക്കുന്ന സി.സാനിയ എസ് എ ബി എസ് എന്നിവർക്ക് ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## 11. ഹൃദയം നിറഞ്ഞനന്ദി

മേരിഗിരി, പനത്തടി മേഖലാ വൈസ് ഡയറക്ടേഴ്സായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ സ്ഥലത്തേക്ക് സ്ഥലംമാറിപ്പോകുന്ന സി. റാണി ജോസ് എം എസ് എം ഐ, സി. ഡെൽന എ എസ് എം ഐ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 12. അഭിനന്ദനങ്ങൾ

19.08.2021 ന് വ്യാഴ്ച്ച നടത്തപ്പെട്ട സംസ്ഥാന ഇലക്ഷനിൽ 2021 -2024 വർഷത്തേയ്ക്കുള്ള സംസ്ഥാന പ്രസിഡന്റായി ശ്രീ ബേബി പ്ലാശ്ശേരിയും, ഓഡിറ്ററായി ശ്രീ ഷിജോ സ്രായും തിരഞ്ഞെടുക്കപ്പെട്ടു സ്നേഹമുള്ള

ബേബിസാറിനും, ഷിജോ സാറിനും അതിരൂപതാ കുടുംബത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

### 13. കുഞ്ഞേട്ടൻ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 112-ാം ചരമവാർഷികവും അനുസ്മരണവും അതിരൂപതാതലത്തിൽ 08 -08 -2021 ന് മാവുഞ്ചാൽ ശാഖയിൽ വച്ച് നടത്തി. അനുസ്മരണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന ബഹു ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചനും, മിഷൻലീഗ് ഭാരവാഹികൾക്കും, സൺഡേസ്കൂൾ അധ്യാപകർക്കും പ്രത്യേകം നന്ദി.

### 14. അഭിനന്ദനങ്ങൾ

ഓഗസ്റ്റ് 4-ം തിയതി വിയാനിഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിന്റെയും ശാഖാ- മേഖലാ ഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ച് ആശംസകൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു. എല്ലാവർക്കും പ്രത്യേകം നന്ദി.

### 15. വി.അൽഫോൻസാമ്മയുടെ തിരുനാൾ - അതിരൂപതാതലം

വി.അൽഫോൻസാമ്മയുടെ തിരുനാൾ അതിരൂപതാതലം മുളപ്ര ശാഖയിൽവച്ച് നടന്നു. തിരുനാളിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന ബഹു തോമസ് ചക്കാനിക്കുന്നേൽ അച്ചനും, മിഷൻലീഗ് ഭാരവാഹികൾക്കും, സൺഡേസ്കൂൾ അധ്യാപകർക്കും പ്രത്യേകം നന്ദി.

### 16. ശ്രീ ജെയ്സൺ പാലയൂർ പുവ്വത്തിങ്കൽ അനുസ്മരണം

മിഷൻലീഗ് കൂട്ടായ്മയിൽ നിന്നും ആകസ്മികമായി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ശ്രീ ജെയ്സൺ സാറിന്റെ മൂന്നാം ചരമവാർഷികം പേരാവൂർ ഇടവകയിൽ വെച്ച് നടത്തി. അന്നേ ദിവസം വി കുർബാനയും ഒപ്പീസും ഉണ്ടായിരുന്നു. അതിരൂപതാ ഡയറക്ടറും എക്സിക്യൂട്ടീവ് പ്രതിനിധികളും പങ്കെടുത്തു. ശ്രീ ജെയ്സൺ സാറിന്റെ മൂന്നാം ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗമത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡും, ട്രോഫിയും നൽകി.

### 17. പുതിയ മേഖലാ സാരഥികൾ

2021 - 2023 വർഷത്തേയ്ക്ക് നെല്ലിക്കാംപോയിൽ, വായാട്ടുപറമ്പ്, തളിപ്പറമ്പ് മേഖലകളെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. അതോടൊപ്പം കഴിഞ്ഞ രണ്ട് വർഷക്കാലം മേഖലയെ കർമ്മധീരതയോടെ നയിച്ച എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞനന്ദി.

**18. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

സംസ്ഥാനസമിതി നൽകുന്ന ഏറ്റവും വലിയ പുരസ്ക്കാരമായ ഗോൾഡൻസ്റ്റാർ പുരസ്ക്കാരം തലശ്ശേരി അതിരൂപതയും, നെല്ലിക്കാംപോയിൽ, കുന്നോത്ത് മേഖലകളും, രാജമുടി, വാണിയപ്പാറ ശാഖകളും കരസ്ഥമാക്കി. അതോടൊപ്പം തോമാപുരം മേഖല മികച്ച രണ്ടാമത്തെ പുരസ്ക്കാരമായ സിൽവർസ്റ്റാർ പുരസ്ക്കാരം കരസ്ഥമാക്കി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ്ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**19. മേഖലാ ഇലക്ഷൻ**

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 - 2023 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്താത്ത ഓരോ മേഖലയും അവരുടെ സാഹചര്യം അനുസരിച്ച് സെപ്റ്റംബർ 15 നകം നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തിയതി നേരത്തെതന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**20. ക്രിസ്റ്റീൻ ധ്യാനം**

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗും ക്രിസ്റ്റീൻ മിനിസ്ട്രിയും സംയുക്തമായി കുട്ടികൾക്കുവേണ്ടി ആഗസ്റ്റ് 18,19,20 തിയതികളിൽ Star Maker എന്ന പേരിൽ ഓൺലൈൻ വിശ്വാസവളർച്ചാ കർമ്മ പരിപാടിനടത്തി. ഈ പരിപാടികൾക്ക് നേതൃത്വംകൊടുത്ത വർക്കും പങ്കെടുത്ത എല്ലാ കൂട്ടുകാർക്കും പ്രത്യേകം നന്ദി.

**21. കുഞ്ഞേട്ടൻ പ്രച്ഛന്നവേഷം അതിരൂപതാതല വിജയികൾ**

| | | |
|---|---|---|
| I st | എൽവിൻ വട്ടംകണ്ടത്തിൽ | - ഉദയപുരം |
| II nd | ഷാരോൺ ഉതിന്താനത്ത് | - പൈസക്കരി |
| III rd | മൈക്കിൾ ഓലിക്കൽ | - ചുള്ളി |

**22. കുഞ്ഞേട്ടൻ സ്റ്റാറ്റസ് വീഡിയോ മത്സരം അതിരൂപതാതല വിജയികൾ**

| | | |
|---|---|---|
| I st | ആന്റണി കുന്നപ്പള്ളി | - നീലേശ്വരം |
| II nd | ക്ലാര കോക്കാട്ടുമുണ്ടയ്ക്കൽ | - കരുവഞ്ചാൽ |
| III rd | അഗസ്റ്റിൻ രാമപുരത്ത് | - പടന്നക്കാട് |

## 23. കവിതാരചനാമത്സരം അതിരൂപതാതല വിജയികൾ

**ആൺകുട്ടികൾ**

| | | |
|---|---|---|
| Ist | പീറ്റർകൊടിയംകുന്നേൽ | - മാട്ടറ |
| IInd | തോമസ് ഈയ്യപ്പാട്ട് | - കാസർഗോഡ് |
| IIIrd | അബ്രാഹം ചേരിയിൽ | - മേരിപുരം |

**പെൺകുട്ടികൾ**

| | | |
|---|---|---|
| Ist | ആൻമേരി ചെമ്പനാനിക്കൽ | - ഉളിക്കൽ |
| IInd | തെരേസ് അയ്യങ്കനാൽ | - ചെമ്പേരി |
| IIIrd | ലിസ്റോസ് പൊട്ടംപ്ലാക്കൽ | - നടുവിൽ |

## 24. സെമിനാറുകൾ, ക്ലാസ്സുകൾ

15-08-21 ന് ചരൾ ശാഖയിൽ സ്വാതന്ത്ര്യദിനത്തോടും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിനോടും അനുബന്ധിച്ചുള്ള മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ അധ്യക്ഷപദം അലങ്കരിച്ചു. 17-08-21 ന് കർഷകദിനത്തോടനുബന്ധിച്ച് ചേപ്പറമ്പ് ശാഖയിൽ നടന്ന മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. വിൻസെന്റ് ഡി പോൾ<br>വി. മദർതെരേസ |
| പ്രാർത്ഥനാനിയോഗം | : എല്ലാ അധ്യാപകർക്കും വേണ്ടി |
| സുകൃതംജപം | : എന്റെ കാവൽമാലാഖയെ എനിക്ക് കൂട്ടായിരിക്കേണമേ. |
| വചനം | : ശക്തനായവൻ എനിക്ക് വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു.അവിടുത്തെ നാമം പരിശുദ്ധമാണ്. (ലൂക്കാ1 : 49) |
| *പ്രവൃത്തി* | : സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ അനാഥമന്ദിരങ്ങൾ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുക. |
| മന:പാഠമാക്കുക | : കർത്താവിന്റെ മാലാഖ...പ്രാർത്ഥന പഠിക്കുക |
| എയ്ഞ്ചൽസ് വോയ്സ് | : മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം (പെൺകുട്ടികൾക്ക് മാത്രം) |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 ബുധൻ | : എട്ട് നോമ്പ് ആരംഭം, നിയോഗം: തിരുബാല സഖ്യംസംഘടനയ്ക്കുവേണ്ടി |
| 5 ഞായർ | : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, |
| 8 ബുധൻ | : മാതാവിന്റെ ജനനതിരുനാൾ |
| 14 ചോവ്വ | : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 16 വ്യാഴം | : മാർ ജോർജ് വലിയമറ്റം പിതാവിന്റെ ജന്മദിനം, ആശംസകൾ അറിയിക്കുന്നു. |

26 ഞായർ : വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ (ഡോക്യുമെന്ററി കാണുക)

29 ബുധൻ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാരുടെ തിരുനാൾ

## 2. അഭിനന്ദനങ്ങൾ

ഓഗസ്റ്റ് 4-ാം തിയതി വിയാനിഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിന്റെയും ശാഖാ- മേഖലാ ഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ച് ആശംസകൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു. എല്ലാവർക്കും പ്രത്യേകം നന്ദി.

## 3. പ്രസംഗമത്സരം: അതിരൂപതാതല വിജയികൾ

**ആൺകുട്ടികൾ**

| | | |
|---|---|---|
| Ist | ഇവാൻ കാര്യാങ്കൽ | - കോളയാട് |
| IInd | ഏബൽ തോട്ടുങ്കൽ | - പയ്യന്നൂർ |
| IIIrd | ജിയോ മൈലാടുംപാറ | - പാത്തൻപാറ |

**പെൺകുട്ടികൾ**

| | | |
|---|---|---|
| Ist | ഗ്ലോറിയ മുണ്ടക്കുന്നേൽ | - ചായ്യോത്ത് |
| IInd | നേഹ ഉതിനാപറമ്പിൽ | - കനകപ്പള്ളി |
| IIIrd | അൽബീന വടക്കേടത്ത് | - കണിച്ചാർ |

## 4. മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് പെൺകുട്ടികൾക്കായി മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 15. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

ഉപവി ഇന്നു തുടങ്ങണം ഇന്നാരോ തെരുവിൽ അനാഥരായി കഴി യുന്നു. ഇന്നാരോ വിശക്കുന്നവരായി കുടിലിലുണ്ട്. യേശുവിനെ അറി യാൻ യേശുവിനെ ശുശ്രൂഷിക്കാൻ വസ്ത്രവും പാർപ്പിടവും നല്കാൻ നമുക്ക് ഇന്നു മാത്രമേയുള്ളൂ. ഇന്നു നാം അതു ചെയ്തി ല്ലെങ്കിൽ നാളെ അവർ ഉണ്ടായില്ലെന്നു വരും. (വി. മദർതെരേസ)

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനങ്ങളെ

കോവിഡ് മഹാമാരിയുടെ ഈ നാളുകളിൽ നിങ്ങൾ ചെയ്യുന്ന ചെറുതും വലുതുമായ സേവനങ്ങളെ നിറമനസ്സോടെ അഭിനന്ദിക്കുന്നു. സ്വന്തം ജീവ നെക്കാൾ അപരന്റെ ജീവന് വില കൽപ്പിച്ച് നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും അതിനായുള്ള എല്ലാ അദ്ധ്വാനങ്ങളെയും വിലമതി ക്കുന്നു. അഗതികളായി കഴിയുന്നവർക്ക് പ്രത്യേക ശ്രദ്ധയും പരിഗണനയും നമുക്കു നൽകാം.

## അഗതി ദിനം – 5

വി. മദർതെരേസ അനുസ്മരണത്തോടനുബന്ധിച്ച് എല്ലാ ഫൊറോന കളും, യൂണിറ്റുകളും ഏതെങ്കിലും അഗതി മന്ദിരം സന്ദർശിക്കുവാനും സാധി ക്കുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുവാനും ശ്രദ്ധിക്കുമല്ലോ.

## മാതാവിന്റെ ജനനതിരുനാൾ

ദൈവത്തിന്റെ പക്കൽ നിരന്തരം നമുക്കായി മാധ്യസ്ഥ്യം വഹിക്കുന്ന പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ദിവസമാണല്ലോ സെപ്റ്റംബർ 8 എല്ലാ വരും പ്രാർത്ഥിച്ച് ഒരുങ്ങി തിരുനാൾ ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## സ്നേഹവീട് – 100 Rupees challenge

ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ ഒരു കെസിവൈഎം പ്രവർത്തകക്ക് മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ സുവർണ്ണ ജൂബിലി സ്മരണാർത്ഥം നിർമ്മിച്ചു നൽകുന്ന സ്നേഹ വീടിന്റെ നിർമ്മാണ പ്രവർത്ത നങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. വീടിന്റെ നിർമ്മാണ പ്രവർത്ത നത്തിനായി കഠിനാദ്ധ്വാനം ചെയുന്ന യുവജനങ്ങളെയും നേതൃത്വം നല്കു ന്നവരെയും നന്ദിയോടെ ഓർക്കുന്നു. സാധിക്കുന്ന സാമ്പത്തീക സഹായ ങ്ങൾ തന്ന് സഹകരിക്കുമല്ലോ. **കൂടുതൽ വിവരങ്ങൾക്ക് : 9400062918**
**google pay 9497439045**

## PSC കോച്ചിംങ്ങ് ഉദ്ഘാടനം

കെസിവൈഎം തലശ്ശേരി അതിരൂപത സാൻജോസ് അക്കാഡമിയുടെ സഹകരണത്തോടെ ആരംഭിക്കുന്ന ഓൺലൈൻ PSC കോച്ചിംങ്ങ് ഉദ്ഘാടനം അതിരൂപത പ്രസിഡന്റ് ശ്രി. വിപിൻ മാറുകാട്ടുകുന്നേലിന്റെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു. മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യപ്രഭാഷണം നടത്തി. ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംങ്ങ് കോളേജ് മാനേജർ റവ ഫാ. ജെയിംസ് ചെല്ലംകോട്ട്, റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ എന്നിവർ ആശംസകളറിയിച്ച് സംസാരിച്ചു.

ജോലിയില്ലാതെ കഷ്ടപ്പെടുന്ന പത്താം ക്ലാസ്സ്, +2, ഡിഗ്രി ലവലിൽ ഉള്ള ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. കെസിവൈഎം അതിരൂപത, മേഖല സമിതികളുടെ സഹായത്തോടെ രജിസ്റ്റർ ചെയ്ത് കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. ഇടവകയിലെ ജോലിയില്ലാതെ നിൽക്കുന്ന മുഴുവൻ യുവജനങ്ങളെയും PSC Coching ലേക്ക് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിരൂപതയുടെ വിദ്യാഭ്യാസ സംരംഭമായ സാൻജോസ് അക്കാഡമിയുടെയും വിമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിന്റെയും സഹായത്തോടെയുമാണ് ഇത് പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9400062918, 8281517660, 9497439045

## പ്രതിഷേധം

**ആവിഷ്കാര സ്വാതന്ത്ര്യം മതവിഭാഗങ്ങളുടെ വിശ്വാസത്തെ വ്രണപ്പെടുത്താനല്ല**

ക്രൈസ്തവ മത വിശ്വാസത്തെ അവഹേളിക്കുക എന്ന ലക്ഷ്യത്തോടെ നാദിർഷ സംവിധാനം ചെയ്യുന്ന ഈശോ നോട്ട് ഫ്രം ബൈബിൾ, കേശു ഈ വീടിന്റെ നാഥൻ എന്നീ സിനിമകളുടെ പേരുകൾ അങ്ങേയറ്റം പ്രകോപനപരവും പ്രതിഷേധാർഹവുമാണ്. ക്രൈസ്തവ മതവിഭാഗത്തിന്റെ വിശ്വാസത്തെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള സിനിമ പേരുകൾ പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രതിഷേധ പരിപാടികളുമായി മുന്നോട്ട് പോകുമെന്ന് പത്രകുറിപ്പിലൂടെ അറിയിച്ചു.

## വന്യജീവി വിഷയത്തിനെതിരെ അഭിപ്രായ സർവ്വേ

വന്യജിവി ശല്യത്തിന് പരിഹാരം കാണുവാനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വനം വന്യജീവി വകുപ്പ് പൊതുജനങ്ങളുടെ ഭാഗത്തു നിന്ന് അഭിപ്രായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗൂഗൂൾ ഫോം തയ്യാറാക്കി. അതിന്റെ ഭാഗമായി കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റിലെയും യുവജനങ്ങൾ ഈ വിഷയത്തിലുള്ള തങ്ങ

ളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഗൂഗിൾ ഫോം എല്ലാ യൂണിറ്റിലും എത്തിച്ച് അഭിപ്രായ സർവ്വേ നടത്തി.

## സമർപ്പിത ദിനാചരണം - July 28

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനം സമർപ്പിത ദിനമായി കൊണ്ടാടി. അതിരൂപതയുടെ നേതൃത്വത്തിൽ ഫൊറോനകളിലും വിവിധ യൂണിറ്റുകളിലും സമർപ്പിതരെ ആദരിക്കുകയും സമർപ്പിത ദിനം ആഘോഷിക്കുകയും ചെയ്തു.

## ഇടയനോടൊപ്പം

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടയനോടൊപ്പം എന്ന പേരിൽ വൈദികർക്ക് ആശംസകളറിയിച്ചും, വീഡിയോ തയ്യാറാക്കിയും, സമ്മാനങ്ങൾ കൈയ്യ് മാറിയും, കേക്ക് മുറിച്ചും യുവജനങ്ങൾ യൂണിറ്റുകളിൽ തിരുനാൾ ദിനം ആഘോഷിച്ചു.

## അഗതി മന്ദിരങ്ങളിലെ അന്തേവാസികളുടെ ക്ഷേമപെൻഷൻ നിർത്തലാക്കിയതിൽ കെസിവൈഎം ആശങ്ക രേഖപ്പെടുത്തി.

അനാഥ, അഗതി, വൃദ്ധമന്ദിരങ്ങളിൽ കഴിയുന്നവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷേമപെൻഷൻ നിർത്തലാക്കിയ ധനകാര്യവകുപ്പിന്റെ ഉത്തരവ് മനുഷ്യാവകാശ നിഷേധമാണെന്ന് പത്രകുറിപ്പിൽ അറിയിച്ചു.

## സ്വാതന്ത്രദിനാഘോഷം

പൊട്ടംപ്ലാവ് യൂണിറ്റിൽ വച്ച് നടന്ന സ്വാതന്ത്രദിനാഘോഷത്തിൽ അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ പങ്കെടുക്കുകയും യൂണിറ്റ് സന്ദർശിക്കുകയും ചെയ്തു. മീറ്റിംഗിൽ വച്ച് പുതിയ ഭാരവാഹികളെ ആദരിച്ചു.

## സ്വാതന്ത്രദിനം – കരുതലിനൊരൽപം മധുരം

ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങൾ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടും, ഭാരതത്തിന്റെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനത്തോടും അനുബന്ധിച്ച് സമരിറ്റൻ വൃദ്ധമന്ദിരത്തിലെ അന്തേവാസികളെ സന്ദർശിക്കുകയും ഈ ദിനത്തിന്റെ സന്തോഷത്തിന് മധുരം പകരാനായി പായസം ഉണ്ടാക്കി നൽകുകയും ചെയ്തു.

## പ്രതിഷേധാർഹം

അഗതിമന്ദിരങ്ങളിലെ അന്തേവാസികളുടെ ക്ഷേമപെൻഷൻ റദ്ദ് ചെയ്ത സർക്കാർ നടപടിക്കെതിരെ ചെങ്ങളായി സമരിറ്റൻ വൃദ്ധമന്ദിരത്തിൽ കൂട്ടായ്മ സംഘടിപ്പിച്ചു. കൂട്ടായ്മയിൽ ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങൾ വായ മൂടികെട്ടി പ്രതിഷേധിച്ചു.

അനാഥ, അഗതി, വൃദ്ധമന്ദിരങ്ങളിലെ അന്തേവാസികളുടെ ക്ഷേമ പെൻഷൻ നിർത്തലാക്കിയ ധനകാര്യ വകുപ്പിന്റെ ഉത്തരവ് കടുത്ത മനുഷ്യാവകാശ നിഷേധമാണെന്ന് പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് കെസിവൈഎം ചെമ്പന്തൊട്ടി ഫൊറോന ഡയറക്ടർ ഫാ. റിനോയ് എടത്തിനകത്ത് സംസാരിച്ചു.

## കരിയർ ഗൈഡൻസ് വെബിനാർ

കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പുതിയ പഠന മേഖലകളിലേക്ക് ചുവടുറപ്പിക്കാൻ തയ്യാറായിരിക്കുന്ന +2 വിജയിച്ച വിദ്യാർത്ഥികൾക്ക് തുടർന്നുള്ള പഠന മേഖല തെരഞ്ഞെടുക്കുവാനുള്ള അവസരം ഒരുക്കി. ഉന്നത പഠന സാധ്യതകളെ പരിചയപ്പെടുത്തുന്ന വെബിനാറിൽ നമ്മുടെ രൂപതയിൽ നിന്ന് ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## നേതൃത്വ പരിശീന ക്യാമ്പ്

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ മാനന്തവാടി ദ്വാരകയിൽ വച്ച് നടന്ന ഒരു ദിവസത്തെ പരിശിലന ക്യാമ്പിൽ നമ്മുടെ ഫൊറോനയിൽ നിന്ന് അഞ്ച് യുവജനങ്ങൾ പങ്കെടുത്തു.

## ഇലക്ഷൻ വിജ്ഞാപനം

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതയെ യുവജന പ്രസ്ഥാനത്തെ 2021-2022 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്തരായ പുതിയ നേതൃത്വനിരയെ യുണിറ്റുതലത്തിൽ ആഗസ്റ്റ് 15 ന് മുൻപും ഫൊറോന തലത്തിൽ സെപ്തംബർ 5 ന് ഉള്ളിലും തിരഞ്ഞെടുക്കേണ്ടതാണ്. ഫൊറോനയിൽ തിരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ ലിസ്റ്റ് സെപ്തംബർ 8 -ാം തിയതിക്കുള്ളിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ ഇലക്ഷനിലും മത്സരങ്ങളിലും പങ്കെടുക്കാൻ സാധിക്കുകയുള്ളു. ഐഡി കാർഡ് നിർബന്ധമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾക്ക് ഐഡി കാർഡ് സെപ്തംബർ 10 ാം തീയതി വരെ അതിരൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇടവകാ തലത്തിൽ ഡയറക്ടറും, സിസ്റ്റർ ആനിമേറ്ററും, അൽമായ ആനിമേറ്ററും കൂടാതെ 18 നും 35 നും ഇടയിൽ പ്രായമുള്ള 7 പേരെയാണ് തെരഞ്ഞെടുക്കേണ്ടത്.

സെപ്തംബർ 10 ന് ശേഷം വരുന്ന ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ സെനറ്റിൽ പങ്കെടുപ്പിക്കാൻ സാധിക്കില്ല.

## യൂണിറ്റ് എക്സിക്യുട്ടീവ് അംഗങ്ങൾ

**ഡയറക്ടർ** **ആനിമേറ്റർ, അൽമായ ആനിമേറ്റർ**

**പ്രസിഡന്റ്　　　　　　വൈസ് പ്രസിഡന്റ്**
**ജനറൽ സെക്രട്ടറി　　　സെക്രട്ടറി**

**ട്രഷറർ, രണ്ട് കൗൺസിലർമാർ (1 യുവതി, 1 യുവാവ്)** എന്നിവർ അടങ്ങുന്ന 10 പേരാണ് ഇടവകാ സമിതി. യുവതീ യുവാക്കന്മാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേരെങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികളായിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഇറപ്പുവരുത്തേണ്ടതാണ്.

ഫൊറോന തലത്തിൽ ഡയറക്ടറും ആനിമേറ്റേഴ്സും ഉൾപ്പെടെ 12 അംഗങ്ങളായിരിക്കും എക്സിക്യുട്ടീവ് കമ്മിറ്റിയിൽ ഉണ്ടായിരിക്കുക.

**ഫൊറോന എക്സിക്യുട്ടീവ് അംഗങ്ങൾ**

**ഡയറക്ടർ　　　　ആനിമേറ്റർ, അൽമായ ആനിമേറ്റർ**
**പ്രസിഡന്റ്　　　　വൈസ് പ്രസിഡന്റ്, ഡപ്യൂട്ടി പ്രസിഡന്റ്**
**ജനറൽ സെക്രട്ടറി　സെക്രട്ടറി, ജോയിന്റ് സെക്രട്ടറി**

**ട്രഷറർ, രണ്ട് കൗൺസിലർമാർ (1 യുവതി, 1 യുവാവ്)** എന്നിവരായിരിക്കും ഫൊറോന ഭാരവാഹികൾ. യുവതീ യുവാക്കൻമാരുടെ പ്രതിനിധിയായി 3 പേർ വീതമെങ്കിലും എക്സിക്യുട്ടീവിൽ ഉണ്ടായിരിക്കണം.

തെരഞ്ഞെടുപ്പു സംബന്ധമായ ചില നിർദ്ദേശങ്ങൾ

1. അതാതു വർഷം യൂണിറ്റിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമെ ഫൊറോന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ അവകാശമുള്ളു.
2. ഫൊറോന തലത്തിൽ അതാതു വർഷം തിരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രമെ രൂപതാ തലത്തിൽ മത്സരിക്കാൻ അവകാശമുള്ളു.
3. നിലവിലുള്ള ഭാരവാഹികൾക്ക് അടുത്ത തിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഭാരവാഹികൾ സ്ഥാനം ഏൽക്കുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരാവുന്നതാണ്.
4. അതിരൂപത ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുന്നവർ അതാതു വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട സെനറ്റ് അംഗങ്ങളായിരിക്കണം. (അതിരൂപതാ സിൻഡിക്കേറ്റ്, ഫൊറോന എക്സിക്യുട്ടീവ് അംഗങ്ങൾ, സ്ഥാനമൊഴിയുന്ന അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡണ്ടുമാർ, ഡപ്യൂട്ടി പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ഖജാൻജി, സ്ഥാനമൊഴിയുന്ന കൗൺസിലർമാർ എന്നിവർ അടങ്ങുന്നതാണ് അതിരൂപതാ സെനറ്റ്)
5. അതിരൂപത ഭാരവാഹികളായി മത്സരിക്കുന്നവർക്ക് 2 രൂപത സെനറ്റിൽ പങ്കെടുത്തപരിചയം ഉണ്ടായിരിക്കണം.
6. ഫൊറോനയിൽ നിന്നും വരുന്ന കൗൺസലർമാർ ഉൾപ്പെടെയുള്ള 9

ഫൊറോന ഭാരവാഹികൾക്കും അതിരൂപതാ ഇലക്ഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് മത്സരിക്കാവുന്നതാണ്.

7. 18 വയസ്സ് പൂർത്തിയാക്കിയ ഒരു യുവാവും യുവതിയും കൗൺസിലർമാർ ആയിരിക്കും. ഇവർ ഒരു വർഷമെങ്കിലും അതിരൂപത ഭാരവാഹികൾ ആയിരിക്കണം. കൗൺസിലർ പോസ്റ്റിലേക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് മുൻകാല ഭാരവാഹികൾ ഇല്ലാത്തപക്ഷം സെനറ്റ് പരിചയമുള്ള പെൺകുട്ടികൾക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതായിരിക്കും.
8. അതിരൂപതയിൽ നിന്നുള്ള സംസ്ഥാന അംഗം, സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സംസ്ഥാന ഭാരവാഹിത്വ കാലാവധി തീരുന്ന മുറയ്ക്ക് അതിരൂപതാ ഭാരവാഹിത്വം നഷ്ടപ്പെടുന്നതായിരിക്കും.
9. തുടർച്ചയായി രണ്ടു പ്രാവശ്യം അതിരൂപത ഭാരവാഹിയായി തുടർന്ന ഒരാൾക്ക് ഒരു വർഷത്തെ ഇടവേളയ്ക്കുശേഷമെ വീണ്ടും മത്സരിക്കാൻ യോഗ്യത ഉണ്ടാതിരിക്കുകയുള്ളു.
10. അഫീലിയേഷൻ, മറ്റ് കുടിശികകൾ അടച്ച് തീർക്കുന്ന യൂണിറ്റുകളിൽ നിന്നുള്ള യുവജനങ്ങൾക്ക് മാത്രമേ ഇലക്ഷനിൽ മത്സരിക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളു.
11. അതിരൂപതാ ഭാരവാഹികളായി ഒന്നിലധികം പേർ ഒരു ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.
12. സംഘടനയുടെ ഏതെങ്കിലും തലത്തിൽ ഭാരവാഹി/അംഗം ശിക്ഷണ നടപടിക്ക് വിധേയമായാൽ അയാൾക്ക് 3 വർഷത്തേക്ക് യൂണിറ്റ്, ഫൊറോന, അതിരൂപതാ തലത്തിൽ ഭാരവാഹിയായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.
13. 2021 - 22 വർഷത്തേക്കുള്ള അതിരൂപത സമിതിയുടെ തെരഞ്ഞെടുപ്പിൽ മുൻവർഷങ്ങളിൽ സിൻഡിക്കേയ്റ്റ് അംഗങ്ങളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച ശൈലിയിൽ നിന്നും വ്യത്യസ്തമായി സെനറ്റിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് പ്രതിനിധികൾ (പുരുഷൻ, വനിത) അതിരൂപത കൗൺസിലർ എന്ന് അറിയപ്പെടും. സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായി അതിരൂപതയിൽ നിന്നും പോകേണ്ട ഭാരവാഹികളെ അതാത് വർഷം വരുന്ന അതിരൂപതാ സമിതി തെരഞ്ഞെടുക്കും. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുമ്പോൾ ഒരു ഫൊറോനയിൽ നിന്നും ഒരു പ്രതിനിധി മാത്രമേ ഉണ്ടാകാൻ പാടുള്ളു.

## ex-officio

ex-officio അംഗങ്ങൾ സെനറ്റിൽ ക്ഷണിക്കപ്പെട്ട അഥിതികൾ മാത്രമായിരിക്കും. അവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, വോട്ട് ചെയ്യുവാനും അവകാശം ഉണ്ടായിരിക്കുന്നതല്ല.

## പ്രായപരിധി

പ്രായപരിധി മറ്റൊരു നിർദ്ദേശം മേൽഘടകങ്ങളിൽ നിന്നും ഉണ്ടാകുന്നതുവരെ 35 വയസ്സ് ആയിത്തന്നെ തുടരുന്നതായിരിക്കും. ഒരു അംഗം ഏതെങ്കിലും തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ 35 വയസ്സ് ആയിരിക്കുകയും ആ പ്രവർത്തന വർഷം പൂർത്തിയാകുന്നതിനുമുമ്പ് 36 വയസ്സാകുകയും ചെയ്താൽ അദ്ദേഹത്തിന് തൽസ്ഥാനത്ത് പ്രവർത്തന വർഷം പൂർത്തിയാകുംവരെ തുടരുവാൻ അവകാശമുണ്ടായിരിക്കും.

## എക്സ്പ്ലോറ 2k21

2021– 2022 പ്രവർത്തന വർഷത്തെക്കുള്ള കെസിവൈഎം, എസ്എംവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിനുമായി എക്സ്പ്ലോറ 2k21 സെപ്തംബർ 11, 12 തിയതികളിലായി ചെമ്പേരിയിൽ വച്ച് നടത്തപ്പെടുന്നു. 16 ഫൊറോനകളിൽ നിന്നുള്ള എല്ലാ ഫൊറോന ഭാരവാഹികളും പ്രസ്തുത ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ തെരഞ്ഞെടുക്കപ്പെടുവാനും വോട്ടവകാശവും ഉണ്ടായിരിക്കുകയുള്ളു. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. I D Card നിർബന്ധമായിരിക്കും. ഇടവക വികാരിയുടെയും ഫൊറോന ഡയറക്ടറുടെയും ശുപാർശ കത്തും കൊണ്ടുവരേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I)1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

889 എം.പി.സി ഓൺലൈൻ കോഴ്സുകൾ ജൂലൈ 16-17 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 234 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

| 2. Online MPC Live Classes | |
|---|---|
| MPC 2021 | |
| September | 17 - 18 (Friday, Saturday) |
| October | 8 - 9 (Friday, Saturday) |

2021 ഒക്ടോബർ മാസം വരെ എം.പി.സി ഓൺലൈനിൽ നടത്തുന്നതാണ്. ഓൺലൈൻ ക്ലാസുകൾ എല്ലാം ലൈവായി നടക്കുന്നതാണ്. രണ്ട് ദിവസത്തെ ക്ലാസുകൾ മുഴുവൻ സമയവും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am - 07.30 pm**
   **രണ്ടാം ദിവസം : 08.00 am - 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ

കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
**Diamond Package - 4999 (1 Year)**
**Golden Package - 3999 (1 Year)**
**Silver Package - 2999 (6 monts)**

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് കുഞ്ഞുങ്ങളില്ലാത്ത് ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – ലോകം മുഴുവനും മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കാം. പുതിയ അംഗങ്ങളുടെ ലിസ്റ്റ് മേഖലയിൽ എത്തിക്കുക. കോവിഡ് സഹായധന സമർപ്പണ ഫണ്ട് രൂപീകരിക്കുക. മാതാക്കളെ ആദരിക്കുക.
3. **ഈ മാസത്തെ ജപമാല യജ്ഞം മേഖലകൾ**-ചെമ്പന്തൊട്ടി, ചെമ്പേരി, എടൂർ
4. **സെപ്റ്റംബർ മാസത്തിൽ Onlife Media യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ നടത്താനുള്ള മേഖല - മേരിഗിരി**
5. **അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**
മാതൃവേദി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ആഗസ്റ്റ് 13-ാം തീയ്യതി ഓൺലൈനായി നടന്നു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ രൂപതാ ആനിമേറ്ററും, രൂപതാ ഭാരവാഹികളും മേഖലാ പ്രസിഡണ്ടുമാരും പങ്കെടുത്തു.

### 6. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ആചരണം – മേരിഗിരി മേഖല

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ അതിരൂപതാതല ആചരണം മേരിഗിരി മേഖലയിൽ ആഗസ്റ്റ് 15 ന് ഉച്ചയ്ക്ക് 2 മുതൽ 3.30 വരെ ഓൺലൈനായി നടന്നു. മേരിഗിരി മേഖലാ ഡയറക്ടർ ഫാ.ജോസഫ് നിരപ്പേൽ സ്വാഗതമാശംസിച്ച ചടങ്ങിൽ മേഖലാ പ്രസിഡണ്ട് ശ്രീമതി ജിജി പെരുമ്പുഴക്കടവിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സന്ദേശഭവൻ ഡയറക്ടർ ഫാ.ഡോ.ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ അരുൺ അയിലൂക്കുന്നേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് കലാപരിപാടികളിൽ ശ്രീമതി ഡാലിയ ലളിതഗാനവും, ചെറുപാറ യൂണിറ്റ് മാർഗ്ഗംകളിയും അവതരിപ്പിച്ചു. ശേഷം അമല പ്രോലൈഫ് ടീം തലശ്ശേരി ജീവരാഗനടനം എന്ന പേരിൽ നൃത്തശിൽപം അവതരിപ്പിച്ചു. മേരിഗിരി മേഖലാ ആനിമേറ്റർ സി.എൽസി മരിയ സി.എം.സി ഏവർക്കും നന്ദിയർപ്പിക്കുകയും, വിമലശ്ശേരി യൂണിറ്റ് ദേശീയഗാനം ആലപിക്കുകയും ചെയ്തതോടെ മീറ്റിംഗിന് സമാപനമായി.

### 7. വെബിനാർ – കുടുംബങ്ങൾ വിദ്യാലയങ്ങളാകുമ്പോൾ

തലശ്ശേരി അതിരൂപതാ മാതൃവേദി വെബിനാർ ആഗസ്റ്റ് 19 വ്യാഴാഴ്ച രാവിലെ 10 മുതൽ 11.30 വരെ ഓൺലൈനായി നടന്നു. അതിരൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി സിസമ്മ പഴേപറമ്പിൽ സ്വാഗതമാശംസിച്ച ചടങ്ങിൽ അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഏവരെയും പരിചയപ്പെടുത്തി. അതിരൂപതാ മിഷൻലിഗ് ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റേലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്. മീറ്റിംഗിന് നന്ദിയർപ്പിച്ചു. ഡോ. റോസ് എം.സി. നാലോലിക്കൽ കുടുംബങ്ങൾ വിദ്യാലയങ്ങളാകുമ്പോൾ എന്ന വിഷയത്തെക്കുറിച്ച് വെബിനാർ അവതരിപ്പിച്ചു. ആലക്കോട് മേഖലാ പ്രസിഡന്റ് ശ്രമതി ലാലി കക്കാട്ടിൽ ക്ലാസിന് നന്ദിയർപ്പിച്ചതോടെ വെബിനാറിന് സമാപനമായി.

### 8. മാതൃവേദി പ്രവർത്തന പദ്ധതി – സെപ്റ്റംബർ 2021

| | | |
|---|---|---|
| സെപ്റ്റംബർ 1 | – | 8 നോമ്പാരംഭം |
| 5 | – | വി.മദർ തെരേസ, ടീച്ചേഴ്സ് ഡേ |
| 8 | – | പരി.കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ<br>മാതൃദിനാചരണം – നെല്ലിക്കാംപൊയിൽ മേഖല,<br>(അംഗത്വ സ്വീകരണം, നവീകരണം,<br>കാഴ്ച സമർപ്പണം, വിമലഹൃദയ പ്രതിഷ്ഠ) |
| 14 | – | വി. കുരിശിന്റെ പുകഴ്ച |

21 – വി. മത്തായി ശ്ലീഹ,
വെബിനാർ – സ്വയം തൊഴിൽ പരിശീലനം
27 – വി. വിൻസെന്റ് ഡി.പോൾ
29 – മരിയൻ കീർത്തനം, ഗ്രൂപ്പ് സോങ്ങ്
മിഖായേൽ, റഫായേൽ, ഗബ്രിയേൽ മാലാഖ

## 9. അറിയിപ്പുകൾ

### 1. ഗ്രാസിയ 2021

ഓൺലൈൻ കുടുംബധ്യാനം സെപ്റ്റംബർ 4,5,6,7 തീയ്യതികളിൽ വൈകുന്നേരം 7.15 മുതൽ 8.15വരെ. ധ്യാനത്തിന്റെ യൂട്യൂബ് ലിങ്ക് എല്ലാ ഇടവകാംഗങ്ങൾക്കും ഷെയർ ചെയ്യുക.

### 2. മരിയൻ ഗീത മത്സരം

- പരിശുദ്ധ മാതാവിനെക്കുറിച്ചുള്ള ഗീതം ഗ്രൂപ്പായി അവതരിപ്പിച്ച് വീഡിയോ ആക്കി അയക്കുക.
- മേഖലാതലത്തിൽ ഒരെണ്ണം തിരഞ്ഞെടുത്ത് അതിരൂപതാ മത്സരത്തിനായി അയക്കുക.
- നിബന്ധനകൾ: ഗാനം സ്വന്തമായി രചിച്ച് ട്യൂൺ ചെയ്തതായിരിക്കണം. കവിതയോ പാരഡിയോ പാടില്ല.
- ഗ്രൂപ്പിൽ 5 മുതൽ 7 പേർ വരെയുണ്ടായിരിക്കണം.
- സമയം 7 മിനിറ്റിൽ കൂടരുത്.
- മാതൃവേദി യൂണിഫോം ഉണ്ടായിരിക്കണം, ബാഡ്ജ് നിർബന്ധമില്ല.
- യൂണിറ്റ് രജി. നമ്പർ ഉള്ള അംഗങ്ങളായിരിക്കണം.
- ഭാരവാഹികൾക്ക് പങ്കെടുക്കുന്നതിന് തടസ്സമില്ല.
- ബാക്ക്ഗ്രൗണ്ട് മ്യൂസിക്ക്, എഡിറ്റിംഗ് എന്നിവ പാടില്ല.
- മൊബൈൽ വീഡിയോ ആണെങ്കിൽ ലാന്റ്സ്കേപ്പ് മോഡിൽ എടുത്തതായിരിക്കണം.
- മൈക്ക് ഉപയോഗിക്കുന്നതിന് തടസ്സമില്ല, നോക്കിപാടുന്നത് മൈനസ് പോയിന്റായിരിക്കും.
- ഗാനത്തോടൊപ്പം പേര്, ഇടവക, എന്നിവ പറയാൻ പാടില്ല. പകരം മെസ്സേജായി എഴുതുക.
- മേഖലാതലത്തിൽ അയച്ചുകൊടുക്കേണ്ട നമ്പർ, തീയ്യതി, മറ്റു നിബന്ധനകൾ എന്നിവ ഉടൻ തന്നെ മേഖലകളിൽ നിന്ന് പ്രസിദ്ധീകരിക്കുന്നതാണ്.
- അതിരൂപതാ മത്സരത്തിനായി അയച്ചുതരുന്ന ടീമിന്റെ ഇടവക, അംഗങ്ങളുടെ പേര്, അംഗത്വനമ്പർ, എന്നിവ മത്സരത്തിന് 2 ദിവസം മുമ്പേ മേഖലാ ഡയറക്ടറുടെ ഒപ്പോടുകൂടി അയച്ചുതരേണ്ടതാണ്.
- അതിരൂപതയിൽ മികച്ചതായി തിരഞ്ഞെടുക്കുന്ന ഗാനങ്ങൾക്ക് ക്യാഷ് അവാർഡ് ഉണ്ടായിരിക്കും. യൂട്യൂബിൽ പ്രസിദ്ധീകരിക്കുന്നതുമായിരിക്കും.

- അതിരൂപതാ മത്സരത്തിനായി അയക്കേണ്ട ടെലഗ്രാം നമ്പർ : 8078122191
  Email : family.anugraha@gmail.com
- ടെലഗ്രാം, ഗൂഗിൾ ഡ്രൈവ് ഇതിൽ ഏതെങ്കിലും ഒരെണ്ണത്തിൽ അയക്കുന്നതു മാത്രമേ പരിഗണിക്കുകയുള്ളൂ.
  അയക്കേണ്ട തീയ്യതി : 29.09.2021
  സമയം : 10.00 am - 04.00 pm
  Office Contact Number : 9400206974

**3. മാതൃവേദി കലണ്ടർ 2022**

- മൾട്ടികൾ, 6 പേജ്, തിരുക്കുടുംബത്തിന്റെയും വിശുദ്ധരുടെയും വർണ ചിത്രങ്ങൾ.
- മനോഹര സന്ദേശങ്ങൾ അടങ്ങിയ ഉദ്ധരണികൾ.
- വിശുദ്ധരുടെ തിരുനാളുകൾ എല്ലാ ദിവസത്തെയും വിശുദ്ധ ഗ്രന്ഥവായനകൾ.
- വിവാഹ ഒരുക്ക സെമിനാറുകൾ, മാര്യേജ് ബ്യൂറോ എന്നിവയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള വെബ്സൈറ്റ് അഡ്രസ്സ്. കോൺടാക്റ്റ് നമ്പറുകൾ.

**ശ്രദ്ധിക്കുക**

- കലണ്ടറിന്റെ ഓർഡറുകൾ വികാരിയച്ചന്റെ അനുവാദത്തോടെ സെപ്റ്റംബർ 15 മുമ്പായി രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.
- യൂണിറ്റുകളിൽ വിതരണം ചെയ്യുമ്പോൾ സംഭാവന സ്വീകരിച്ച് എല്ലാ ഇടവകകാർക്കും സൗജന്യമായി നൽകുന്നതായിരിക്കും ഉചിതം.

**പ്രോത്സാഹന സമ്മാനങ്ങൾ**

- ഏറ്റവും കൂടുതൽ കലണ്ടർ ബുക്ക് ചെയ്യുന്ന മേഖലയ്ക്ക്, യൂണിറ്റിന്
- ഇടവകയിൽ എല്ലാ കുടുംബങ്ങൾക്കും വിതരണം ചെയ്യുന്ന യൂണിറ്റുകൾക്ക്.
- മേഖലാതലത്തിൽ ഓർഡറുകൾ സ്വീകരിക്കുകയും വിതരണം നടത്തുകയും ചെയ്യുക.
- എല്ലാ മേഖലകളിലും കലണ്ടർ എത്തിച്ചു തരുന്നതാണ് ഒക്ടോബർ ആദ്യവാരത്തിൽ.
- ഓഫീസ് നമ്പർ : 9400206974

**4. പരി. മറിയത്തിന്റെ ജനനത്തിരുനാൾ :**

മാതൃദിനമായി ആചരിക്കുക, മാതാക്കളെ ആദരിക്കാം. മാതാക്കളുടെ കാഴ്ച സമർപ്പണം, അംഗത്വ സ്വീകരണം, നവീകരണം, വിമലഹൃദയ പ്രതിഷ്ഠ, മാതൃസംഗമങ്ങൾ.

**5. സെപ്റ്റംബർ 27 വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനം**

ഇടവകയിലെ കിടപ്പുരോഗികൾ, ദത്ത് ഭവനങ്ങൾ, അഗതി മന്ദിരങ്ങൾ

ഇവ സന്ദർശിക്കാൻ സമയം കണ്ടെത്തുക.

**6.** അംഗത്വ ലിസ്റ്റ് പുതുക്കാൻ ഈ വർഷം പുതുതായി ചേർത്തവരുടെ പേരുകൾ ഉൾപ്പെടുത്തി യൂണിറ്റ് ഡയറക്ടർമാരുടെ ഒപ്പോടുകൂടി രൂപതാ ഓഫീസിലേക്ക് വാട്ട്സ് ആപ്പ് ചെയ്യുക.

**7.** എല്ലാവർക്കും അംഗത്വകാർഡുകൾ തയ്യാറാക്കി കൊടുക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുക.

## IV. അമല പ്രോലൈഫ്

- ഗർഭിണികൾക്കായി ജീവാഗ്നി എന്ന പേരിൽ ഓൺലൈൻ ധ്യാനം അമലപ്രോലൈഫിന്റെ നേതൃത്വത്തിൽ നടത്തി. ആഗസ്റ്റ് 2 മുതൽ 4 വരെ നടന്നു. 150 ഓളം പേർ ധ്യാനത്തിൽ സംബന്ധിച്ചു. പ്രഗ്തഭരായ പ്രോലൈഫ് പ്രവർത്തകരുടെ നേതൃത്വത്തിൽ ക്ലാസുകളും ആരാധനയും കൗൺസിലിംഗും ഷെയറിംഗും നടന്നു.
- ആഗസ്റ്റ് 8-ാം തീയ്യതി ഉച്ചകഴിഞ്ഞ് പ്രോലൈഫ് സെൻട്രൽ മീറ്റിംഗ് നടന്നു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെയും ആനിമേറ്റർ സി. ജെസ്റ്റീന എം.എസ്.എം.ഐ യുടെയും നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ എല്ലാ മേഖലയിൽ നിന്നും പ്രാതിനിധ്യം ഉണ്ടായി.
- ജൂലൈ 24 ന് പ്രോലൈഫ് സംഗമവും വെബിനാറും നടത്തുകയുണ്ടായി. ജീവന്റെ മൂല്യങ്ങൾ സംരക്ഷിക്കുവാൻ ജ്വലനം എന്ന പേരിൽ വെബിനാർ ജീസസ് യൂത്ത് ഓൾ കേരള പ്രോലൈഫ് കോ ഓർഡിനേറ്റർ ഡോ. മാമ്മൻ പി. ചെറിയാൻ നയിച്ചു. 250 ഓളം പേർ സംബന്ധിച്ചു
- ആഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽ വിമലഹൃദയ പ്രതിഷ്ഠ നടത്തുന്നതിന്റെ ഭാഗമായി പ്രോലൈഫ് എക്സിക്യൂട്ടീവ് അംഗങ്ങൾ 33 ദിവസത്തെ ഒരുക്ക പ്രാർത്ഥന നടത്തുകയും മാതൃവേദി മേരിഗിരി മേഖല സംഘടിപ്പിച്ച സ്വർഗ്ഗാരോപണത്തിരുനാൾ ആചരണത്തിൽ നൃത്തശിൽപം അവതരിപ്പിക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ അനധ്യാപകരെ,

കോവിഡ് 19 ന്റെ ഭീതിയിലും പ്ലസ് ടു പരീക്ഷകൾ എഴുതി ഉന്നത വിജയം നേടിയ എല്ലാവരെയും അഭിനന്ദിക്കുന്നു. 1200 ൽ 1200 മാർക്ക് നേടിയ ചെൽസ മരിയ സണ്ണി, സാന്ദ്ര ഷാജി, ജിത്ത് പീലിപ്പോസ് സേവ്യർ (അങ്ങാടിക്കടവ് ഹയർസെക്കന്ററി) പ്രശംസി പ്രദീപ് (പേരാവൂർ ഹയർ സെക്കന്ററി) എന്നീ കുട്ടികളെ പ്രത്യേകം അഭിനന്ദിക്കുന്നു.

## പ്ലസ്ടു റിസൾട്ട്

| സ്കൂളിന്റെ പേര് | സയൻസ് | | | കൊമേഴ്സ് | | | ഹ്യുമാനിറ്റീസ് | | |
|---|---|---|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
| അങ്ങാടിക്കടവ് | 56 | 56 | 100 | 52 | 52 | 100 | 54 | 53 | 98.15 |
| ചെമ്പേരി | 118 | 118 | 100 | 58 | 57 | 98.27 | 59 | 55 | 93.22 |
| കൊളക്കാട് | 110 | 110 | 100 | Nil | Nil | Nil | 62 | 57 | 91.93 |
| പെരുമ്പടവ് | 43 | 42 | 97.67 | 44 | 43 | 97.72 | Nil | Nil | Nil |
| തോമാപുരം | 132 | 126 | 95.45 | 51 | 51 | 100 | 54 | 47 | 87.03 |
| വെളിമാനം | 54 | 54 | 100 | 59 | 59 | 100 | 63 | 53 | 84.13 |
| വെള്ളരിക്കുണ്ട് | 100 | 98 | 98 | Nil | Nil | Nil | 61 | 52 | 85.25 |
| മേരിഗിരി | 54 | 53 | 98.14 | 60 | 57 | 95 | Nil | Nil | Nil |
| പേരാവൂർ | 58 | 58 | 100 | 60 | 60 | 100 | Nil | Nil | Nil |
| മണിക്കടവ് | 61 | 61 | 100 | 61 | 57 | 93.44 | Nil | Nil | Nil |
| പാലാവയൽ | 60 | 59 | 98.3 | 53 | 49 | 92.4 | Nil | Nil | Nil |
| കുന്നോത്ത് | 53 | 50 | 94.34 | 59 | 53 | 89.83 | Nil | Nil | Nil |

| | | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| കിളിയന്തറ | ബയോളജി സയൻസ് | 56 | 55 | 98.21 |
| | കമ്പ്യൂട്ടർ സയൻസ് | 36 | 29 | 80.55 |
| | കൊമേഴ്സ് | 59 | 55 | 93.22 |
| വായാട്ടുപറമ്പ | ബയോളജി സയൻസ് | 60 | 60 | 100 |
| | കമ്പ്യൂട്ടർ സയൻസ് | 52 | 51 | 98 |
| | ഹ്യുമാനിറ്റീസ് | 63 | 54 | 86 |
| | കൊമേഴ്സ് | 62 | 60 | 97 |
| എടൂർ | ബയോളജി സയൻസ് | 144 | 143 | 99.3 |
| | കമ്പ്യൂട്ടർ സയൻസ് | 43 | 43 | 100 |
| | കമ്പ്യൂട്ടർ കൊമേഴ്സ് | 60 | 60 | 100 |
| | കൊമേഴ്സ് പൊളിറ്റിക്സ് | 60 | 57 | 95 |

## മികച്ച പ്രധാനാധ്യാപക അവാർഡ്

കേരളത്തിലെ ഏറ്റവും മികച്ച എൽ.പി വിഭാഗത്തിലെ പ്രധാനധ്യാപകന് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് നൽകുന്ന അവാർഡിന് തോമാപുരം സെന്റ് തോമസ് എൽ.പി സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി ത്രേസ്യാമ്മ ജോസഫ് അർഹയായി. 2021 ഓഗസ്റ്റ് 10-ാം തീയതി പി.ഒ.സിയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിൽ നിന്നും ടീച്ചർ അവാർഡ് ഏറ്റുവാങ്ങി. തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് അഭിമാനത്തിന്റെ മുഹൂർത്തം കാഴ്ച്ചവെച്ച ത്രേസ്യാമ്മ ടീച്ചറിന് ഹൃദ്യമായ അഭിനന്ദനങ്ങൾ

## മെയിന്റനൻസ് ഗ്രാന്റ്

2021-2022 വർഷത്തെ മെയിന്റനൻ ഗ്രാന്റിന്റെ അപേക്ഷ സെപ്റ്റംബർ 30 ന് മുമ്പ് AEO/DEO ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പോസൽ നൽകുന്നതോടനുബന്ധിച്ച് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്നു. വിശദമായ കാര്യങ്ങൾ കെ.ഇ. ആർ അധ്യായം XXVIII ൽ വ്യക്തമാക്കിയിട്ടുണ്ട്: സെപ്റ്റംബർ 15ാം തീയതിക്ക് മുമ്പായി മെയിന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം. മെയിന്റനൻസ് ഗ്രാന്റ് പ്രൊപ്പോസലിലെ എല്ലാ ഫോമുകളിലും ഒരേ തീയതിയായിരിക്കണം. അക്കാദമിക് വർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് മെയിന്റനൻസ്ഗ്രാന്റ് അനുവദിച്ചു കൊണ്ട് വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിക്കു

ന്നത്. തുടർന്ന് ബിൽ സബ്മിറ്റ് ചെയ്ത് ട്രഷറിയിൽ നിന്ന് മാർച്ച് 31നു മുമ്പ് തുക ലഭിക്കാൻ ബുദ്ധിമുട്ടാണ്. അതിനാൽ പ്രധാനഅധ്യാപകർ മെയിന്റനൻസ്ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് വിദ്യാഭ്യാസ ഓഫീസിൽ നിന്ന് വളരെ നേരത്തെ ലഭിക്കുന്നതിന് പരിശ്രമിക്കണം. മെയിന്റനൻസ്ഗ്രാന്റിന്റെ അനുവദിക്കപ്പെട്ട ഉത്തരവ് സ്കൂളിലാണ് ലഭിക്കുന്നതെങ്കിൽ ഉടൻ തന്നെ അതിന്റെ ഒരു കോപ്പി കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കണം. ഒരു കോപ്പി സ്കൂളിൽ സൂക്ഷിക്കണം. മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യമായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം.

കോർപ്പറേറ്റ് ഓഫീസിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടുക്കണം. മെയിന്റനൻസ്ഗ്രാന്റ് തുക വിനിയോഗിക്കുമ്പോൾ കെ.ഇ.ആർ അധ്യായം XXVIII ലെ നിർദേശങ്ങൾക്കനുസൃതമായിരിക്കണം.സ്കൂളിലെ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, ചുറ്റുമതിൽ, ഗെയിറ്റ്, കിണർ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന്, ഇലക്ട്രിക്കൽ ഫിറ്റിങ്സ്,ഗ്ലോബ്, ചാർട്ടുകൾ, ചോക്ക്, ക്ലീനിങ്ങ് മെറ്റീരിയൽ, രജിസ്റ്ററുകൾ, എന്നിവ വാങ്ങുന്നതിന് മെയിന്റനൻസ്ഗ്രാന്റ് തുക ഉപയോഗിക്കാം. മെയിന്റനൻസ് ഗ്രാന്റ് രജിസ്റ്റർ സ്കൂളിൽ കൃത്യതയോടെ ഭംഗിയായി സൂക്ഷിക്കണം. മാനേജരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് എല്ലാ സ്കൂളിനും ഉള്ളത് നിലനിർത്തുക. അതിലേക്കാണ് കോർപ്പറേറ്റ് ഓഫീസിൽ നിന്ന് ഫണ്ട് നൽകുന്നത്. അക്കൗണ്ട് നമ്പറും ഐഎഫ്എസ്സി കോഡും കോർപ്പറേറ്റ് ഓഫീസിൽ നൽകേണ്ടതാണ്. ഈ അക്കൗണ്ടിൽ മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുമോയെന്ന് അന്വേഷിക്കുക. കോർപ്പറേറ്റ് ഓഫീസിലെ അക്കൗണ്ട് നമ്പറിലാണ് തുക വരുന്നതെങ്കിൽ യഥാസമയം രേഖകളുമായി വന്ന് തുക വാങ്ങിക്കണം. അതതു അക്കാദമിക് വർഷം തന്നെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭ്യമാക്കുന്നതിന് പ്രധാന അധ്യാപകരുടെ സത്വരശ്രദ്ധയുണ്ടാകണം.

## സദ്ഗമയ പി.ടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം 2021-2022

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി പ്രഭാഷണ മത്സരം സംഘടിപ്പിക്കുന്നു. എൽ. പി, യു. പി, ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി എന്നീ നാല് വിഭാഗങ്ങളായാണ് മത്സരം. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

സ്നേഹാശംസകളോടെ,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**B.Tech, M.Tech, MBA Admission 2021-22**

ചെമ്പേരി വിമൽ ജ്യോതിയിൽ അടുത്ത വർഷത്തെ (2021–22) അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. Management / NRI ക്വാട്ടയിൽ ഇപ്പോൾത്തന്നെ സീറ്റുകൾ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്. നമ്മുടെ ഇടവകയിൽനിന്ന് എൻട്രൻസ് പരീക്ഷ ജയിച്ചവരെയും, ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ വിമൽ ജ്യോതിയിലേക്ക് ഗൈഡ് ചെയ്യുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പ്

പ്ലസ് ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനമോ, അതിലധികമോ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പ് നൽകുന്നു. ഈ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം താഴെ പറയുന്ന വിഷയങ്ങൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാൻ വിമൽ ജ്യോതിയിൽ അവസരം ലഭിക്കുന്നു. ആദ്യം അപേക്ഷ നൽകുന്ന 80 വിദ്യാർത്ഥികൾക്കാണ് അവസരം ലഭിക്കുക.

1. ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്
2. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ്
3. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്
4. സിവിൽ എൻജിനീയറിംഗ്
5. മെക്കാനിക്കൽ എൻജിനീയറിംഗ്

താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് **9400062918, 9400062919, 8281750777, 0460 2212240, 2213399** എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐ.ടി. കമ്പനിയായ FINGERTIP PLUS TECHNOLOGIES വിമൽ ജ്യോതിയിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ 12 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

- പ്രമുഖ സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്ക് ക്ലറിക്കൽ തസ്തികയിലേക്ക് നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ 3 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- സിവിൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കായി CMR BUILDERS നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ 6 അവസാനവർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- കൺസൾട്ടിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ PRICEWATER HOUSE COOPERS നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ നിവേദ് രാജീവന് പ്രതിവർഷം 6 ലക്ഷം രൂപ ശമ്പളവാഗ്ദാനത്തോടെ ജോലി ലഭിച്ചു.
- ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് മേഖലയിൽ പ്രവർത്തിക്കുന്ന കോർ കമ്പനിയായ VVDN TECHNOLOGIES സംഘടിപ്പിച്ച ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ 2 അവസാനവർഷ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിമാസം 30,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- TERRALOGIC ബാംഗ്ലൂർ നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിനിയായ അനുഷ ജോണിന് ജോലി ലഭിച്ചു.
- KIEBOT TECHNOLOGIES സംഘടിപ്പിച്ച ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ ഫെബിൻ ജോൺസൺ എന്ന അവസാനവർഷ വിദ്യാർത്ഥിക്ക് ജോലി ലഭിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. സെപ്തംബർ, ഒക്ടോബർ മാസങ്ങൾ ഇന്ത്യയിലെ വിവിധ കലാലയങ്ങളിലെ വിവിധ കോഴ്സുകൾക്കുള്ള അഡ്മിഷൻ നടക്കുന്ന സമയമാണല്ലോ. ഇപ്പോൾ വിവിധ പരിശീലനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ കുട്ടികളെ ഇത്തരം പരീക്ഷകളെപ്പറ്റി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിക്കുമല്ലോ. 2021 സെപ്തംബർ - ഒക്ടോബർ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1,A2, B1 കോഴ്സുകളുടെ പുതിയ ബാച്ച് സെപ്തംബർ 13 മുതൽ ആരംഭിക്കുന്നു. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് ജോലി സംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

## 4. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

## മുക്തിശ്രീ പ്രതിഷേധിച്ചു

ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മതത്തെ അവഹേളിക്കാൻ അനുവദിക്കില്ലെന്ന ഉറച്ച നിലപാടുമായ് ഓഗസ്റ്റ് രണ്ടിന് മുക്തിശ്രീ അംഗങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രതിഷേധ മീറ്റിംഗുകൾ സംഘടിപ്പിച്ചു. അതിരൂപതാ പ്രസിഡന്റ് ഷിനോ പാറയ്ക്കൽ, ജിൻസി കുഴിമുള്ളിൽ, ബിന്നി കിഴക്കേക്കര എന്നിവർ നേതൃത്വം നൽകി.

## ലികർ കിറ്റ് കേരള : ഓഗസ്റ്റ് 9

മദ്യശാലകളുടെ എണ്ണം ആറിരട്ടിയായി വർദ്ധിപ്പിക്കാൻ തിടുക്കം കാണിക്കുകയും മദ്യപന്മാർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കുവാൻ വ്യഗ്രതപ്പെടുകയും ചെയ്യുന്ന സർക്കാർ അശരണരേയും രോഗികളെയും അവഗണിക്കുകയാണെന്ന് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ ഡയറക്ടർ എന്നിവർ പ്രസംഗിച്ചു.

---

ക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിക്കുകയാണ്. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/– രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/– രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

## സ്ത്രീപീഡനം നിയമങ്ങൾ കർക്കശമാക്കണമെന്ന് ആവശ്യപ്പെട്ട് മുക്തിശ്രീ ധർണ്ണ

സ്ത്രീധന പീഡനം സംബന്ധിച്ചു നിയമങ്ങൾ കർക്കശമാക്കണമെന്നും അത് പ്രവൃത്തി പഥത്തിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് ഓഗസ്റ്റ് 12-ന് മുക്തിശ്രീ ധർണ്ണ സംഘടിപ്പിച്ചു. അതിരൂപതാ പ്രസിഡന്റ് ഷിനോ പാറയ്ക്കൽ, മേരി ആലയ്ക്കാമറ്റത്തിൽ, തങ്കമ്മ പാലമറ്റം, മേരി പാലയ്ക്കലോടി എന്നിവർ പ്രസംഗിച്ചു.

## ഓഗസ്റ്റ് 15 ദേശീയോദ്ഗ്രഥന ദിനാചരണം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ ഓഗസ്റ്റ് 15 ദേശീയോദ്ഗ്രഥന ദിനാചരണമായി കൂടി ആചരിച്ചു. രാവിലെ 9-ന് ഇരിട്ടിയിൽ മാർ ജോസഫ് പാംപ്ലാനിയും വൈകുന്നേരം 4 മണിക്ക് മാങ്ങോട് ഫാ. ചാക്കോ കുടിപ്പറമ്പിലും ഉദ്ഘാടനം നിർവ്വഹിച്ചു. പ്രഭാഷണങ്ങൾ, ഭാരതത്തിന് വേണ്ടിയുള്ള പ്രാർത്ഥനാ സമർപ്പണം, പതാകവന്ദനം, ദേശീയഗാനം, മധുരപലഹാര വിതരണം ഇവ ഉണ്ടായിരുന്നു. ഫാ. ആന്റണി ആനക്കല്ലിൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ എന്നിവർ നേതൃത്വം നല്കി.

## അപലപിച്ചു

അഗതിമന്ദിരങ്ങളിലെ അന്തേവാസികളുടെ പെൻഷൻ റദ്ദാക്കിയ സർക്കാർ നടപടിയെ മുക്തിശ്രീ അപലപിച്ചു. പെൻഷൻ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു. ഓഗസ്റ്റ് 16-ന് വിവിധ സ്ഥലങ്ങളിൽ പ്രതിഷേധ മീറ്റിംഗുകൾ നടന്നു. മുക്തിശ്രീ അതിരൂപതാ പ്രസിഡന്റ് ഷിനോ പാറയ്ക്കൽ, സോളി രാമച്ചനാട്ട്, ഷെൽസി കാവനാടി എന്നിവർ പ്രസംഗിച്ചു.

## തലശ്ശേരി ശ്രീനാരായണ ഗുരു ജയന്തി ആഘോഷം

തലശ്ശേരി കുടിക്കളം ശ്രീനാരായണ ധർമ്മ പരിപാലന സംഘം ക്ഷേത്രത്തിൽ നടന്ന ജയന്തി ആഘോഷങ്ങൾ ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. സത്യൻ പൊന്ന്യം, ചന്ദ്രൻ, മാധവൻ ചാലിയത്ത്, മോഹനൻ എരഞ്ഞോളി എന്നിവർ പ്രസംഗിച്ചു.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# എ.കെ.സി.സി

## കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രവർത്തന റിപ്പോർട്ട്

പനത്തടി ഫൊറോനയിലെ പടുപ്പ് ഇടവക കമ്മിറ്റിയുടെ നേതൃത്വത്തിൽ 41 കുടുംബാംഗങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. അതിരൂപതാ വൈസ് പ്രസിഡണ്ട് പീയൂസ് പറയിടം നേതൃത്വം നൽകി.

ജോൺ മരിയ വിയാനി പുണ്യാളന്റെ തിരുനാൾ ദിനത്തിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചൻമാരെ ആദരിച്ചു.

12/08/2021 ന് രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഫൊറോന പ്രസിഡണ്ടുമാരുടെയും സംയുക്ത യോഗം ചേർന്നു. രൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗം അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

ആഗസ്റ്റ് പതിനാറാം തീയതി നടക്കുന്ന കർഷക വിലാപ ദിനം വിജയിപ്പിക്കുന്നതിന് വേണ്ടിയുള്ള ചർച്ചകൾ നടന്നു. ബേബി നെട്ടനാനി, ചാക്കോച്ചൻ കാരാമയിൽ, അഡ്വക്കേറ്റ് ബിനോയ് തോമസ്, സിസിലി പുഷ്പക്കുന്നേൽ, ബെന്നി പുതിയാമ്പുറം, ഫിലിപ്പ് വെളിയത്ത്, അഡ്വക്കേറ്റ് ഷീജ കാറുകുളം, പീയൂസ് പറയിടം, ജോർജ്ജ് വടകര എന്നിവർ പ്രസംഗിച്ചു.

### കർഷക വിലാപ ദിനം

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുക, കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കുക, റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് 250 രൂപ ആയി ഉയർത്തുക, വന്യമൃഗങ്ങളെ വനത്തിൽ സംരക്ഷിക്കുക, വന്യമൃഗശല്യം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആഗസ്റ്റ് പതിനാറിന് രൂപതയിലെ 110 കേന്ദ്രങ്ങളിൽ കേന്ദ്ര കേരള സർക്കാർ ഓഫീസുകൾക്ക് മുൻപിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നിൽപ്പ് സമരം നടത്തി. സമരത്തിന്റെ അതിരൂപതാതല ഉദ്ഘാടനം തലശ്ശേരിയിൽ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. മാർ ജോർജ് വലിയമറ്റം അനുഗ്രഹ പ്രഭാഷണം നടത്തി. ഫാദർ ഫിലിപ്പ് കവിയിൽ, ഫാദർ ബെന്നി നിരപ്പേൽ, ഫാദർ ടോം ഓലിക്കരോട്ട്, ഫാദർ വിപിൻ വടക്കേപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. പയ്യന്നൂർ മേഖലാതല ഉദ്ഘാടനം അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ നിർവ്വഹിച്ചു. വിവിധ മേഖലകളിൽ സമരങ്ങൾക്ക് ബേബി നെട്ടനാനി,ചാക്കോച്ചൻ കാരാമയിൽ, ബെന്നി പുതിയാമ്പുറം, ഫിലിപ്പ് വെളിയത്ത്, അഡ്വക്കേറ്റ് ബിനോയ് തോമസ്, ജോർജ് വടകര, പീയൂസ് പറയിടം,

സിസിലി പുഷ്പകുന്നേൽ, അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ, ജോർജ്ജ് കാനാട്ട്, ബെന്നിച്ചൻ മഠത്തിനാൽ, അൽഫോൺസ് കളപ്പുര, മാത്യു വള്ളാംകോട്ട്, ടോമി വെട്ടിക്കാട്ട്, മൈക്കിൾ ചാണ്ടിക്കൊല്ലി, വർഗീസ് പള്ളിച്ചിറ, ജിമ്മി അയിത്തമറ്റം, അബ്രഹാം ഈറ്റക്കൽ, ഡേവിസ് ആലങ്ങാടൻ, ജോർജ് വലിയമറത്താങ്കൽ, ജോസ് ഏത്തക്കാട്, ടോമി കണയങ്കൽ, ജോസ് പുന്നോത്, ജോണി തോലമ്പുഴ, സെബാസ്റ്റ്യൻ ജാതികുളം, സിജോ ചിലമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

## ജോർജ് അർത്തനാക്കുന്നേൽ അനുസ്മരണം

വായാട്ടുപറമ്പ് ഫൊറോന പ്രസിഡണ്ട് ആയിരുന്ന ജോർജ് അർത്തനാക്കുന്നേലിന്റെ അനുസ്മരണം ആഗസ്റ്റ് പതിനാലാം തീയ്യതി വായാട്ടുപറമ്പ് വെച്ച് നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ അനുസ്മരണ പ്രഭാഷണം നടത്തി. ഫൊറോന വികാരി ഫാദർ കുര്യാക്കോസ് കളരിക്കൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം അഡ്വക്കേറ്റ് ബിനോയ് തോമസ്, ഗ്രാമിക യൂണിറ്റ് പ്രസിഡണ്ട് സി മോഹനൻ, ബി പോസിറ്റീവ് ഗ്രൂപ്പ് പ്രസിഡണ്ട് സജി തെക്കേകൊട്ടാരം, ഇടവക കോഡിനേറ്റർ മാത്യു പൂനാച്ചിയിൽ, ജിമ്മി മേലുകുന്നേൽ എന്നിവർ പ്രസംഗിച്ചു. ഫൊറോന ഡയറക്ടർ ഫാദർ ദീപു കാരക്കാട്ട് സ്വാഗതവും ഫൊറോനാ പ്രസിഡണ്ട് ജോസ് ഏത്തക്കാട്ട് നന്ദിയും പറഞ്ഞു.

വായാട്ടുപറമ്പ് ഫൊറോനയുടെ പുതിയ പ്രസിഡണ്ട് ആയി ജോസ് ഏത്തക്കാട്ടിനെ തെരഞ്ഞെടുത്തു.

## ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി യോഗം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി യോഗം തൃശ്ശൂരിൽ വെച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം എന്നിവർ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
അതിരൂപത പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
അതിരൂപത ഡയറക്ടർ

# നിർമ്മലഗിരി വാർത്തകൾ

വീണ്ടും മികച്ച നേട്ടങ്ങളുടെ മാസം; അതാണ് നിർമ്മലഗിരി കോളേജിനെ സംബന്ധിച്ച് എടുത്തുപറയേണ്ട വാർത്ത. കണ്ണൂർ സർവകലാശാലയുടെ ബിരുദം, ബുരുദാനന്തര ബിരുദ പരീക്ഷകളിൽ യൂണിവേഴ്സിറ്റിയിൽ തന്നെ ഉന്നത വിജയം നേടാനായത് കോളജിനെ സംബന്ധിച്ച് വലിയ നേട്ടമായി.

ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഫിസിക്സ്, ഇക്കണോമിക്സ് വിഭാഗങ്ങൾ 100 % വിജയവും ആര്യാ റോസ് തോമസ്, സിംമ്നാ എൻ.പി എന്നിവർ യഥാക്രമം രണ്ടാം റാങ്കും നേടി. കെമിസ്ട്രി വിഭാഗത്തിന് 91.6% വിജയമാണ് ലഭിച്ചത്. കൂടാതെ രേവതി പി.വി. രണ്ടാം റാങ്കും നേടി.

ബിരുദ പരീക്ഷയിൽ സയൻസ്, ആർട്സ് വിഷയങ്ങളിൽ ഉജ്ജ്വല വിജയമാണ് ലഭിച്ചത്. ഫിസിക്സിൽ 100% വിജയവും 16 എ പ്ലസും നേടാനായി. കണ്ണൂർ യൂണിവേഴ്സിറ്റി കീഴിലെ കോളേജുകളിൽ ഫിസിക്സിൽ 100% വിജയശതമാനം നേടുന്ന ഒരേയൊരു കോളേജാണ് നിർമ്മലഗിരി കോളേജ്. മാത്സ് ഡിപ്പാർട്ട്മെന്റ് യൂണിവേഴ്സിറ്റി കീഴിൽ കോളേജുകളിൽ ഏറ്റവും കൂടുതൽ വിജയ ശതമാനവും 14 എ പ്ലസും കരസ്ഥമാക്കി. 84. 62 ശതമാനമാണ് വിജയം. വിജയ ശതമാനത്തിൽ ബോട്ടണി ഡിപ്പാർട്ട്മെന്റ് യൂണിവേഴ്സിറ്റിയിൽ രണ്ടാം സ്ഥാനത്താണ്. 91.8 ശതമാനവും 4 എ പ്ലസും ഉണ്ട്. കെമസ്ട്രി വിഭാഗം 14 എപ്ലസ് വാങ്ങി യൂണിവേഴ്സിറ്റിയിൽ ഏറ്റവും കൂടുതൽ എ പ്ലസ് ഉള്ള കോളേജായി മാറി. സുവോളജി ഡിപ്പാർട്ട്മെന്റ് യൂണിവേഴ്സിറ്റി തലത്തിൽ മൂന്നാം സ്ഥാനവും 3 എ പ്ലസും ലഭിച്ചു. ഹോം സയൻസ് വിഭാഗം മുൻ വർഷങ്ങളിലേതുപോലെ ഒന്നാംസ്ഥാനത്തു തന്നെയാണ്.

ഇക്കണോമിക്സിൽ 72.34% വിജയവുമായി യൂണിവേഴ്സിറ്റിയിൽ ഏറ്റവും കൂടുതൽ വിജയ ശതമാനം നിർമ്മലഗിരി കോളേജ് നേടി. മൂന്നാം റാങ്കും 3 എ പ്ലസും ഒമ്പത് എ ഗ്രേഡുമുണ്ട് കോളേജിന്. മലയാളത്തിൽ യൂണിവേഴ്സിറ്റിയിൽ ഏറ്റവും കൂടുതൽ വിജയ ശതമാനം നിർമ്മലഗിരി കേളേജിനാണ്. 88.57%. മൂന്നാം റാങ്കും ഒരു എ പ്ലസും 18 എ ഗ്രേഡും കരസ്ഥമാക്കി.. യൂണിവേഴ്സിറ്റിയിൽ മലയാളത്തിൽ ഏറ്റവും കൂടുതൽ എ ഗ്രേഡുമുള്ള കോളേജായി. വിജയ ശതമാനത്തിൽ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റും മികച്ച നേട്ടമാണ് കൈവരിച്ചത്. 72.73 ശതമാനം വിജയവും 5 എ ഗ്രേഡും നേടി യൂണിവേഴ്സിറ്റിയിൽ നിർമ്മലഗിരി ഒന്നാം സ്ഥാനത്താണ്. ഇംഗ്ലീഷ് വിഭാഗം 72.5 ശതമാനം വിജയവും 10 എഗ്രേഡും നേടി നാലാം സ്ഥാനത്തുമുണ്ട്. കോമേഴ്സ് വിഭാഗം ഒന്നാം റാങ്കുൾപ്പെടെ 4 എ പ്ലസും 12 എ ഗ്രേഡും നേടി കണ്ണൂർ യൂണിവേഴ്സിറ്റിയിലെ 74 കോമേഴ്സ് വിഭാഗങ്ങളിൽ 8-ാം സ്ഥാനത്തെത്തി.

നിർമ്മലഗിരി കോളേജ് ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന കണ്ണൂർ യൂണിവേഴ്സിറ്റി ഇന്റർ കോളേജിയേറ്റ് കളരിപ്പയറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനവും മൂന്നാം സ്ഥാനവും

നേടാനായതും കേളജിനെ സംബന്ധിച്ച് വലിയ നേട്ടമായി.വനിതാ വിഭാഗത്തിൽ ഒന്നാം സ്ഥാനവും പുരുഷ വിഭാഗത്തിൽ മൂന്നാം സ്ഥാനവുമാണ് നിർമ്മലഗിരിക്ക് ലഭിച്ചത്.

വിജയികൾക്ക് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. കെ.വി.ഔസേപ്പച്ചൻ സമ്മാനം നൽകി. ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് അസി. പ്രഫ. ഷിനിൽ കുര്യാക്കോസ്, ഡോ. സാബു സെബാസ്റ്റ്യൻ, ഡോ. ജോഷി ജോസഫ് എന്നിവർ നേതൃത്വം നൽകി. യൂണിവേഴ്സിറ്റി തലത്തിൽ നടത്തിയ സോഫ്റ്റ്ബോൾ മത്സരത്തിൽ വനിതാ വിഭാഗത്തിൽ നിർമ്മലഗിരി ചാമ്പ്യന്മാരായി. ഇതും കോളേജിനെ സംബന്ധിച്ച് വലിയ അഭിമാനത്തിന്റെ നിമിഷമായി.

കരിയർ ഗൈഡൻസ് ആൻഡ് പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നിരന്തര പരിശ്രമത്തിന്റെയും പരിശീലനത്തിന്റെയും ഫലമായി കോളേജിൽ നിന്ന് ഈ വർഷം 11 പേർക്ക് സൗത്ത് ഇന്ത്യൻ ബാങ്കിൽ ജോലി ലഭിച്ചത് വലിയ നേട്ടമായി. സെൽ കൺവീനർ അസി. പ്രഫ. ദീപു ജോസഫിന്റെ നേതൃത്വത്തിലാണ് ഇതിനുള്ള പരിശ്രമങ്ങൾ നടന്നത്.

ഓഗസ്റ്റ് രണ്ടിന് കോളേജ് ആന്റി ഡ്രഗ്ഗ് സെല്ലിന്റെ പ്രവർത്തനോത്ഘാടനം കേളകം എസ്.ഐ ജാൻസി മാത്യു നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.വി ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. കമ്മിറ്റി കൺവീനർ ഡോ. സി. ജെസ്സി വർഗീസ് സ്വാഗതം പറഞ്ഞു. കോളേജ് വൈസ് പ്രിൻസിപ്പാൾ റവ.ഡോ.ജോബി ജേക്കബ് ആശംസയർപ്പിച്ചു. വിദ്യാർത്ഥി പ്രതിനിധി അലൻ കെ. അഗസ്റ്റിൻ നന്ദി പറഞ്ഞു. അബ് സി ഡോൺ എന്ന പേരിൽ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്യാംപയിനും സംഘടിപ്പിച്ചു.

ഓഗസ്റ്റ് നാലിന് നിർമ്മലഗിരി കോളേജ് നാഷണൽ സർവീസ് സ്കീം ബോഡി പൊളിറ്റിക്സ് - സൊസൈറ്റൽ നോമ്സ് ആൻഡ് ഇറ്റ്സ് അനാലിസിസ് എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. ട്രാൻസ് വുമണും നർത്തകിയും കൊറിയോഗ്രാഫറുമായ ഇഷാ കിഷോർ മുഖ്യപ്രഭാഷണം നടത്തി. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു, സെസി തോമസ് , അൽഫോൻസാ ജോസഫ്, സ്വാതി ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ആറിന് നിർമ്മലഗിരി കോളേജ് എൻ. സി. സി. 9 കേരള ബറ്റാലിയൻ കോഴിക്കോടിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സൗഹൃദ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കോളേജ് പരിസരത്തെ വീടുകളിൽ നിന്ന് പ്ലാസ്റ്റിക്കും മറ്റ് പാഴ് വസ്തുക്കളും ശേഖരിച്ച് കണ്ണൂരിലെ പരിയാരത്ത് പ്രവൃത്തിക്കുന്ന ജൈവ മാലിന്യ സംസ്കരണ യൂനിറ്റായ 'നെല്ലിക്ക' ലേക്ക് എത്തിച്ചു കൊടുത്തു. ലഫ്. കേണൽ ഡോ. സുജ മറിയാമ്മ ജോഷ്വ, കേഡറ്റ് സി.കെ അരുണിമ എന്നിവർ നേതൃത്വം നൽകി.

ഒമ്പതിന് നിർമ്മലഗിരി കോളേജ് എൻ എസ് എസ് യൂണിറ്റും വേൾഡ് വിതൗട്ട് വാർ എന്ന സംഘടനയും സംയുകതമായി ഹിരോഷിമ -നാഗസാക്കി ദിനാചാരണം നടത്തി. വേൾഡ് വിതൗട്ട് വാർ അംഗം പ്രേമരാജൻ കെ പി അധ്യക്ഷനായി. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ വി ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രമുഖ ഗാന്ധിയനും ഗാന്ധി പീസ് ഫൗണ്ടേഷൻ ഗവേണിംഗ് ബോഡി അംഗവുമായ ഡോ. എം പി മത്തായി 'ആണവ ബോംബും അഹിംസയും' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. പയ്യന്നൂർ കോളേജ് എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. സുജിത് കെ വി, സർ സയ്യിദ് കോളേജ് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. മുംതാസ്, നിർമ്മലഗിരി കോളേജ് എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ ദീപ മോൾ മാത്യു എന്നിവർ പ്രസംഗിച്ചു. നിർമ്മലഗിരി കോളേജ് എൻ എസ് എസ് വോളന്റീയേഴ്സ് ആയ ശ്രേയ ബി, ശാലു ആൻ ജോർജ് എന്നിവരും സംസാരിച്ചു. എസ് എൻ കോളേജ് വോളന്റിയർ വിജയ് എസ് കുമാർ നന്ദി പറഞ്ഞു.

പതിനൊന്നിന് നിർമ്മലഗിരി കോളേജ് എൻ എസ് എസ് യൂണിറ്റും മഹിളാ ശക്തി കേന്ദ്രയും കണ്ണൂർ ജില്ല വുമൻ വെൽഫയർ കമ്മിറ്റിയും സംയുക്തമായി 'ആർത്തവ കാല ശുചിത്വം' എന്ന വിഷയത്തിൽ ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപമോൾ മാത്യു അധ്യക്ഷത വഹിച്ചു. സീതാലയം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഷബാനാ ബീഗം ക്ലാസ്സ് കൈകാര്യം ചെയ്തു. വോളന്റീഴ്സായ സ്വാതി ബാലകൃഷ്ണൻ, ശ്രേയ ബി, ഗോപിക ടി സി എന്നിവർ സംസാരിച്ചു. മഹിളാ ശക്തി കേന്ദ്ര, വുമൻ വെൽഫയർ ഓഫീസർ സീനിയമോൾ എം.സി. സ്വാഗതം പറഞ്ഞു.

ഒമ്പതുമുതൽ പതിമൂന്നുവരെ നിർമ്മലഗിരി കോളേജ് ചരിത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു 'ലാ ലിബ്യൂട്ട് 2K 21 എന്ന പേരിലാണ് പരിപാടി സംഘടിപ്പിച്ചത്. ആഘോഷത്തിൽ ക്വിസ്, പ്രസംഗ മത്സരം, ദേശഭക്തിഗാനം, പോസ്റ്റർ എന്നിങ്ങനെ വിവിധ കലാപരിപാടികൾ നടത്തി. ഓഗസ്റ്റ് 13 ന് ഗാന്ധി ദർശനവും ആധുനിക യുവത്വവും എന്ന വിഷയത്തിൽ പ്രഭാഷണവും സംഘടിപ്പിച്ചു. ഗാന്ധിയനും കേരള ഗവൺമെന്റ് വിമുക്തി പ്രസ്ഥാനത്തിന്റെ പ്രവർത്തകനുമായ തൃക്കരിപ്പൂർ രാഘവൻ മാസ്റ്റർ മുഖ്യാതിഥിയായിരുന്നു. കോളേജ് പ്രിൻസിപ്പാൽ ഡോ.ഔസേപ്പച്ചൻ കെ.വി ഉദ്ഘാടനം ചെയ്തു.

15 ന് നിർമ്മലഗിരി കോളേജ് എൻ എസ് എസ് യൂണിറ്റ് സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി 'അഹിംസാ ദർശനവും നവലോകവും' എന്ന വിഷയത്തിൽ ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. ആകാശവാണി റിട്ടയർഡ് പ്രോഗ്രാം ഓഫീസറും ഗാന്ധിയനും എഴുത്തുകാരനുമായ ശ്രീധരനുണ്ണി പി. പി മുഖ്യപ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ.കെ വി ഔസേപ്പച്ചൻ ഉദ്ഘാടനം നിർവഹിച്ചു. എൻ.എസ്.എസ്

പ്രോഗ്രാം ഓഫീസർ ഡോ. ദീപ മോൾ മാത്യു അധ്യക്ഷത വഹിച്ചു. വോളന്റിയേഴ്സായ ആർഷ ജോണി, അമിൽ വർഗീസ്, അഖിൻ സെബാസ്റ്റ്യൻ, സോബിൻ ജോസഫ്, വിസ്മയ കെ വി എന്നിവരും സംസാരിച്ചു. സ്വാതന്ത്ര്യ ദിനാലോഷത്തിന്റെ ഭാഗമായി ധാരാളം മത്സരങ്ങളും സംഘടിപ്പിച്ചു.

കോളജ് എൻ.സി.സി 9 കേരള ബറ്റാലിയൻ കോഴിക്കോടും 31 കേരള ബറ്റാലിയൻ കണ്ണൂരും സംയുക്തമായി സ്വാതന്ത്ര്യ ദിനം ആചരിച്ചു. കോഴിക്കോട് ഗ്രൂപ്പ് കമാൻഡർ ബ്രിഗേഡിയർ.എ.വൈ. രാജൻ പരിപാടി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. ലഫ്. കേണൽ മനോജ് കുമാർ സിൻഹ മുഖ്യാതിഥി ആയിരുന്നു. ലഫ്. കേണൽ ഡോ. സുജാ മറിയാമ്മ ജോഷ്വാ സ്വാഗതവും കെയർ ടേക്കർ അസി. പ്രഫ. പ്രഫുൽ വർക്കിച്ചൻ നന്ദിയും പറഞ്ഞു.

16 ന് കോളേജിൽ നടന്ന ചടങ്ങിൽ കണ്ണൂർ യൂണിവേഴ്സിറ്റി ബിരുദ പരീക്ഷയുടെ ഉന്നത വിജയം നേടിയ ഡിപ്പാർട്ടുമെന്റുകളെയും യുവ ശാസ്ത്ര പ്രതിഭകളായ ഡോ. നൈജിൽ തോമസ്, ഡോ. സിബി ഫിലിപ്പ്, ഡോ. ജോജി കുര്യൻ, ഡോ. ചിത്ര, ഡോ. സാബു സെബാസ്റ്റ്യനേയും നിർമ്മലഗിരി അധ്യാപക സമൂഹത്തിലേക്ക് എത്തിയ കെമിസ്ട്രി വിഭാഗത്തിലെ ഡോ. സുമി ജോസഫ് ഡോ. എബിൻ സെബാസ്റ്റ്യൻ, ഡോ. ഏവിസ് ട്രീസാ ബാബു, ഡോ. അജേഷ് പി തോമസ് കോമേഴ്സ് വിഭാഗത്തിലെ സി. റിൻസി എലിസബത്ത്., ശ്രി.റോഷൻ തോമസ്, ശ്രീ.കമിലോ ജോസഫ് എന്നിവരേയും മാനേജ്മെന്റ് അനുമോദിച്ചു. കോളേജ് മാനേജരും തലശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംബ്ലാനി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഔസേപ്പച്ചൻ കെ.വി ആമുഖ പ്രഭാഷണം നടത്തി. ബർസാർ ഫാ. ഷാജി തെക്കേമുറി ആശംസയർപ്പിച്ചു. സ്റ്റാഫ് സെക്രട്ടറി ഫാ. മാർട്ടിൻ ജോസഫ് സ്വാഗതം പറഞ്ഞു. ഐക്യു എസി കോ ഓർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ റിസൾട്ട് അനാലിസിസ് നടത്തി.

18 ന് നിർമ്മലഗിരി കോളേജ് എൻഎസ്എസ് വിദ്യാർത്ഥികൾ പെരുവ കോളനിയിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും മധുരപല ഹാരങ്ങളും അടങ്ങുന്ന ഓണസമ്മാനം കൈമാറി. എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപമോൾ മാത്യു, ഡോ. ജെയ്സൺ ജോസഫ് എന്നിവർ നേതൃത്വം നൽകിയ പരിപാടിയിൽ വോളന്റിയർമാരായ സ്വാതിബാലകൃഷ്ണൻ, ഗോപിക. ടി.സി, മുഹമ്മദ് അമീർ, നിവേദ്, ആർഷ ജോണി, റാഹിയ എന്നിവരും പങ്കെടുത്തു.

ഓണത്തോടനുബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളും എൻഎസ് എസും നിരവധി ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ച് ഓണം ആഘോഷമാക്കി. 22 ന് നിർമ്മലഗിരി എൻ എസ് എസും മലയാള വിഭാ ഗവും സംയുക്തമായി ലോക നാട്ടറിവ് ദിനത്തിന്റെ ഭാഗമായി 'ഫോക് ലോറിന്റെ പ്രാഥമിക പാഠങ്ങൾ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രമുഖ ഫോകലോറിസ്റ്റും കവിയും അധ്യാപകനുമായ ഡോ.

സോമൻ കടലൂർ സംസാരിച്ചു. മലയാള വിഭാഗം അധ്യക്ഷൻ ഫാ. മാർട്ടിൻ ജോസഫ് അധ്യക്ഷത വഹിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ജെയ്സൻ ജോസഫ്, ഡോ. ദീപാ മോൾ മാത്യു എന്നിവർ സംസാരിച്ചു. വോളന്റീയേഴ്സായ അലീന ഉലഹന്നാൻ, സഞ്ജയ് ഷാജി, അമർജിത്ത്, ജോസഫ്ൻ, അൽഫോൻസ എന്നിവർ സംസാരിച്ചു.

സുവോളജി വിഭാഗം അന്താരാഷ്ട്ര സമുദ്ര ദിനത്തിന്റെ ഭാഗമായി 'Ocean - A Continual Miracle' എന്ന വിഷയത്തെകുറിച്ച് വെബിനാർ നടത്തി. കൊച്ചി സെൻട്രൽ മറൈൻ ഫിഷറീസ് റിസേർച്ച് ഇസ്റ്റിറ്റ്യൂട്ടിലെ ഗവേഷക വിദ്യാർത്ഥിയായ അഞ്ചു ആർ വിദ്യാർത്ഥികളുമായി സംവദിച്ചു.

സൂവോളജി തിരഞ്ഞെടുത്തു പഠിക്കുന്ന കുട്ടികൾക്ക് ദിശാബോധം ലഭിക്കുക എന്ന ഉദ്ദേശത്തോടെ 'A future in life science' എന്ന വിഷയത്തെ കുറിച്ച് കേരളത്തിലെ അറിയപ്പെടുന്ന ലൈഫ് സയൻസ് നെറ്റ് കോച്ചിങ് സെന്റർ ആയ ലൈഫ് സയൻസ് അക്കാഡമിയുടെ ഡയറക്ടർ ശ്രീ കിരൺ കുമാർ രാധേയം വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു.

വേൾഡ് സൂനോസെസ് ഡേയുടെ ഭാഗമായി 'Viral Zoonoses' എന്ന വിഷയത്തെ ആസ്പദമാക്കി Purdue University, ഡിപ്പാർട്ട്മെന്റ് ഓഫ് കംപാരറ്റീവ് പാതോബയോളജിയിലെ (USA) പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയ ഡോ. ജോബിൻ ജോസ് കാട്ടൂറിന്റെ നേതൃത്വത്തിൽ വെബിനാർ സംഘടിപ്പിച്ചു.

കണ്ടൽ കാടുകളെകുറിച്ച് അന്താരാഷ്ട്ര കണ്ടൽ ദിനാചരണത്തിന്റെ ഭാഗമായി 'Incredible Mangrove Ecosystem: Status, Services and Biodiversity' എന്ന വിഷയത്തെ കുറിച്ച് കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജിയിലെ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയ ഡോ. റാണി വർഗീസ് വിദ്യാർത്ഥികളുമായി സംവദിച്ചു.

ഓൺലൈനായാലും നിറഞ്ഞ പ്രവർത്തനം നടത്താൻ കഴിയും എന്ന് വീണ്ടും തെളിയിച്ച മാസമാണ് കടന്നുപോയത്. അധ്യാപകരും വിദ്യാർത്ഥികളും സജീവമായി നിറഞ്ഞു നിന്നതിനാൽ കോളേജിന് വളരെ അഭിമാനം നിറഞ്ഞ പ്രവർത്തനമാണ് കാഴ്ചവയ്ക്കാനായത്.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# ഇൻഫാം വാർത്തകൾ

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, കർഷക സുഹൃത്തുക്കളെ,

ഇൻഫാമിനോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും സഹകരണത്തിനും ആദ്യമെ നന്ദി അറിയിക്കുന്നു. നമ്മുടെ അതിരൂപത കർഷകർക്കു വേണ്ടി നിലനിൽക്കുന്ന അതിരൂപതയാണ് നാളിതുവരെ അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവും, മാർ ജോസഫ് പാംപ്ലാനി പിതാവും കർഷകരുടെ ഉന്നമനത്തിനായി നിലപാടുകൾ എടുക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു വരുന്നു. ഇൻഫാമിന്റ കണ്ണൂർ, കാസർഗോഡ് ജില്ലാ കമ്മറ്റികളുടെയും. വിവിധ ഫൊറോനാ കമ്മറ്റികളുടെയും നേതൃത്വവും ഇൻഫാം സംഘടനയെ നന്നായി മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്നു. ഇൻഫാം ദേശീയ ഡയറക്ടർ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അച്ചന്റെയും. സംസ്ഥാന സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി അച്ചന്റെയും നിർദ്ദേശങ്ങളും നേതൃത്വവും നമ്മുടെ ഇൻഫാമിനൊരു അനുഗ്രഹമാണ്.

## സെപ്റ്റംബർ അംഗത്വ സ്വീകരണ മാസം

പ്രിയപ്പെട്ടവരെ നമ്മുടെ സംഘടന കുറച്ചു കൂടി ശക്തിപ്പേടേണ്ടതുണ്ട്. അതിന്റെ *ആദ്യപടി നമ്മുടെഎല്ലാ ഇടവകകളിലും സംഘടനയ്ക്ക് യൂണിറ്റ് ഉണ്ടാവുക എന്നതാണ്*. സെപ്റ്റംബർ 30 ന് ഉള്ളിൽ നമ്മുടെ മുഴുവൻ ഇടവകളിലും യൂണിറ്റുകൾ സ്ഥാപിക്കുകയും ഭാരവാഹികളുടെ ലിസ്റ്റ് ബഹു.ഫൊറോന ഡയറക്ടർ അച്ചൻമാർക്ക് നല്കുകയും ചെയ്യുമല്ലോ. അഞ്ച് പേര് മുതൽ ഇരുപത്തിയഞ്ച് പേര് വരെ അടങ്ങുന്ന ഒരു യൂണിറ്റ് ആരംഭിക്കാം ഒപ്പം വനിതയൂണിറ്റുകളും സാഹചര്യവും പ്രാധാന്യവും അനുസരിച്ച് തുടങ്ങാവുന്നതാണ്. (eg. വനിതാ സംരംഭങ്ങൾ തുടങ്ങുക, മൂല്യവർദ്ധക ഉൽപന്നങ്ങൾ ഉണ്ടാക്കുക etc.)

ഇൻഫാം ശക്തിപ്പെടണം എങ്കിൽ കർഷകർക്ക് ഉപകാരപ്രദമായ കാര്യങ്ങൾ നാം ചെയ്തു തുടങ്ങണം അതിനായി ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി ചെറുകിട സംരംഭങ്ങൾ ഇടവക തലത്തിലൊ ഫൊറോന തലത്തിലൊ ആരംഭിക്കുക.അതിനായി അഞ്ച് പേരടങ്ങുന്ന SHGകൾ രൂപീകരിച്ച് ലോണിന് അപേക്ഷിച്ചാൽ ചെറിയ പലിശയ്ക്ക് ലോണും ഒപ്പം സബ്സിഡിയും ലഭ്യമാണ്.

2. ഇൻഫാമിന്റ നേതൃത്വത്തിൽ ഫൊറോനയിലെ എല്ലാ ഇടവകളിലെയും ഭാരവാഹികളെ ചേർത്ത് ഫൊറോനാതല വാട്സപ്പ്

കൂട്ടായ്മയും ഇടവകാതല കർഷക കൂട്ടായ്മയും ആരംഭിക്കുകയും ഗവൺമെന്റിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങളും കൃഷിഭവൻ മുഖേന ലഭിക്കുന്ന സബ്സിഡികളും പരമാവധി കർഷകരിലേയ്ക്കും എത്തിക്കുക.

3. ഇൻഫാം മുൻകൈ എടുത്ത് മുഴുവൻ കർഷകരെയും കർഷക ക്ഷേമ പെൻഷനിൽ അംഗമാക്കുവാൻ കർഷകരെ സഹായിക്കുക.

4. യുവകർഷകരെ പരമാവധി ഇൻഫാമിൽ അംഗമാകാൻ പ്രോത്സാഹിപ്പിക്കുക.

5. ജൈവകൃഷി രീതിയെ പ്രോത്സാഹിപ്പിക്കുക. (NETSURF - Biofit Hcp Nano technology യിൽ വികസിപ്പിച്ചെടുത്ത ജീവാണുവളം ആണ് ഇതിനെക്കുറിച്ച് അറിയണമെങ്കിൽ കമ്പനിയുടെ മാർക്കറ്റിംഗ് ആളുകൾ ഇടവകയിൽ വന്ന് ഇതിനെക്കുറിച്ച് വിശദമായി പരിചയപ്പെടുത്തുന്നതും വളം എത്തിച്ചു നല്കുന്നതും ആണ്)

## കർഷക അവകാശദിനം

ചിങ്ങം ഒന്ന് കർഷ അവകാശദിനം ആയി ഇൻഫാമിന്റ നേതൃത്വത്തിൽ സംസ്ഥാനം ഒട്ടാകെ ആചരിച്ചു. നമ്മുടെ അതിരൂപതയിൽ നൂറോളം കൂട്ടായ്മകൾ സംഘടിപ്പിച്ച ബഹു. അച്ചൻമാരെയും ഇൻഫാംകർഷക നേതാക്കളെയും അഭിനന്ദിക്കുന്നു. കണ്ണൂർ ജില്ലാതല ഉൽഘാടനം തലശ്ശേരിയിൽ വച്ച് നടന്നു.ഉത്ഘാടനം അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് നിർവ്വഹിച്ചു. ജില്ലാ പ്രസിഡന്റ് ശ്രീ. സ്കറിയ നെല്ലംകുഴി അദ്ധ്യക്ഷനായ പ്രസ്തുത മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ ഫാ. തോമസ് ചെരുവിൽ വിഷയാവതരണവും മാർ ജോസഫ് പാംപ്ലാനി മുഖ്യ പ്രഭാഷണവും മാർ ജോർജ് വലിയമറ്റം അനുഗ്രഹ പ്രഭാഷണവും. അഡ്വ. ബിനോയി തോമസ് ഡൽഹിയിൽ നടക്കുന്ന കർഷക സമരത്തിൽ പങ്കെടുത്ത അനുഭവവും പങ്കുവച്ചു. പ്രസ്തുത മീറ്റിംഗിൽ നമ്മുടെ അതിരൂപതയിൽ നിന്നും ഡൽഹിയിൽ നടക്കുന്ന കർഷകസമരത്തിൽ പങ്കെടുത്തവരെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഷാൾ അണിയിച്ച് ആദരിച്ചു.

കാസർഗോഡ് ജില്ലാതല ഉദ്ഘാടനം ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഇൻഫാം മുൻ അതിരൂപതാ ഡയറക്ടർ വെരി.റവ.ഡോ. ജോൺസൺ അന്ത്യാംകുളം അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർവ്വഹിച്ചു. ഇരിട്ടി റീജിയന്റ ഉദ്ഘാടനം ഇൻഫാം സംസ്ഥാന സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി നിർവ്വഹിച്ചു. വിവിധ ഫൊറോനകളിലും ഇടവകകളിലും, ഇൻഫാമിന്റ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ കർഷക അവകാശദിനം ആചരിച്ചു. എല്ലാവർക്കും. അഭിനന്ദനങ്ങൾ!

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## ഓഗസ്റ്റ്

7, 14, 21, 28 തീയതികളിൽ കാത്തലിക് അസോസിയേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് സൂം ആപ്പ് വഴിയായി വിശുദ്ധ ബലി അർപ്പിച്ചു.

### ബൈബിൾ ക്വിസ് വിജയികൾ

തലശ്ശേരി ബൈബിൾ അപ്പസ്റ്റോലേറ്റിന്റെയും ആദം മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ ബൈബിൾ ക്വിസിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പങ്കുചേർന്നു.

### ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ

1. നിമ്മി ഏലിയാസ് തേനാപ്പള്ളിയിൽ മുളപ്ര, 2. വീണ ഷിനോജ് ഉളിക്കൽ, 3. തങ്കച്ചൻ പുത്തൻപറമ്പിൽ

### ആൻ മേരിക്ക് ഒന്നാം റാങ്ക്

കണ്ണൂർ യൂണിവേഴ്സിറ്റി ബി എ ഡെവലപ്മെൻറ് എക്കണോമിക്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഭിന്നശേഷിക്കാരിയായ ആൻമേരി പുതുമനയുടെ ഭവനം സന്ദർശിച്ച് തലശ്ശേരി അതിരൂപത ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള മിനിസ്ട്രിയായ ആദം മിനിസ്റ്ററിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയുടെ അഭിനന്ദനങ്ങൾ നേരുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു.

### + 2 ഫുൾ A + വിജയികൾക്ക് അനുമോദനങ്ങൾ

പ്ലസ് ടു പരീക്ഷയിൽ ബധിര വിഭാഗത്തിൽപ്പെട്ട എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ ജിസ്സാ മരിയ പുല്ലാട്ട് ചിറ്റാരിക്കാൽ, അശ്വതി എം. പി. മാത്തിൽ, ഗ്രേസ്മേരി കാരിക്കൽ ഉദയഗിരി എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ച് അനുമോദനങ്ങളും ക്യാഷ് അവാർഡും നൽകി.

### സെപ്റ്റംബർ മാസ പരിപാടികൾ

4, 11, 18, 25 തീയതികളിൽ സൂം ആപ്പ് വഴി വിശുദ്ധ ബലി.

സെപ്റ്റംബർ 8

പരി. അമ്മയുടെ ജനനതിരുനാളാഘോഷം

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### കോവിഡ്-19 മെഗാ വാക്സിനേഷൻ ക്യാമ്പ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊത്ത് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ്-19 മെഗാ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചു. തളിപ്പറമ്പ് ലൂർദ്ദ് ഹോസ്പിറ്റലുമായി സഹകരിച്ച് 3000 ഡോസ് കോവിഷീൽഡ് വാക്സിനാണ് കുറഞ്ഞ നിരക്കിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി വിതരണം ചെയ്തത്. ചെറുപുഴ, കരുവഞ്ചാൽ, ചെമ്പേരി, നെല്ലിക്കാംപൊയിൽ തുടങ്ങിയ കേന്ദ്രങ്ങളിൽ ഒരുക്കിയ ക്യാമ്പുകളിൽ തളിപ്പറമ്പ് റവന്യൂ ഡിവിഷണൽ ഓഫീസറും സബ് ഡിവിഷണൽ മജിസ്ട്രേറ്റുമായ ശ്രീമതി ഇ.പി. മേഴ്സി, ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ്, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ലിസ്സി ടീച്ചർ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംങ് കമ്മിറ്റി ചെയർമാൻ ശ്രീ. ബേബി തോലാനി തുടങ്ങിയ പ്രമുഖരും മറ്റു നിരവധി വിശിഷ്ട വ്യക്തികളും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടു നടത്തിയ ചടങ്ങുകളിൽ പങ്കെടുത്തു.

### ഹൈ-ടെക് പച്ചക്കറികൃഷിയിലെ സംരംഭകത്വ സാധ്യതകൾ - ഓൺലൈൻ പരിശീലനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി ചേർന്ന് കേരള കാർഷിക സർവ്വകലാശാലയും, മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും **ഹൈ-ടെക് പച്ചക്കറികൃഷിയിലെ സംരംഭകത്വ സാധ്യതകൾ** എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. 2021 ഓഗസ്റ്റ് 24 മുതൽ 27 വരെ കർഷകർക്കും കാർഷിക സംരംഭകർക്കും പൊതുജനങ്ങൾക്കുമായാണ് സൗജന്യമായി പരിശീലനം നൽകിയത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നായി 300-ഓളം പേർ പരിപാടിയിൽ പങ്കെടുത്തു.

### അതിജീവനത്തിൽ നിന്ന് സമൃദ്ധിയിലേക്ക്

നൂതന കൃഷിരീതികളുടെ വിവിധ സാധ്യതകളെക്കുറിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി ചേർന്ന് കൃഷിരീതികൾ ഏകോപിപ്പിക്കുന്നതിനെക്കുറിച്ചും കർഷകക്ഷേമവും സുരക്ഷയും മുൻനിർത്തിയുള്ള സംയോജിത ഭക്ഷ്യസുരക്ഷാപദ്ധതി - **അതിജീവനത്തിൽ നിന്ന് സമൃദ്ധിയിലേക്ക്** സംഘടിപ്പിച്ചു. കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ, സബ്

സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങൾ വാങ്ങൽ, പുതിയ കാർഷിക സം രംഭങ്ങൾ ആരംഭിക്കൽ എന്നിവ ഇതിലൂടെ ലക്ഷ്യമിടുന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്, അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി, ഫാ. ജോസഫ് കാവനാടിയിൽ, ഫാ. ബെന്നി നിരപ്പേൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ജോബി ചെരുവിൽ, ഫാ. തോമസ് തയ്യിൽ, ഫാ. മാത്യു ആശാരിപറമ്പിൽ, ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, ഫാ. ജോൺസൺ വേങ്ങപറമ്പിൽ, ജോസ് തയ്യിൽ, ആന്റണി നിരപ്പേൽ, റോയിച്ചൻ കാവനാടി, ഡി.പി. ജോസ്, ജോസ് റ്റിൻ തുടങ്ങിയവർ പങ്കെടുത്തു.

## ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതി – മൂന്നാംഘട്ടം

സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസുമായി നിരന്തര ഇടപെടലുകളിലൂടെ മറ്റേതു ഇൻഷൂറൻസ് പദ്ധതികളേക്കാളും മികച്ച രീതിയിൽ ആശാകിരണം ഇൻഷൂറൻസ് പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവരാൻ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു. ഏറ്റവും കുറഞ്ഞ നിരക്കിൽ സാധാരണക്കാർക്ക് ഒരു ലക്ഷം രൂപ വരെ ആനുകൂല്യം ലഭ്യമാവുന്ന ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ മൂന്നാംഘട്ടം ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. ഇതിൽ അംഗമാകുന്നവർക്ക് വളരെ ലളിതമായ രീതിയിൽ ഈ ആനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കാൻ സാധിക്കുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഏകദേശം ഒരു കോടി രൂപയിൽപരം ഇതിനകം ലഭ്യമാക്കുവാൻ ടിഎസ്എസ്എസിന് സാധിച്ചിരിക്കുന്നു.

**മൂന്നാംഘട്ട ആശാകിരണം ഇൻഷൂറൻസ് പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു**

1) അംഗങ്ങളാകുന്ന മുഴുവൻ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് ലഭിക്കുന്നു.
2) 18 വയസ്സ് മുതൽ 65 വയസ്സ് വരെയുള്ളവർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.
3) പതിനായിരത്തിലധികം നെറ്റ്വർക്ക് ആശുപത്രികളിൽ ചികിത്സ ലഭ്യമാകുന്നു.
4) വളരെ ലളിതമായ രീതിയിൽ പൂർണ്ണമായും ക്യാഷ്ലെസ് ഇടപാടുകൾ.
5) ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സദാസമയം ജാഗരൂകരായി പ്രവർത്തിക്കുന്ന സ്റ്റാഫ് അംഗങ്ങൾ.
6) ഒരു സാധാരണ ഇൻഷൂറൻസിൽ എപ്പോഴും ഒഴിവാക്കപ്പെടുന്ന ഗുരുതരമായ ചില രോഗങ്ങളുള്ളവർക്കും (കാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങൾ, etc..) പ്രത്യേക നിബന്ധനകളോടെ ഈ പദ്ധതിയിൽ ചേരാവുന്നതാണ്. 50% വരെ ക്ലെയിം ലഭിക്കുന്നു.
7) ഒരു വ്യക്തിക്ക് ഒരു വർഷം ഒരു അസുഖത്തിനോ, പല അസുഖങ്ങൾക്കോ, ഘട്ടം ഘട്ടമായോ പരമാവധി ഒരു ലക്ഷം രൂപയുടെ

ഇൻഷൂറൻസ് പരിരക്ഷ ലഭിക്കുന്നു.

8) എല്ലാ അസുഖങ്ങൾക്കും രോഗങ്ങൾക്കും കാത്തിരിപ്പ് കാലമില്ലാതെ ഈ പദ്ധതി നടപ്പിൽ വരുമ്പോൾ മുതൽ തന്നെ (ഐഡി കാർഡ് ലഭിക്കുന്ന സമയം മുതൽ) പരിരക്ഷ ലഭിക്കുന്നു.
9) റൂമിന് 1000, ഐസിയുവിന് 2500, മുപ്പത് ദിവസം പ്രീ ഹോസ്പിറ്റലൈസേഷൻ, 60 ദിവസം പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ, തിമിര ശസ്ത്രക്രിയയ്ക്ക് 15000 രൂപ.
10) മറ്റേതൊരു ഇൻഷൂറൻസ് പോളിസികളിൽ നിന്നും വ്യത്യസ്തമായി ഒരംഗത്തിന് വെറും 2260/- രൂപയാണ് ഒരുവർഷത്തെ പോളിസി എടുക്കാൻ ആകെ ചിലവ് വരുന്നത്. ഇതേ പോളിസി വേറെ എവിടെ നിന്നെങ്കിലും എടുക്കുകയാണെങ്കിൽ 9000/- രൂപയോളം ചിലവ് വരുന്നു.

വ്യക്തികളും സംഘടനകളും പാവപ്പെട്ടവർക്കായി ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിലൂടെ 2260/- രൂപ മുടക്കിയാൽ ഒരു ലക്ഷം രൂപവരെ കവറേജ് ലഭിക്കുന്നതുവഴി ഈ നന്മ നിറഞ്ഞ ജീവകാരുണ്യ പ്രവർത്തിയിൽ പങ്കാളികളാകാം. ഇത്രയേറെ ആനുകൂല്യങ്ങൾ മറ്റേതൊരു ഇൻഷൂറൻസ് പദ്ധതികൾ വഴിയും ലഭ്യമാകാത്തിനാലും, ആശാകിരണം ആരോഗ്യ ഇൻഷൂറൻസിന്റെ ഒന്നാംഘട്ടവും രണ്ടാംഘട്ടവും വളരെ പെട്ടെന്നു തന്നെ കംപ്ലീറ്റ് ആയതിനാലും, മൂന്നാംഘട്ടത്തിൽ അംഗങ്ങളാകേണ്ടവർ എത്രയും പെട്ടെന്ന് ഈ പദ്ധതിയിലേക്ക് പേരുകൾ നൽകേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് :** തോമസ് ജോൺ +919496564290

## LAUDATO SI & CLIMATE RESILIENT LIVELIHOODS Training Program

കേരള കാത്തലിക് സർവ്വീസ് ഫോറം (കെഎസ്എസ്എഫ്) വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് സംഘടിപ്പിച്ച ദ്വിദിന LADATO SI & CLIMATE RESILIENT LIVELIHOODS Training Program-ൽ ടിഎസ്എസ്എസ് ടീം അംഗങ്ങൾ പങ്കെടുത്തു. **പ്രകൃതി സംരക്ഷണം നമ്മുടെ കടമ** എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച മീറ്റിംഗിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും, പ്രകൃതിയെ ഏതെല്ലാം മാർഗ്ഗത്തിലൂടെ സംരക്ഷിക്കാമെന്നും, വരും തലമുറകൾക്കുവേണ്ടി പ്രകൃതിയെ അതിന്റെ മനോഹാരിതയും ആരോഗ്യവും ഉറപ്പുവരുത്തി കൈമാറേണ്ടുന്ന ആവശ്യകതയെക്കുറിച്ചും പ്രധാനമായി മീറ്റിംഗിൽ ചർച്ച ചെയ്തു. ടിഎസ്എസ്എസ് റീജിയണൽ ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, ഫാ. ജാൺസൺ വേങ്ങപറമ്പിൽ, പ്രൊജക്ട് ഓഫീസർ തോമസ് ജോൺ, പ്രോഗ്രാം മാനേജർമാരായ വത്സമ്മ, മേഴ്സി, ഉഷ, കർഷക പ്രതിനിധികളായി ജെമിനി, ജോസഫ്, ഷീബ തുടങ്ങിയവർ പങ്കെടുത്തു.

## കാവൽപ്ലസ് പ്രൊജക്ട് ഇന്റർവ്യൂ

വുമൺ & ചൈൽഡ് ഡെവലപ്മെൻറ് ഡിപ്പാർട്ട്മെൻറ് ഗവ. ഓഫ് കേരളയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി കണ്ണൂർ ജില്ലയിൽ ആരംഭിക്കുന്ന കാവൽ പ്ലസ് പ്രൊജക്ടിലേക്ക് അപേക്ഷ ക്ഷണിക്കുകയും ഇന്റർവ്യൂ സംഘടിപ്പിക്കുകയും ചെയ്തു. പ്രൊജക്ട് കോർഡിനേറ്റർ, കേസ് വർക്കേഴ്സ് തുടങ്ങിയ തസ്തികകളിലേക്കാണ് ഒഴിവുകൾ ക്ഷണിച്ചത്. 20 ഓളം പേർ ടിഎസ്എസ്എസ് ഓഫീസിൽവച്ച് നടത്തിയ ഇന്റർവ്യൂ അറ്റൻഡ് ചെയ്തു. ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ രജിഷ, കണ്ണൂർ ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പർ സിസിലി ജെയിംസ് തുടങ്ങിയവർ നേതൃത്വം നൽകി.

## ഓണക്കിറ്റ് വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടുവിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ഓണക്കിറ്റുകളുടെ വിതരണം നടത്തി. നടുവിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് രോഗികൾക്ക് അരിയും പലവ്യഞ്ജനങ്ങളും പച്ചക്കറികളുമടങ്ങിയ 117 കിറ്റുകളാണ് മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും വിതരണം ചെയ്തത്. നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ബേബി ഓടംപള്ളിൽ അധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനകർമ്മം ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവ്വഹിച്ചു. നടുവിൽ ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജോസ് സെബാസ്റ്റ്യൻ, നടുവിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് രേഖ രഞ്ജിത്ത്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സെബാസ്റ്റ്യൻ വിലങ്ങോലിൽ, ബ്ലോക്ക് മെമ്പർ വഹീദ, നടുവിൽ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ ഡോ. കെ.സി. മോഹനൻ, ഹെൽത്ത് ഇൻസ്പെക്ടർ രാധാകൃഷ്ണൻ, നടുവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ. ദിനേശൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജൂലൈ 2021

30 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കാപ്പാട് ബനഡിക്റ്റൈൻ ആബട്ട് ക്ലെമന്റ് എട്ടാനിയെ അരമനയിൽ സ്വീകരിച്ചു.

31 രാവിലെ 10 മണിക്ക് അതിരൂപത കേന്ദ്രത്തിൽ നടന്ന മദർ ഹോം ഭരണസമിതി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 8.30 ന് ഓൺലൈനിലൂടെ നടന്ന എയ്ഞ്ചൽ ഡയാലിസിസ് സെന്റർ അവലോകന മീറ്റിങ്ങിൽ പങ്കെടുത്തു.

### ആഗസ്റ്റ് 2021

01 രാവിലെ 9 മണിക്ക് തലശ്ശേരി മൈനർ സെമിനാരി സന്ദർശിച്ച് ഒന്നാം വർഷക്കാരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് 3 മണിക്ക് മൈനർ സെമിനാരി സ്റ്റാഫ് മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 8.30 ന് ഓൺലൈനിലൂടെ നടന്ന കെ.സി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിലുള്ള പി.എസ്.സി കോച്ചിങ്ങ് ഉദ്ഘാടനം ചെയ്തു.

02 ഓൺലൈനിലൂടെ നടന്ന കെസിബിസി സമ്മേളനത്തിൽ പങ്കെടുത്തു.

3-6 കെസിബിസിയുടെ ആഭിമുഖ്യത്തിൽ ഓൺലൈനിലൂടെ നടന്ന മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

04 രാവിലെ 6.30 ന് വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 110 -ാം ജന്മദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. 8.30 ന് വള്ളോപ്പിള്ളി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്തു. വൈകുന്നേരം 4 മണിക്ക് കെയർ & ഷെയർ ചാരിറ്റബൾ സംഘടനയുടെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായുള്ള മൊബൈൽ ഫോൺ വിതരണം ഉദ്ഘാടനം ചെയ്തു. 6.30 ന് മൈനർ സെമിനാരിയിൽ നടന്ന വിയാനി ഡേ ആഘോഷത്തിൽ പങ്കെടുത്തു.

05 വൈകുന്നേരം 4 മണിക്ക് കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഹയർ സെക്കണ്ടറി സ്കൂൾ മാനേജർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

06 വൈകുന്നേരം 7 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന ഓഡിറ്റർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

07 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6.30 ന് നടന്ന ഫിനാൻസ് കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

09 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

10 രാവിലെ 10 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന ആലോചന സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു.ഉച്ചകഴിഞ്ഞ് 3 മണിക്ക് കരുവഞ്ചാൽ ഹോസ്പിറ്റൽ സന്ദർശിച്ച് നിർമ്മാണ പ്രവർത്തനാവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ചു.

11 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപത കാര്യാലയത്തിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

12 വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

13 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കാര്യാലയത്തിൽസൗത്ത് ഇൻഡ്യൻ ബാങ്ക് ഓഫീസർമാരുമായി കൂടിക്കാഴ്ച നടത്തി.

14 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം 6.30ന് പൊന്ന്യം ലൗക്ക കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

15 രാവിലെ 6.30 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് സെമിനാരിയിലും സാൻ ജോസ് മെട്രോപോളീറ്റൻ സ്കൂളിലും ദേശീയ പതാകയുയർത്തി. തുടർന്ന് ധർമ്മടം പ്രിയദർശിനി സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിലുള്ള സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുത്തു.

16 രാവിലെ 10 മണിക്ക് പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സി. ക്ലെമൻസിയ കാക്കനാട്ട് എസ്.എച്ച് ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു.

17 രാവിലെ 11 മണിക്ക് അതിരൂപത കാര്യാലയത്തിൽ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ നടന്ന കർഷക പ്രതിഷേധ സമരത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു.

18 രാവിലെ വിമലഗിരി പരപ്പ ഇടവകയിൽ സബീന സിസ്റ്റേഴ്സ് പുതിയതായി നിർമ്മിച്ച കോൺവെന്റ് വെഞ്ചരിച്ച് ചാപ്പൽ കൂദാശ ചെയ്തു. വൈകുന്നേരം മാനന്തവാടി ബിഷപ്സ് ഹൗസ് സന്ദർശിച്ചു. 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു.

19 രാവിലെ 10.30 ന് കുളത്തുവയൽ ഇടവകയിൽ ഞറളക്കാട്ട് റിനുവിന്റെ വിവാഹം ആശീർവദിച്ചു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു.

20 രാവിലെ 6.45 ന് വെള്ളരിക്കുണ്ട് ഇടവകയിൽ ബഹു. ജോസഫ് കീച്ചങ്കേരിയച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. 11 മണിക്ക് അതിരൂപതാകാര്യാലയത്തിൽ ഗോവ ഗവർണർ പി.എസ് ശ്രീധരൻ പിള്ളയുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു.

21 രാവിലെ 6.45 ന് സന്ദേശഭവനിൽ വി. ബലിയർപ്പിച്ചു. 10 മണിക്ക് ജർമ്മൻ ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഓണാഘോഷത്തിൽ പങ്കെടുത്തു. ഉച്ചക്ക് അതിരൂപത കേന്ദ്രത്തിലെ ഓണാഘോഷത്തിൽ പങ്കെടുത്തു.

22 രാവിലെ 11 മണിക്ക് നിർമ്മലഗിരി റാണിജയ് സ്കൂളിന്റെ സുവർണ്ണ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകുന്നേരം 5 മണിക്ക് മാനന്തവാടി എഫ്സിസി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു.

23 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിയാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. തുടർന്ന് നടന്ന സ്റ്റാഫ് മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സി. റോസ്ബെല്ല എൻ എസ്സിന്റെ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

24 രാവിലെ 9.30 ന് പെരുമ്പുന്ന അർച്ചന ഹോസ്പിറ്റലിൽ ആരംഭിച്ച ആയുർവേദ വിഭാഗം ഉദ്ഘാടനകർമ്മം നിർവഹിച്ചു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു.

25 രാവിലെ 9.30 ന് ശാന്തിനഗർ ഇടവകയിൽ സൂച്ചി ഫൗണ്ടേഷനും സ്നേഹ ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ച് അതിരൂപത നടത്തുന്ന ഭക്ഷ്യക്കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് മണിക്കടവ് ഇടവക സന്ദർശിച്ചു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു.

◈◈◈◈◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

## ജൂലൈ 2021

05. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭീമനടി ഇടവകയിൽ മേനപ്പാട്ടുപടിക്കൽ തോമസ് അച്ചന്റെ പിതാവ് ജേക്കബ് മേനപ്പാട്ടുപടിക്കലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

23. കണ്ണൂർ രൂപതാംഗമായ മോൺ. ദേവസ്യ ഈരത്തറ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

26. രാവിലെ 10.30 ന് അങ്ങാടിക്കടവ് ഇടവകയിൽ മാപ്പിളപറമ്പിൽ ജെറോമിന്റെയും പുത്തേട്ട് ലിസി മരിയായുടെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് കുന്നോത്ത് ഇടവകയിൽ നിര്യാതയായ ബേബി മാത്യു തുമ്പേപ്പറമ്പിലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29. പാലാവയൽ ഇടവകയിൽ നിര്യാതയായ റോസമ്മ പാലക്കലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

## ഓഗസ്റ്റ് 2021

04. രാവിലെ 6.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 110-ാം ജന്മദിനത്തോടനുബന്ധിച്ചു നടത്തിയ വി. കുർബ്ബാനയിൽ പങ്കെടുത്തു. 8.30 ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന അപ്പച്ചൻ കളരിക്കലിന്റെ പുസ്തക പ്രകാശനത്തിൽ പങ്കെടുത്തു.

06. പേരട്ട ഇടവകയിൽ നിര്യാതനായ ബേബി കളരിക്കൽ സാറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

09. ദ്വാരക നിര്യാതനായ മാത്യു കാട്ടാറത്തച്ചനുവേണ്ടി ദ്വാരക ദൈവാലയത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് മാനന്തവാടി സി. എം. സി. കോൺവെന്റ് സന്ദർശിച്ചു.

13. കമ്പല്ലൂർ ഇടവകയിൽ ഇലഞ്ഞിപ്പറമ്പിലച്ചന്റെ നിര്യാതയായ വല്ല്യമ്മയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 04 മണിക്ക് അങ്ങാടിക്കടവ് ഇടവകയിൽ നിര്യാതയായ ത്രേസ്യാമ്മ നെല്ലിക്കുന്നേലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

15. തലശ്ശേരി മൈനർ സെമിനാരിയിൽ സ്വതന്ത്ര്യദിനത്തോടും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിനോടും അനുബന്ധിച്ചു നടത്തിയ അക്കാദ മിയിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി.

21. രാവിലെ 11 മണിക്ക് കാഞ്ഞിരത്താനം ഇടവകയിൽ വെട്ടിക്കത്തടത്തിൽ സിറിയക്കിന്റെയും ആനക്കല്ലിൽ അമാനഡയുടെയും വിവാഹം ആശീർ വ്വദിച്ചു. വൈകുന്നേരം 7 മണിക്ക് തൃശ്ശൂർ ആർച്ചുബിഷപ് ഹൗസിൽ അഭിവന്ദ്യ പിതാക്കൻമാരെ സന്ദർശിച്ചു.

22. രാവിലെ തിരുവാമ്പാടി ഇടവകയിൽ നിര്യാതനായ ദേവസ്യ കൊട്ടാര ത്തിലിന്റെ ഭവനം സന്ദർശിച്ചു ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

23. പാത്തംപാറ ഇടവകയിൽ സെബാസ്റ്റ്യന്റെയും ലീലാമ്മയുടെയും വിവാ ഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂലൈ 2021

25. രാവിലെ 11 മണിക്ക് നടന്ന വെള്ളരിക്കുണ്ട് ഇടവകയിലെ Grand Parents Day Programme ൽ ഓൺലൈനായി പങ്കെടുത്തു. വൈകുന്നേരം MSMI Kannur Province ന്റെ Ignite Programme ൽ ക്ലാസ്സെടുത്തു. 8.30 ന് വെള്ളരിക്കുണ്ട് ഫൊറോനയിലെ മതബോധനത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ചു. 8.30 സി. എം. ഐ. കാർമ്മൽ പ്രൊവിൻസ് നടത്തിയ വെബിനാറിൽ ക്ലാസ്സെടുത്തു.
26. വൈകുന്നേരം 4 മണിക്ക് കുന്നോത്ത് ഇടവകയിൽ നിര്യാതയായ ബേബി തുമ്പേപ്പറമ്പിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.
27. രാവിലെ 9 മണിക്ക് ചീക്കാട് ഇടവകയിൽവച്ച് ഡീക്കൻ ജോസഫ് കോടക്കനാൽ OSB ക്ക് പുരോഹിത പട്ടം നൽകി. 11 മണിക്ക് KCBC Media Commission Online Meeting ൽ പങ്കെടുത്തു. 12.30 ന് വായാട്ടുപറമ്പ് യു. പി. സ്കൂളിൽ പാവപ്പെട്ട കുട്ടികൾക്ക് മൊബൈൽ ഫോൺ വിതരണം ചെയ്തു. 1.30 ന് വിമൽജ്യോതി എൻജിനിയറിംഗ് കോളേജിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.
28. രാവിലെ 6.30 ന് തലശ്ശേരി എഫ്. സി. സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം 3 മണിക്ക് ഇരിട്ടി YMCA Regional Meeting ൽ അനുഗ്രഹ പ്രഭാഷണം നടത്തി.
29. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.
30. രാവിലെ 8.30 ന് കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കാപ്പാട് ബനഡിക്റ്റൈൻ ആബട്ട് ക്ലെമന്റ് എട്ടാനിയിലുമായി സംവദിച്ചു.

31 രാവിലെ 10 മണിക്ക് അതിരൂപതാകേന്ദ്രത്തിൽവച്ച് മദർഹോം ഭരണസമിതി മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം 8.30 ന് ഓൺലൈനിലൂടെ നടന്ന എയ്ഞ്ചൽ ഡയാലിസിസ് സെന്റർ അവലോകന മീറ്റിങ്ങിൽ പങ്കെടുത്തു.

## ആഗസ്റ്റ് 2021

01 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

വൈകുന്നേരം 8.30 ന് ഓൺലൈനിലൂടെ നടന്ന കെ.സി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിലുള്ള പി.എസ്.സി കോച്ചിങ്ങ് മീറ്റിംഗിൽ പങ്കെടുത്തു.

2. ഓൺലൈനിലൂടെ നടന്ന കെസിബിസി സമ്മേളനത്തിൽ പങ്കെടുത്തു.

3-6 കെസിബിസിയുടെ ആഭിമുഖ്യത്തിൽ ഓൺലൈനിലൂടെ നടന്ന മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

04 രാവിലെ 6.30 ന് വി. ജോൺ മരിയവിയാനിയുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 110-ാം ജന്മദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. 8.30ന് വള്ളോപ്പിള്ളി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്തു.

05 രാവിലെ 10.30ന് ഫാമിലി അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ നടന്ന ഏലീശ്വ ധ്യാനത്തിൽ സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഹയർസെക്കണ്ടറി സ്കൂൾ മാനേജർമാരുടെ യോഗത്തിൽ പങ്കെടുത്തു.

6 പേരട്ട ഇടവകയിൽ നിര്യാതനായ ബേബി കളരിക്കൽ സാറിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കുന്നോത്ത് സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം 7മണിക്ക് അതിരൂപതാകാര്യാലയത്തിൽ നടന്ന ഓഡിറ്റർമാരുടെ യോഗത്തിൽ പങ്കെടുത്തു.

7 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6.30 ന് നടന്ന ഫിനാൻസ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

9 രാവിലെ 9 മണിക്ക് സന്ദേശഭവനിൽ നടന്ന സോഷ്യൽ സർവ്വീസ് സൊസൈറ്റി മീറ്റിംഗിൽ പങ്കെടുത്തു.

10 രാവിലെ 10 മണിക്ക് അതിരൂപതാകാര്യാലയത്തിൽ നടന്ന ആലോചന സമിതിയോഗത്തിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് 3 മണിക്ക് കരുവഞ്ചാൽ ഹോസ്പിറ്റൽ സന്ദർശിച്ച് നിർമ്മാണ പ്രവർത്തനാവലോകന യോഗത്തിൽ പങ്കെടുത്തു.

11 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. രാവിലെ 9 മണിക്ക് സന്ദേശഭവനിൽ നടന്ന സോഷ്യൽ സർവ്വീസ് സൊസൈറ്റി മീറ്റിംഗിൽ പങ്കെടുത്തു. 11 മണിക്ക് ഇൻഫാം ഫൊറോന ഡയറക്ടേർസ് മീറ്റിംഗൽ ഓൺലൈനായി പങ്കെടുത്തു. വൈകുന്നേരം

അതിരൂപതാകാര്യലയത്തിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

13 അങ്ങാടിക്കടവ് ഇടവകയിൽ നിര്യാതയായ ത്രേസ്യാമ്മ നെല്ലിക്കുന്നേലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകാര്യാലയത്തിൽ സൗത്ത് ഇൻഡ്യൻ ബാങ്ക് ഓഫീസർമാരുമായി കൂടിക്കാഴ്ച നടത്തി.

14 രാവിലെ 10 മണിക്ക് കരുവഞ്ചാൽ ഹോസ്പിറ്റലിൽ നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് വായാട്ടുപറമ്പ ഇടവകയിൽ നടന്ന ജോർജ് അർത്തനാക്കുന്നേൽ അനുസ്മരണ യോഗത്തിൽ വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. വൈകുന്നേരം 7 മണിക്ക് കുന്നോത്ത് സെമിനാരിയിൽ നടന്ന അക്കാഡമിയിൽ പങ്കെടുത്തു. രാത്രി 10.30 ന് സൗദീ അറേബ്യയിലെ മതബോധന അദ്ധ്യാപകർക്ക് ഓൺലൈൻ ക്ലാസ്സെടുത്തു.

15 രാവിലെ 6.30 ന് കുന്നോത്ത് സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും ദേശീയ പതാക ഉയർത്തുകയും ചെയ്തു. 9 മണിക്ക് മടമ്പം കോളേജിന്റെ സ്വാതന്ത്ര്യദിന പരിപാടിയിൽ സന്ദേശം നൽകി. തുടർന്ന ഇരിട്ടി ഇടവകയിൽ മദ്യവിരുദ്ധ സമിതിയുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ചെമ്പന്തൊട്ടി YMCA Online Meeting ൽ അനുഗ്രഹ പ്രഭാഷണം നടത്തി. രാത്രി 9 മണിക്ക് ജീസസ് യൂത്ത് അംഗങ്ങൾക്ക് ക്ലാസ്സെടുത്തു.

16 രാവിലെ അതിരൂപതാകേന്ദ്രത്തിൽ AKCC യുടെ നേതൃത്വത്തിൽ നടന്ന കർഷക വിലാപ ദിന പരിപാടിയിൽ പങ്കെടുത്തു. 10 മണിക്ക് നിർമ്മലഗിരി കോളേജിൽ നടന്ന സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

17 രാവിലെ 11 മണിക്ക്അതിരൂപതാകാര്യാലയത്തിൽ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ നടന്ന കർഷക പ്രതിഷേധ സമരത്തിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

18 വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

19 വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

20 രാവിലെ 6.45 ന് കടുമേനി ഇടവകയിൽ ബഹു. ജോസഫ് കീച്ചങ്കേരിയച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

11 മണിക്ക് അതിരൂപതാകാര്യാലയത്തിൽ ഗോവ ഗവർണർ പി.എസ് ശ്രീധരൻ പിള്ളയുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയ്ക്ക് 1 മണിക്ക് ചെമ്പേരി ഇടവകയിൽ നിര്യാതനായ ബഹു. ജോസഫ് തുണ്ടത്തിലച്ച ന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു. രാത്രി 9 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നടന്ന Catechism Governing Body യിൽ അദ്ധ്യക്ഷത വഹിച്ചു.

21 10 മണിക്ക് ജർമ്മൻ ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഓണാഘോ ഷത്തിൽ പങ്കെടുത്തു. ഉച്ചക്ക് അതിരൂപത കേന്ദ്രത്തിലെ ഓണാ ഘോഷത്തിൽ പങ്കെടുത്തു.

22 രാവിലെ പടന്നക്കാട് ബിഷപ്സ് ഹൗസിൽ നടന്ന മീറ്റിംഗിൽ പങ്കെ ടുത്തു. തുടർന്ന് കരുവഞ്ചാൽ വൈദിക മന്ദിരവും ഹോസ്പിറ്റലും സ ന്ദർശിച്ചു. വൈകുന്നേരം ചെമ്പേരി ഇടവകയിൽ പ്ലാറ്റിനം ജൂബിലയോ ടനുബന്ധിച്ച് നിർമ്മിച്ച് മൂന്നാമത്തെ ഭവനം വെഞ്ചിരിച്ചു. തുടർന്ന വി മൽജ്യോതി എൻജിനിയറിംഗ് കോളേജിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

23 വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാകാര്യലയത്തിൽ സി. റോസ്ബെല്ല എൻ എസ്സിന്റെ നാമഹേതുകതിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

24 വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

25 രാവിലെ 9.30 ന് ശാന്തിനഗർ ഇടവകയിൽ സൂച്ചി ഫൗണ്ടേഷനും കമ്മില്ലസ് സന്യാസസഭയുമായി സഹകരിച്ച് അതിരൂപത നടത്തുന്ന ഭക്ഷ്യക്കിറ്റ് വിതരണ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ സഭാ സിനഡിൽ പങ്കെടുത്തു.

◈◈◈◈◈

# Programme of the Auxiliary Bishop

## Mar joseph pamplany

**September 2021**

| | | |
|---|---|---|
| 02 | - | Pulikkurumba |
| 3-12 | - | Budapest, Hungary |
| 12-14 | - | Austria |
| 14-23 | - | Germany |
| 30 | - | Presbyteral Council |

**Secretary to the Auxiliary Bishop**